പഞ്ചായത്ത്‌രാജ്

പുസ്തകം 51 ◆ ലക്കം 10   പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം   ജനുവരി 2012

ഗ്രാമയാത്ര

ഗ്രാമങ്ങളിൽ നവചലനങ്ങൾക്ക് തുടക്കം

കേരളത്തിന്റെ ഗ്രാമങ്ങൾക്ക് ഒരു നവചൈതന്യം പകരാനുള്ള, സ്വാശ്രയ പഞ്ചായത്തുകളുടെ സന്ദേശം ഉൾക്കൊള്ളുന്ന, തനത് ഗ്രാമമുദ്രകളിൽ അവബോധം ഉളവാക്കുന്ന 'ഗ്രാമയാത്ര' എന്ന ഒരു സവിശേഷ പരിപാടിക്ക് 2012 റിപ്പബ്ലിക് ദിനത്തിൽ തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ തുടക്കമിടുകയാണ്.

പഞ്ചായത്ത് രാജ് ജനുവരി 2012

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 ഗ്രാമങ്ങളിൽ നവചലനങ്ങൾക്ക് തുടക്കമിടും
ഡോ. എം.കെ. മുനീർ

8 ഗ്രാമസഭകൾ പ്രാദേശിക ഭരണത്തിന്റെ മാറ്റുരയ്ക്കുന്ന വേദികളാകണം: മുഖ്യമന്ത്രി
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

10 മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ജനപിന്തുണ അനിവാര്യം
ഡോ. ജോർജ്ജ് ചാക്കച്ചേരി

14 മാലിന്യം, സമഗ്ര സമീപനം ആവശ്യം
ഡോ. ആർ.വി.ജി. മേനോൻ

17 പഞ്ചായത്തുകൾക്ക് നാളികേര മേഖലയിൽ ബൃഹത് പദ്ധതി
ടി.കെ. ജോസ് ഐഎഎസ്

20 ഭാരതത്തിന്റെ പരിസ്ഥിതി സംരക്ഷണ നിയമം
ഡോ. ആർ. അജയകുമാർ വർമ്മ

24 പുതുക്കിയ പ്ലാസ്റ്റിക് മാലിന്യ പരിപാലന കൈകാര്യ ചട്ടങ്ങൾ നടപ്പിലാക്കേണ്ടതിന്റെ പ്രസക്തി
എം. ദിലീപ്കുമാർ

28 പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിലെ സാദ്ധ്യതകൾ: പുലാമന്തോൾ മാതൃക
കെ. സിദ്ദിഖ്

30 അടുക്കള വേസ്റ്റ് വളമാക്കാനുള്ള ഒരു പുതിയ രീതി
പി.കെ. ജയസിംഹ

31 പഞ്ചായത്ത് അക്കൗണ്ട്: സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

35 നാദാപുരത്ത് ഗ്രാമസഭാ മെമ്പർമാർക്കുള്ള പരിശീലനത്തിന് തുടക്കമായി
സൂപ്പി നരിക്കാട്ടേരി

36 ജയ് കിസാൻ കർഷക സംസ്കൃതി
മുകുന്ദൻ മഠത്തിൽ

38 ചെല്ലന് പറയാനുള്ളത് മറ്റൊന്ന്...
പി.വി. രാധാകൃഷ്ണൻ

40 കിനാനൂർ - കരിന്തളം തേനൊഴുകും ഗ്രാമം
വീണാറാണി .ആർ

41 നന്ദിപൂർവ്വം (കവിത)
ഭാനുമതി മേനോൻ

42 വാർത്തകൾ വിശേഷങ്ങൾ

കത്തുകൾ

ഇ – ടോയ്‌ലെറ്റ് വ്യാപകമാക്കണം

ഇ–ടോയ്‌ലെറ്റ് – ശുചിത്വമേഖലയിലെ നവീന പരീക്ഷണത്തെപ്പറ്റി ഡിസംബർ ലക്കം പഞ്ചായത്ത്‌രാജ് മാസികയിൽ ഉൾപ്പെടുത്തിയിരുന്ന അജിത് കുമാറിന്റെ ലേഖനം പ്രശംസ അർഹിക്കുന്നു. കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നാണല്ലോ പറയുക. ശുചിത്വമുള്ള ഒരു പൊതുടോയ്‌ലെറ്റ് ഇല്ലാത്ത നാട് ഏതു ദൈവത്തിന്റേതായാലും അംഗീകരിക്കാൻ കഴിയില്ല. വൃത്തിയുള്ള ടോയ്‌ലെറ്റ് ഉപയോഗിക്കാൻ വേണ്ടിമാത്രം ഹോട്ടലുകളിൽ മുറിയെടുക്കേണ്ടിവരുന്ന അവസ്ഥയും കേരളത്തിലുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാന പാതകളിലെല്ലാം ഇ–ടോയ്‌ലെറ്റ് ഏർപ്പെടുത്തിയാൽ ശുചിത്വസുന്ദര കേരളത്തിന് തുടക്കമിടാൻ നമുക്ക് കഴിയും. ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

സുഗതൻ ചുള്ളിയിൽ, കണ്ടശ്ശാങ്കടവ് പി.ഒ.

പ്രത്യേക അനുമോദനം അർഹിക്കുന്നു

ഡിസംബർ ലക്കം പഞ്ചായത്ത് രാജ് ഹോർട്ടിക്കൾച്ചർ സ്പെഷ്യലായി പുറത്തിറക്കിയത് പ്രത്യേക അനുമോദനം അർഹിക്കുന്നു. പഞ്ചായത്ത്–മുനിസിപ്പാലിറ്റി അധികാരികൾ ഇതു വായിച്ചാൽ തീർച്ചയായും ഹോർട്ടി മിഷനുമായി ചേർന്ന് പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ പ്രചോദനം ലഭിക്കും. വിപുലമായ സാമ്പത്തിക സഹായം നൽകാനുള്ള സാദ്ധ്യത മിഷന്റെ പദ്ധതികളിലൂടെ ലഭിക്കും. പഞ്ചായത്തുകൾ ഉല്പാദനത്തിനുള്ള പദ്ധതികളോടൊപ്പം ഉപഭോക്താക്കൾക്ക് നേരിട്ട് വിഭവങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള പരിപാടികൾക്ക് കൂടി ഊന്നൽ നൽകിയാൽ അത് കൂടുതൽ പ്രയോജനകരമായിരിക്കും. കൃഷി, മൃഗസംരക്ഷണം എന്നീ രംഗങ്ങളിൽ നല്ല പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിജയകഥ കൂടി പഞ്ചായത്ത്‌രാജിൽ പ്രസിദ്ധീകരിക്കണം.

ആർ. ഹേലി, *മുൻ കൃഷി ഡയറക്ടർ, ആറ്റിങ്ങൽ, തിരുവനന്തപുരം*

ഗ്രാമലക്ഷ്മി മുദ്രാലയം കല്ലിയൂർ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 1 ന്

തിരുവനന്തപുരത്ത് കല്ലിയൂരിലെ ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 1ന് വൈകുന്നേരം നാലുമണിക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ നിർവഹിക്കും. ഗ്രാമലക്ഷ്മി മുദ്രാലയം അങ്കണത്തിൽ വെച്ച് നടക്കുന്ന ചടങ്ങിൽ ജമീലാപ്രകാശം എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. ഡോ. ശശി തരൂർ എം.പി., തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായർ, പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

ഗ്രാമപഞ്ചായത്തുകളിലൂടെ ഗ്രാമയാത്ര

കേരളത്തിലെ ഗ്രാമങ്ങളുടെ തനത് സംസ്കാരം, ഗ്രാമത്തിന്റേത് മാത്രമായ സാമൂഹ്യമുദ്രകൾ ഇവയ്ക്കൊക്കെ ഒരു പുനർ നിർമ്മിതി അല്ലെങ്കിൽ പുറം ലോകത്തിന് ഒരു അവബോധം ഉണർത്തിയെടുക്കൽ ലക്ഷ്യമിട്ടുകൊണ്ട് 140 നിയമസഭാ മണ്ഡലങ്ങളിലെയും ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നു വീതം വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ട് ഒരു ഗ്രാമയാത്ര നടത്തുന്നതിനും ഈ പരിപാടിയുടെ വിജയകരമായ സംഘാടനത്തിനും തുടർനടത്തിപ്പിനുമായി വിവിധ സമിതികൾ രൂപീകരിക്കുന്നതിന് അനുമതി നൽകിയും സർക്കാർ ഉത്തരവായി.(സ.ഉ.(സാധാ)നം.135/12/തസ്വഭവ. തീയതി: 12–01–2012).

സാമൂഹ്യസുരക്ഷാ പെൻഷൻ നിരക്ക് വർധിപ്പിച്ചു

ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവ (അഗതി) പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ പ്രതിമാസ നിരക്ക് നിലവിലുള്ള 300/– രൂപയിൽ നിന്നും 1–4–2011 മുതൽ 400/– (നാനൂറ്) രൂപയായി വർധിപ്പിച്ചുകൊണ്ട് ഉത്തരവായി. (സ.ഉ. (എം.എസ്) നം. 60/2011/സാക്ഷേവ, തീയതി 13–12–2011).

ആസ്തി രജിസ്റ്റർ ജനുവരി 20നകം തയ്യാറാക്കണം

നിലവിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ജനുവരി 20–നകം പ്രസ്തുത രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഇ–കോപ്പി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കേണ്ടതും വിവരം വകുപ്പുമേധാവികളെ അറിയിക്കേണ്ടതുമാണ്. ജനുവരി 25–നകം ഇതു സംബന്ധിച്ച റിപ്പോർട്ട് വകുപ്പുമേധാവികളും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും സർക്കാരിന് ലഭ്യമാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, സെക്രട്ടറി എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലും കൃത്യമായ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്കായി ആവശ്യമുള്ളപക്ഷം യോഗ്യരായ ഒന്നോ രണ്ടോ പേരെ (ഐ.ടി.ഐ സിവിൽ/സിവിൽ ഡിപ്ലോമ യോഗ്യതയുള്ളവരെ) 400/– രൂപ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് സെക്രട്ടറിമാർക്ക് അനുമതി നൽകിയിട്ടുണ്ട്. (സ.ഉ.(സാധാ) നം. 59/2012/തസ്വഭവ, തീയതി 6–1–2012).

പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2012
പുസ്തകം 51
ലക്കം 10
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ

ജെയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

എഡിറ്ററുടെ പേജ്

ഗ്രാമയാത്ര വിജയിപ്പിക്കണം

കേരളത്തിലെ 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുത്ത ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒന്നു വീതം വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ട് സംസ്ഥാനത്തൊട്ടാകെ നടത്തുന്ന ഗ്രാമയാത്രയ്ക്ക് ഈ റിപ്പബ്ലിക് ദിനത്തിൽ തുടക്കംകുറിക്കുകാണ്. ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ മുഖ്യമന്ത്രി നിർവഹിക്കും.

ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപവൽക്കരിച്ചുവെങ്കിലും വൈവിധ്യമാർന്ന പ്രാദേശിക ചരിത്രങ്ങളും സംസ്ക്കാരങ്ങളും സാമൂഹ്യമുദ്രകളും കൊണ്ട് നമ്മുടെ സംസ്ഥാനം സമ്പന്നമാണ്. വടക്ക് കാസർകോട് ജില്ലയിലെ മഞ്ചേശ്വരം മുതൽ തെക്ക് തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ സഞ്ചരിച്ചാൽ ആചാരാനുഷ്ഠാനങ്ങളിലും ഭാഷാപ്രയോഗത്തിലും ഭക്ഷണരീതിയിലും വേഷവിധാനത്തിലുമെല്ലാം പ്രാദേശികമായി നിലനിൽക്കുന്ന വ്യത്യസ്തതകൾ നമുക്ക് തിരിച്ചറിയാൻ കഴിയും. ഇവ മിക്കതും ഗ്രാമങ്ങളുടെ തനത് സംസ്ക്കാരവും പൈതൃകവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നവയാണ്. കേരളത്തിന്റെ സവിശേഷതയായി തന്നെ ചൂണ്ടിക്കാണിക്കപ്പെടുന്ന നമ്മുടെ ഗ്രാമങ്ങൾ പാരമ്പര്യ അറിവിന്റെയും വിജ്ഞാനത്തിന്റെയും അക്ഷയഖനികളാണ്. ഇവയിൽ ഭൂരിഭാഗവും കാലാന്തരത്തിൽ മൺമറഞ്ഞു കിടക്കുകയോ വേണ്ടവിധം ശ്രദ്ധിക്കപ്പെടാതെയോ പോവുകയാണ്. നമ്മുടെ ഗ്രാമങ്ങളുടെ തനത് സംസ്ക്കാരത്തിനും കലാകായിക സാംസ്ക്കാരിക മുദ്രകൾക്കും ഒരു പുനർ നിർമ്മിതി നമ്മുടെ മുമ്പോട്ടുള്ള വളർച്ചയ്ക്കും വികാസത്തിനും അത്യന്താപേക്ഷിതമാണ്. ഇതു ലക്ഷ്യമാക്കിക്കൊണ്ടാണ് സംസ്ഥാനത്തൊട്ടാകെ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 വിശേഷാൽ ഗ്രാമസഭകൾ ചേർന്നുകൊണ്ട് കേരളത്തിലെ ഗ്രാമങ്ങൾക്ക് പുതുജീവൻ നൽകുന്നതിനായി 'ഗ്രാമയാത്ര' നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനും സംഘാടനത്തിനുമായി സംസ്ഥാന, ജില്ലാ, മണ്ഡലതലത്തിൽ വിപുലമായ കമ്മിറ്റികൾ സർക്കാർ രൂപവത്ക്കരിച്ചിട്ടുണ്ട്. വിശേഷാൽ ഗ്രാമസഭകൾ, ഓരോ ഗ്രാമത്തിലെയും പുഴയോരം, കടലോരം, വൃക്ഷചുവടുകൾ, പൈതൃക സ്ഥലങ്ങൾ തുടങ്ങിയ ഗ്രാമീണ തനിമ നിലനിർത്തുന്ന സ്ഥലത്തും അന്തരീക്ഷത്തിലും ചേരുന്നതാവും ഉചിതം. ഓരോ ഗ്രാമത്തിന്റെയും സവിശേഷതകൾ പ്രതിഫലിക്കുന്ന തരത്തിലാകണം ഗ്രാമസഭകൾ സംഘടിപ്പിക്കേണ്ടത്. ഗ്രാമത്തിന്റെ സവിശേഷ കാർഷികവിള, കാർഷികരീതി, കാർഷികാചാരങ്ങൾ, വിദ്യാഭ്യാസ രംഗം, ഐതിഹ്യങ്ങൾ, സ്ഥാപനങ്ങൾ, നന്മ പുലരുന്ന ഇടങ്ങൾ എന്നിവയൊക്കെ ഉൾചേരുന്ന ഗ്രാമസഭകളിൽ മുഴുവൻ ജനതയുടെയും പ്രാതിനിധ്യം ഉണ്ടായിരിക്കണം. ഗ്രാമങ്ങളിലെ സാംസ്ക്കാരിക പൈതൃകം പേറുന്ന വയോജനങ്ങൾ, സഹനത്യാഗ പാരമ്പര്യമുള്ള രാഷ്ട്രീയ സാമൂഹ്യ നേതാക്കൾ തുടങ്ങിയവരുമായി പുതുതലമുറയ്ക്ക് ആശയ കൈമാറ്റം നടത്താനുള്ള ഇടവും ഗ്രാമസഭകളിലുണ്ടാവണം. ഗ്രാമങ്ങൾക്ക് നവചൈതന്യം പകരുന്ന അവയുടെ സർവതോമുഖമായ വികസനത്തെ സംബന്ധിക്കുന്ന ചർച്ചകൾ ഓരോ ഗ്രാമസഭകളിലും സജീവമായി നടത്തണം.

'കരുതലും വികസനവും' എന്ന സന്ദേശം ഉയർത്തിക്കാട്ടുന്ന ഈ ഗ്രാമസഭകളിൽ ജനങ്ങളുടെ സർഗ്ഗപരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ പ്രാദേശിക ഭരണനേതൃത്വങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. വിവിധ രാഷ്ട്രീയ, സാമൂഹിക പ്രസ്ഥാനങ്ങളെയും ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ടവരെയും പങ്കെടുപ്പിച്ചുകൊണ്ട് പോയകാല നല്ലനാളുകളുടെ സ്മരണ ഉണർത്തി ഓരോ ഗ്രാമത്തിലും വികസനത്തിന്റെ പുതിയ പന്ഥാവ് തുറക്കുന്നതിന് ഈ അവസരം നാം ഓരോരുത്തരും പരമാവധി പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്ത് രാജ്

ഗ്രാമങ്ങളിൽ നവചലനങ്ങൾക്ക് തുടക്കമിടും

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി

കേരളത്തിന്റെ ഗ്രാമങ്ങൾക്ക് ഒരു നവചൈതന്യം പകരാനുള്ള, സ്വാശ്രയ പഞ്ചായത്തുകളുടെ സന്ദേശം ഉൾക്കൊള്ളുന്ന, തനത് ഗ്രാമമുദ്രകളിൽ അവബോധം ഉളവാക്കുന്ന 'ഗ്രാമയാത്ര' എന്ന ഒരു സവിശേഷ പരിപാടിക്ക് 2012 റിപ്പബ്ലിക് ദിനത്തിൽ തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ തുടക്കമിടുകയാണ്.

കേരളത്തിൽ പഞ്ചായത്തുകൾ രൂപവൽക്കൃതമായിട്ട് 2012 ഫെബ്രുവരിയിൽ 50 വർഷം തികയുകയാണ്. കേരളത്തിന്റെ ഗ്രാമങ്ങൾക്ക് ഒരു നവചൈതന്യം പകരാനുള്ള, സ്വാശ്രയ പഞ്ചായത്തുകളുടെ സന്ദേശം ഉൾക്കൊള്ളുന്ന, തനത് ഗ്രാമമുദ്രകളിൽ അവബോധം ഉളവാക്കുന്ന 'ഗ്രാമയാത്ര' എന്ന ഒരു സവിശേഷ പരിപാടിക്ക് 2012 റിപ്പബ്ലിക് ദിനത്തിൽ തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ തുടക്കമിടുകയാണ്.

കേരളത്തിൽ 140 നിയമസഭാ മണ്ഡലങ്ങളിലും ഗ്രാമയാത്രകൾ നടത്തുകയും അതിന്റെ ഭാഗമായി ഗ്രാമങ്ങളിൽ സഭകൾ ചേരണം എന്നും ഉള്ളതാണ് ഒരു പ്രധാന തീരുമാനം. ഇവിടങ്ങളിൽ ചേരുന്ന സഭകൾക്ക് ഗ്രാമങ്ങളിൽ ചേരുന്ന വിശേഷാൽ സഭകൾ എന്ന് മാത്രമേ അർത്ഥമുള്ളൂ. വളരെ വലിയ ഒരു ആശയമാണ് ഈ നിർദ്ദേശത്തിന് പിന്നിലുള്ളത്. നമ്മുടെ ഗ്രാമങ്ങളുടെ തനത് സംസ്കാരം, ഗ്രാമത്തിന്റേതു മാത്രമായ തനിമയും നന്മയും, അവയുടെ തനത് കായിക-കലാസാംസ്കാരിക-രാഷ്ട്രീയ-സാമൂഹ്യ മുദ്രകൾ ഇവയ്ക്കൊക്കെ ഒരു പുനർ നിർമ്മിതി അല്ലെങ്കിൽ പുറം ലോകത്തിന് ഒരു അവബോധം ഉണർത്തിയെടുക്കൽ എന്നിവ ഗ്രാമസഭയുടെ ഒരു ലക്ഷ്യമാകുന്നു.

ഒരു ഗ്രാമത്തിന്റെ സവിശേഷ കാർഷികവിള, കാർഷികരീതി, വിദ്യാഭ്യാസ രംഗം, സാംസ്കാരിക പൈതൃകം പേറുന്ന വയോജനങ്ങൾ, സഹന ത്യാഗ പാരമ്പര്യമുള്ള രാഷ്ട്രീയ സാമൂഹിക നേതാക്കൾ, ഗ്രാമങ്ങളുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, സ്ഥാപനങ്ങൾ, ഗ്രാമ നൻമ പുലരുന്ന ഇടങ്ങൾ, പുലർത്തുന്ന വ്യക്തികൾ ഇവയൊക്കെ ഉൾച്ചേർന്ന ഒരു ബൃഹത്തായ കൂടിച്ചേരൽ ഓരോ ഗ്രാമസഭയിലും ഉണ്ടാകും. സഭകൾ ഗ്രാമത്തിലെ പുഴയോരം, കടലോരം, വൃക്ഷച്ചുവടുകൾ, പൈതൃക മൈതാനങ്ങൾ എന്നിവിടങ്ങളിൽ ചേരാം. ഒരു പഞ്ചായത്തിലെ മുഴുവൻ ജനതയുടെയും പ്രാതിനിധ്യം സഭകൾക്കുണ്ടാവണം. 200-300 ആളുകൾ എങ്കിലും പങ്കെടുക്കണം. ഈ സഭകളിൽ സജീവമായ ചർച്ചകൾ ആ ഗ്രാമത്തെപ്പറ്റി, ഗ്രാമത്തിന്റെ സർവതോമുഖമായ വികസനത്തെപ്പറ്റി ഉണ്ടാവും. ഗ്രാമത്തെ ഉണർത്താനുള്ള ഒരു ശ്രമമായിരിക്കും ഈ സഭകൾ. സംസ്ഥാനം ഒട്ടാകെ ഈ ഗ്രാമയാത്ര ശ്രദ്ധിക്കപ്പെടണം. ഓരോ ഗ്രാമത്തിലും നവചലനങ്ങൾക്ക് ഗ്രാമയാത്ര തുടക്കമിടണം. വിവിധ രാഷ്ട്രീയ-സാമൂഹിക പ്രസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയും പരിപാടിയിൽ ഉൾക്കൊള്ളിക്കണം. ഇതിന് വിവിധ മാധ്യമങ്ങൾ മുഖേന വ്യാപകമായ പ്രചാരണം നൽകേണ്ടതുണ്ട്. റിപ്പബ്ലിക് ദിനമായ ജനുവരി 26 ന് പ്രഥമ ഗ്രാമസഭയുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കും 'കരുതലും വികസനവും' എന്ന സന്ദേശം ഗ്രാമസഭകൾ ഉയർത്തിക്കാട്ടും.

ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി, ജില്ലാതല സമിതികൾ, മണ്ഡലതല സമിതികൾ, എന്നിവ നിലവിൽ വന്നു. സംസ്ഥാനതല സമിതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, കില ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ എന്നിവർ ഉൾപ്പെടുന്നതാണ്.

ജില്ലാതല സമിതികളുടെ രക്ഷാധികാരികൾ ബന്ധപ്പെട്ട എം.പി.മാരായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി വൈസ് ചെയർമാനുമാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കൺവീനറും ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കുടുംബശ്രീ മിഷൻ കോർഡിനേറ്റർ എന്നിവർ മറ്റംഗങ്ങളുമാണ്.

എം.എൽ.എമാർ രക്ഷാധികാരികളായ മണ്ഡല സമിതികളുടെ ചെയർമാൻ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റും വൈസ് ചെയർമാൻ പഞ്ചായത്തിലെ പ്രതിപക്ഷ നേതാവുമാണ്. കൺവീനർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും വാർഡ് മെമ്പർ ജോയിന്റ് കൺവീനറുമായിരിക്കും. പഞ്ചായത്ത് സമിതി അംഗങ്ങൾ, കുടുംബശ്രീ എ.ഡി.എം.സി. മണ്ഡലത്തിലെ ഇതര പഞ്ചായത്ത് അദ്ധ്യക്ഷർ എന്നിവർ അംഗങ്ങളാണ്.

എല്ലാ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ടാണ് ഗ്രാമങ്ങളിൽ സഭകൾ ചേരുക. ഗ്രാമ ഹൃദയത്തിന്റെ ഉൾത്തുടിപ്പുകളിൽ പുളകം കൊള്ളുന്ന ഓരോ കേരളീയന്റെയും സർവാത്മനാ ഉള്ള പിന്തുണ ഈ നൂതന ആശയത്തിന്റെ സഫലീകരണത്തിനായി ഞാൻ അഭ്യർത്ഥിക്കുന്നു.■

ഗ്രാമസഭാ പരിശീലന പരിപാടികളിൽ നിന്ന്

കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ പരിശീലന പരിപാടിയിൽ കൃഷിവകുപ്പു മന്ത്രി കെ.പി. മോഹനൻ പങ്കെടുക്കുന്നു.

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിലെ പരിശീലന പരിപാടി പട്ടികജാതിക്ഷേമ വകുപ്പു മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ പരിശീലന പരിപാടിയിൽ യുവജനക്ഷേമ വകുപ്പു മന്ത്രി പി.കെ. ജയലക്ഷ്മി പങ്കെടുക്കുന്നു.

ചൊക്ലി ഗ്രാമപഞ്ചായത്തിലെ പരിശീലന പരിപാടി നിയമസഭാ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

റിപ്പോർട്ട്

ഗ്രാമസഭകൾ പ്രാദേശിക ഭരണത്തിന്റെ മാറ്റുരയ്ക്കുന്ന വേദികളാകണം

– മുഖ്യമന്ത്രി

ഗ്രാമസഭകൾ വ്യക്തിപരമായ പ്രശ്നപരിഹാരത്തിനും നാടിന്റെ പൊതുവായ വികസനത്തിനും നന്മയ്ക്കും വേണ്ടി ഒന്നിച്ചു പ്രവർത്തിച്ചാൽ ഗ്രാമങ്ങളിൽ വിപ്ലവകരമായ മാറ്റം ഉണ്ടാകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. 2011 നവംബർ 17 ന് പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ സ്വന്തം വാർഡിൽ ഗ്രാമസഭാ പരിശീലനത്തിൽ പഠിതാവായി പങ്കെടുത്ത് ഗ്രാമസഭാ പരിശീലനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമസഭകളുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നതാണ് ത്രിതല പഞ്ചായത്ത് പ്രവർത്തനങ്ങളിലെ ഏറ്റവും പ്രധാന പോരായ്മ. ഗ്രാമസഭകളിൽ പങ്കെടുക്കാൻ ആദ്യകാലങ്ങളിൽ പ്രകടിപ്പിച്ചിരുന്ന താല്പര്യം ജനങ്ങൾ കാണിക്കാത്തത് എന്തുകൊണ്ടാണെന്ന് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ പരിശോധിച്ച് പരിഹാരമുണ്ടാക്കണം. ഗ്രാമസഭകൾ കക്ഷി രാഷ്ട്രീയത്തിന് അതീതമായിരിക്കണം. ഇതിനായി എല്ലാ രാഷ്ട്രീയ പാർട്ടികളും മനസ്സുവെയ്ക്കണം. ഗ്രാമസഭകൾ കാര്യക്ഷമമായാൽ നാടിന് വരുന്ന മാറ്റം പ്രവചനാതീതമാകും. സമൂഹത്തിലെയും കുടുംബങ്ങളിലെയും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദിയായി ഗ്രാമസഭ വികസിക്കണം. ജാതി – മത – കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും ഒന്നിക്കുകയും വികസന സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്ന വിപുലമായ കൂട്ടുകുടുംബമായി ഗ്രാമസഭകൾക്ക് മാറാൻ സാധിക്കണം. അയൽകുടുംബങ്ങളുടെ പ്രശ്നങ്ങൾ ഇപ്പോൾ നമുക്കറിയില്ല. കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള കേരള സമൂഹത്തിന്റെ ഗതി മാറ്റം ഉണ്ടാക്കിയിട്ടുള്ള അനഭിലഷണീയമായ അവസ്ഥയിൽ വലിയൊരളവ് മാറ്റമുണ്ടാക്കാൻ ഇതിലൂടെ സാധിക്കും. ഗ്രാമസഭകളുടെ ഇടപെടലുണ്ടായാൽ പഞ്ചായത്തിന്റെ ഭരണം കാര്യക്ഷമവും സുതാര്യവുമായി മാറും. നിസ്സാര കാരണങ്ങളാൽ വ്യക്തികളും കുടുംബം ഒന്നടങ്കവും ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ കേരളത്തിൽ പെരുകുകയാണ്. കൂട്ടുകുടുംബത്തിൽ ലഭിച്ചിരുന്ന മാനസികവും വൈകാരികവുമായ പിന്തുണയും സഹായവും നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ വിടവ് നികത്താനും സമൂഹത്തിലെ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹാരം കണ്ടെത്താനുമുള്ള വേദിയായി ഗ്രാമസഭകളെ വളർത്തിയെടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പല പദ്ധതികളെക്കുറിച്ചും ജനങ്ങൾക്ക് അറിവില്ല. അതിനാൽ അർഹതപ്പെട്ട പലർക്കും ഇവ ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ഇത്തരം പദ്ധതികളുടെ വിവരങ്ങൾ യഥാസമയം ഗ്രാമസഭയിലൂടെ ജനങ്ങളെ അറിയിക്കാനുള്ള സംവിധാനമുണ്ടാകണം. ദേശീയ കുടുംബക്ഷേമപദ്ധതി ധനസഹായം പതിനായിരത്തിൽ നിന്നും അമ്പതിനായിരമാക്കി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാനും വിലയിരുത്താനും വിമർശിക്കാനും തിരുത്താനുമുള്ള പ്രത്യക്ഷ ജനാധിപത്യ വേദിയായാണ് ഗ്രാമസഭയെ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനെ ഗ്രാമഭരണ- സാമൂഹ്യ-വികസന ചർച്ചകളുടെ വേദിയാക്കി പരിവർത്തനപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ ജനവിശ്വാസവും പിന്തുണയും വർദ്ധിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തവും ഉടമസ്ഥതാബോധവും സൃഷ്ടിക്കുന്നതിനും ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലൂടെ സാധിക്കുന്നതാണ്. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ അന്തിമ ലക്ഷ്യമായ അധികാരം ജനങ്ങൾക്ക് നൽകി അവരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുക എന്നത് സാർത്ഥകമാക്കാൻ ഗ്രാമസഭകൾ സക്രിയവും ഫലപ്രദമാകേണ്ടതുമുണ്ട് എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഗ്രാമസഭ ശാക്തീകരണത്തിന് നിരന്തരമായ പിന്തുണയും സഹായവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുമെന്നും സാമ്പത്തിക പരിമിതികൾ ഇതിന് തടസ്സമാകില്ലെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചു.

രാജ്യത്തുതന്നെ ആദ്യമായിട്ടാണ് ഗ്രാമസഭാ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതെന്നും ഒരു മുഖ്യമന്ത്രി ഇത്തരം പരിശീലനത്തിൽ പങ്കെടുക്കുന്നത് ഇതാദ്യമാണെന്നും ആമുഖാവതരണത്തിൽ കില ഡയറക്ടർ ഡോ. പി. പി. ബാലൻ ചൂണ്ടികാട്ടി. പരിശീലനത്തിനാവശ്യമായ ജില്ല – ബ്ലോക്ക് – ഗ്രാമപഞ്ചായത്തുതല പരിശീലകരുടെ പരിശീലനം ഇതിനകം പൂർത്തിയായി. ബ്ലോക്ക്/മുനിസിപ്പൽതലത്തിൽ 900 പേർക്കും പഞ്ചായത്തുതലത്തിൽ 19000വും വാർഡുതലത്തിൽ 2 ലക്ഷവും പരിശീലകരെ സജ്ജമാക്കിയിട്ടുണ്ട്. ജനുവരി 31 നകം സംസ്ഥാനത്തെ 19255 വാർഡുകളിലും പരിശീലനം പൂർത്തിയാക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്ത് ഏകദേശം 38 ലക്ഷം ഗ്രാമസഭാംഗങ്ങൾ പരിശീലനത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ഡോ. പി.പി. ബാലൻ പറഞ്ഞു.

സംസ്ഥാനത്ത് ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമാക്കുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പും കിലയും ചേർന്നാണ് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും നടക്കുന്ന പരിശീലനത്തിന് നേതൃത്വം നൽകുന്നത്. കേരളത്തിൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി നടക്കുന്ന പരിശീലന പരിപാടിയിൽ സംസ്ഥാനത്തെ നിരവധി മന്ത്രിമാരും നിയമസഭാംഗങ്ങളും മറ്റു ജനപ്രതിനിധികളും പങ്കെടുക്കുന്നുണ്ട്.■

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

പഞ്ചായത്ത് രാജ്

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ പരിശീലന പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പങ്കെടുക്കുന്നു.

കോഴിക്കോട് നഗരസഭയിൽ നടന്ന വാർഡ്സഭാ പരിശീലന പരിപാടിയിൽ പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പങ്കെടുക്കുന്നു.

വിജയപുരം ഗ്രാമപഞ്ചായത്തിലെ പരിശീലന പരിപാടിയിൽ ഗ്രാമവികസന വകുപ്പു മന്ത്രി കെ.സി. ജോസഫ് പങ്കെടുക്കുന്നു.

കേരളത്തിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ജനപിന്തുണ അനിവാര്യം

ഡോ. ജോർജ്ജ് ചാക്കച്ചേരി

ഗ്രാമനഗര മേഖലകളിൽ ഒരുപോലെ ശുചിത്വ പരിപാലനം കൈവരിച്ച കാര്യത്തിൽ ഇതര ഭാരത സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണ്. സംസ്ഥാനത്തെ ഉയർന്ന സാക്ഷരതാ നിരക്ക് ജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. കേരള ജനത ശുചിത്വമുള്ള പരിസരങ്ങളിൽ ജീവിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചുപോരുന്നു. ഗുണമേന്മയേറിയ ജീവിതനിലവാരത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് ശുചിത്വം. അത് മനുഷ്യന്റെ അടിസ്ഥാന അവകാശവും കടമയുമാണ്. അതേ സമയം ശുചിത്വം സ്വന്തം ജീവിതചര്യയുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ആരോഗ്യകരമായ ജീവിതത്തിന് ശുചിത്വബോധം ജനങ്ങളുടെ ഉള്ളിൽ നിന്ന് രൂപപ്പെടേണ്ടതുണ്ട്. ശുചിത്വപരിപാലനത്തിൽ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏഴ് ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. മാലിന്യ വിസർജ്യത്തിന്റെ സുരക്ഷിതമായ നിർമ്മാർജ്ജനം
2. ഖരമാലിന്യ നിർമ്മാർജ്ജനം
3. ദ്രവമാലിന്യ നിർമ്മാർജ്ജനം
4. കുടിവെള്ളം സുരക്ഷിതമായി കൈകാര്യം ചെയ്യൽ
5. ഗൃഹശുചിത്വവും, ആഹാര ശുചിത്വവും
6. വ്യക്തി ശുചിത്വം
7. പൊതു പരിസര ശുചിത്വം

മേൽപ്പറഞ്ഞ പൊതുശുചിത്വ പരിപാലനങ്ങളിൽ പ്രധാനമാണ് ഖരദ്രവമാലിന്യ പരിപാലനം.

സംസ്ഥാനത്തെ സവിശേഷമായ ഭൂപ്രകൃതി, കാലാവസ്ഥ, വർദ്ധിച്ച ജനസാന്ദ്രത, ഉയർന്ന ആളോഹരി മാലിന്യ ഉത്പാദനം, മാലിന്യത്തിന്റെ ഉയർന്ന ഈർപ്പം എന്നിവ ഖരദ്രവ മാലിന്യ പരിപാലനം കൂടുതൽ സങ്കീർണ്ണമാക്കുന്നു.

നിലവിലെ അവസ്ഥ

മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും ജൈവമാലിന്യം അതാതിടങ്ങളിൽ കഴിയുന്നത്ര സംസ്ക്കരിക്കുകയും ചെയ്യുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. ഇതുവഴി മാലിന്യത്തിന്റെ അളവ് കുറയ്ക്കാമെങ്കിലും ശാസ്ത്രീയമായ പൊതുമാലിന്യ സംസ്കരണ സംവിധാനത്തിലൂടെയേ പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടുകയുള്ളൂ.

1994 ലെ കേരള മുൻസിപ്പൽ നിയമവും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും 2000ലെ നഗര-ഖരമാലിന്യ പരിപാലന കൈകാര്യ ചട്ടങ്ങൾ പ്രകാരവും ഖരമാലിന്യം ശേഖരിച്ച് സംസ്കരിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാനുള്ള ചുമതല കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണുള്ളത്. 2011-ലെ കേരള മുൻസിപ്പൽ (രണ്ടാം ഭേദഗതി) ഓർഡിനൻസ് പ്രകാരം ആശുപത്രി, ചന്ത, കോഴിയിറച്ചിക്കട, ഫ്ളാറ്റുകൾ തുടങ്ങിയിടങ്ങളിലെ മാലിന്യം, വിശേഷിച്ച് ജൈവമാലിന്യം അതാതിടങ്ങളിൽ തന്നെ സംസ്കരിക്കാനുള്ള ഉത്തരവാദിത്വം അവയുടെ ഉടമകൾക്കും നടത്തിപ്പുകാർക്കും ആണ്.

കേരളത്തിൽ കോർപ്പറേഷനുകളിലും 50 ശതമാനം മുൻസിപ്പാലിറ്റികളിലും 10 ശതമാനം ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും നിലവിലുണ്ട്. ശാസ്ത്രീയ രീതിയിൽ മാലിന്യം സംസ്കരിക്കപ്പെടാത്തതുകൊണ്ട് ചില കോർപ്പറേഷനുകളിലെയും മുൻസിപ്പാലിറ്റികളിലെയും പ്ലാന്റുകളിൽ നിന്നും ദുർഗന്ധവും മലിനജലവും ഈച്ചശല്യവും ഉള്ളതായി കാണുന്നു.

തദ്ദേശവാസികളുടെ എതിർപ്പുമൂലം മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നു. (ഉദാഹരണം : തിരുവനന്തപുരം നഗരത്തിന്റെ മാലിന്യ സംസ്കരണ കേന്ദ്രമായ വിളപ്പിൽശാല).

നിലവിലുള്ള സംസ്കരണ പ്ലാന്റുകളുടെ പോരായ്മമൂലം ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ എതിർപ്പുമായി ജനങ്ങൾ മുന്നോട്ടു വരുന്നു.

ആധുനിക സംസ്കരണ രീതിയിലേക്ക് പോകുമ്പോൾ

തിരുവനന്തപുരത്തെ വിളപ്പിൽശാല പോലെയുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ അനുവർത്തിച്ചുവരുന്നത് ഓരോ ദിവസവും എത്തിച്ചേരുന്ന മാലിന്യങ്ങൾ ഒരു മാസത്തിലേറെ കൂട്ടിയിട്ട് സ്വാഭാവികമായ രീതിയിൽ കമ്പോസ്റ്റാക്കി മാറ്റുന്ന രീതിയാണ്. വളരെയേറെ സ്ഥലം ആവശ്യമുള്ളതും പരിസ്ഥിതി പ്രശ്നങ്ങളായ ദുർഗ്ഗന്ധം, മലിനജലം എന്നിവ ഉണ്ടാകുന്നതുമായ ഈ രീതി പരിസ്ഥിതി പ്രശ്നങ്ങളെ പരമാവധി കുറച്ചുകൊണ്ടുവരാൻ പ്രാപ്തമായ സാങ്കേതിക രീതികൾ കൂടി ഉൾച്ചേർത്ത് ആധുനികവത്കരിക്കേണ്ടതുണ്ട്.

നമ്മുടെ മാലിന്യത്തിൽ ഈർപ്പത്തിന്റെ അളവ് വളരെ കൂടുതലാണ്, 50-70 ശതമാനത്തോളം വരും. ഉയർന്ന തോതിലുള്ള ജൈവമാലിന്യം കൂട്ടിയിട്ട് സംസ്കരിക്കുമ്പോൾ അവയിലെ അധികരിച്ച ജലാംശം മൂലം മുഴുവൻ മാലിന്യവും സംസ്കരിക്കപ്പെടുവാൻ കഴിയാതെ വരുന്നുണ്ട്. അതിനാൽ മലിനീകരണം ഉണ്ടാകാത്തതും കുറഞ്ഞ സ്ഥലം ആവശ്യമുള്ളതുമായ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള പ്ലാന്റുകൾ കേരളത്തിൽ സ്ഥാപിക്കുന്നത് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനിവാര്യമാണ്.

പൈറോലിസിസ് പ്ലാന്റ്

അന്നന്നുണ്ടാകുന്ന മാലിന്യം അന്നന്നു തന്നെ സംസ്കരിക്കുവാൻ പറ്റിയാൽ അതിലൂടെ വൈദ്യുതിയും ഗ്യാസും ഉണ്ടാക്കാനാകും. ആധുനിക നഗരങ്ങളിൽ ഒട്ടുമിക്കതിലും ജനവാസമുള്ളിടങ്ങളിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള അത്തരം പ്ലാന്റുകൾ ഉണ്ട്. അത്തരം വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് കേരളത്തിന് അനുയോജ്യമായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾക്കായി സംസ്ഥാന ശുചിത്വമിഷൻ അന്വേഷണം നടത്തി. പ്രൊഫ. ആർ.വി.ജി. മേനോന്റെ നേതൃത്വത്തിൽ ഏഴംഗ വിദഗ്ദ്ധ സമിതി അനുയോജ്യമെന്നു കണ്ട സാങ്കേതിക വിദ്യകളുടെയും ടെക്നോളജി പ്രൊവൈഡർമാരുടെയും ചുരുക്കപ്പട്ടിക തയ്യാറാക്കി.

ദുർഗ്ഗന്ധമോ മലിനജലമോ ഉണ്ടാക്കാത്തവയും മാലിന്യം കൂട്ടിയിടേണ്ട ആവശ്യമില്ലാത്തവയും വ്യവസായശാല

അമേരിക്ക, ഇറ്റലി, ജർമ്മനി, സിംഗപ്പൂർ, ചൈന, നെതർലാന്റ് എന്നീ രാജ്യങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യകളും ഇവിടങ്ങളിലെ പ്ലാന്റുകൾ നിർമ്മിച്ചും പ്രവർത്തിപ്പിച്ചും പരിചയമുള്ള ടെക്നോളജി പ്രൊവൈഡർമാരുമാണ് ppp അടിസ്ഥാനത്തിൽ കേരളത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് നിലവിലുള്ള പ്രശ്നം സങ്കീർണ്ണമായ സ്ഥിതിയിൽ നിന്നും ആധുനിക രീതിയിലേക്ക് പോകാൻ സമയവും ജനങ്ങളുടെ പൂർണ്ണമായ പിന്തുണയും അനുപേക്ഷണീയമാണ്. അല്ലാതെ രൂക്ഷമായ ഈ സാമൂഹ്യപ്രശ്നത്തെ മറികടക്കുവാൻ നമുക്ക് സാധ്യമല്ല.

കൾ പോലെ പ്രവർത്തിപ്പിക്കാവുന്നവയും പരിസ്ഥിതി സൗഹൃദവുമായവയുമായ, കേരളത്തിന് അനുയോജ്യമെന്നു കണ്ടെത്തിയ മാർഗ്ഗങ്ങൾ:

- ➢ ജൈവമാലിന്യ സംസ്കരണത്തിനായി നവീന രീതിയിലുള്ള കമ്പോസ്റ്റിംഗ് സംവിധാനവും നവീന രീതിയിലുള്ള ബയോമീതനേഷൻ, പൈറോളിസിസ്സ്/ഗ്യാസിഫിക്കേഷൻ സംവിധാനവും ഉൾപ്പടുന്ന സമഗ്രസംസ്കരണ രീതി.
- ➢ നവീന ബയോമെതനേഷൻ (പ്ലാസ്റ്റിക്, ലോഹങ്ങൾ, നിർമ്മാണാവശിഷ്ടം ഒഴികെയുള്ളത് സംസ്കരിക്കുവാൻ).
- ➢ പൈറോളിസിസ്സ്/ഗ്യാസിഫിക്കേഷൻ

25–35 ടൺ മാലിന്യം പ്രതിദിനം സംസ്കരിക്കാവുന്ന ഇത്തരത്തിലുള്ള നവീന പ്ലാന്റുകൾ തിരുവനന്തപുരം നഗരത്തിൽ കുറഞ്ഞത് 4 സ്ഥലങ്ങളിലെങ്കിലും, അവിടവിടങ്ങളിലെ മാലിന്യം സംസ്കരിക്കുന്നതിന് ppp അടിസ്ഥാനത്തിൽ സ്ഥാപിക്കാനാണ് നടപടി എടുത്തു വരുന്നത്. അതിനായുള്ള ശ്രമങ്ങൾ തിരുവനന്തപുരം നഗരസഭയുമായി ചേർന്നുകൊണ്ട് നടന്നു വരുന്നു.

അമേരിക്ക, ഇറ്റലി, ജർമ്മനി, സിംഗപ്പൂർ, ചൈന, നെതർലാന്റ് എന്നീ രാജ്യങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യകളും ഇവിടങ്ങളിലെ പ്ലാന്റുകൾ നിർമ്മിച്ചും പ്രവർത്തിപ്പിച്ചും പരിചയമുള്ള ടെക്നോളജി പ്രൊവൈഡർമാരുമാണ് ppp അടിസ്ഥാനത്തിൽ കേരളത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

അതുകൊണ്ട് നിലവിലുള്ള പ്രശ്നം സങ്കീർണ്ണമായ സ്ഥിതിയിൽ നിന്നും ആധുനിക രീതിയിലേക്ക് പോകാൻ സമയവും ജനങ്ങളുടെ പൂർണ്ണമായ പിന്തുണയും അനുപേക്ഷണീയമാണ്. അല്ലാതെ രൂക്ഷമായ ഈ സാമൂഹ്യപ്രശ്നത്തെ മറികടക്കുവാൻ നമുക്ക് സാധ്യമല്ല.

സർക്കാർ ഇടപെടലുകൾ

- ➢ നഗരസഭകളിലെ മാലിന്യ സംസ്കരണത്തിനായി നിലവിലുള്ള പ്ലാന്റുകൾ വിപുലീകരിക്കുന്നതിനും പ്ലാന്റ് ഇല്ലാത്ത നഗരസഭകളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പൂർണ്ണമായ സാമ്പത്തിക സഹായം.
- ➢ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് 75 ശതമാനം വരെ സാമ്പത്തിക സഹായം (പരമാവധി 35 ലക്ഷം രൂപ) കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം വഴി.
- ➢ മാലിന്യസംസ്കരണത്തിന് അനുയോജ്യമായ നവീന മാർഗ്ഗങ്ങൾ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാൻ ശ്രമം.
- ➢ മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാനുള്ള സാങ്കേതിക സഹായം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ശുചിത്വമിഷൻ വഴി.
- ➢ ഉറവിട മാലിന്യ സംസ്കരണത്തിനായി 75 ശതമാനം സബ്സിഡി. ബയോഗ്യാസ് പ്ലാന്റുകൾക്ക് പരമാവധി 5000/- രൂപ സബ്സിഡി.
- ➢ ഫ്ളാറ്റുകൾ, വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രി, കോഴിക്കട, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നിർബന്ധമാക്കി ഓർഡിനൻസ്.
- ➢ പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം നിയന്ത്രിക്കാനും 40 മൈക്രോണിൽ താഴെയുള്ളവ നിരോധിക്കുവാനും അതിനുമുകളിലുള്ളവയ്ക്ക് വില നിശ്ചയിക്കുവാനും അവയുടെ ശേഖരണം ഫലപ്രദമാക്കാനും നിയമ നിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ.
- ➢ അശാസ്ത്രീയ രീതിയിൽ മാലിന്യ സംസ്കരണം മൂലം ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ ഒരു വർഷത്തെ ശുചിത്വ വർഷം കർമ്മ പരിപാടി.

മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും ജൈവ മാലിന്യം അതാതിടങ്ങളിൽ കഴിയുന്നത്ര സംസ്ക്കരിക്കുകയും ചെയ്യുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. ഇതുവഴി മാലിന്യത്തിന്റെ അളവ് കുറയ്ക്കാമെങ്കിലും ശാസ്ത്രീയമായ പൊതുമാലിന്യ സംസ്കരണ സംവിധാനത്തിലൂടെയേ പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടുകയുള്ളൂ.

മാലിന്യമുക്ത കേരളത്തിനായി ശുചിത്വ മിഷൻ

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനു വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി നടപ്പിലാക്കി വന്നിരുന്ന ഏജൻസിയായ കേരള ടോട്ടൽ സാനിട്ടേഷൻ ആന്റ് ഹെൽത്ത് മിഷനും സംസ്ഥാന സർക്കാരിന്റെ ഖരമാലിന്യ പരിപാലന പരിപാടികൾക്ക് നേതൃത്വം നൽകിവന്നിരുന്ന ഏജൻസിയായ ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് കൊണ്ട് 2008 ലാണ് ശുചിത്വ മിഷൻ രൂപീകരിച്ചത്. ശുചിത്വ അനുശീലനങ്ങളായ ഖര-ദ്രവമാലിന്യ പരിപാലനം, മനുഷ്യവിസർജ്ജ്യ നിർമ്മാർജ്ജനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത-സാമൂഹ്യ-സ്ഥാപന ശുചിത്വം, പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക എന്നതാണ് ശുചിത്വമിഷന്റെ ഉദ്ദേശം. താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് മിഷൻ നടപ്പിൽ വരുത്തുന്നത്.

1. ഖര ദ്രവ മാലിന്യ സംസ്കരണത്തിന് തദ്ദേശീയമാർഗ്ഗങ്ങളോടൊപ്പം നൂതന മാർഗ്ഗങ്ങൾ കണ്ടെത്തുകയും പ്രചരിപ്പിക്കുകയും ചെയ്യൽ.
2. ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധ ഉപദേശം നൽകൽ.
3. ബൃഹത്തായ ഖരദ്രവ മാലിന്യ സംസ്ക്കരണ ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകൽ.
4. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗര പ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നൽകൽ.
5. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി/ വകുപ്പുകളുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ.
6. ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യുവേഷനും റിപ്പോർട്ടിംഗും.
7. വിപുലമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വ ബോധം സൃഷ്ടിക്കുകയും ആരോഗ്യകരമായ പരിസരം വീടുകളിലും തൊഴിലിടങ്ങളിലും പൊതുവിടങ്ങളിലും ഉറപ്പു വരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തൽ.■

ലേഖകൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്

നിലവിലുള്ള പദ്ധതികൾ/പരിപാടികൾ

ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന പ്ലാന്റുകളുടെ പുനരുദ്ധീകരണം/അറ്റകുറ്റപ്പണികൾ/ശേഷി വർദ്ധിപ്പിക്കൽ, അറവുശാലകളിലെ മാലിന്യ സംസ്കരണം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി അടങ്കലിലെ തുക അല്ലെങ്കിൽ 35 ലക്ഷം രൂപ വരെ സഹായം);

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള നിക്ഷേപണ സ്ഥലത്ത് കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി മറവുചെയ്യൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി അടങ്കലിലെ 50% തുക അല്ലെങ്കിൽ 20 ലക്ഷം രൂപ വരെ സഹായം);

അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്കുകൾ, കുപ്പികൾ, തുകൽ, എന്നിവയുടെയും ചിരട്ട, തൊണ്ട്, ഓല തുടങ്ങിയവയുടെയും പുനരുപയോഗവും പുന:ചംക്രമണവും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുവാൻ പദ്ധതി ചെലവിന്റെ 50% തുക അല്ലെങ്കിൽ 15 ലക്ഷം രൂപ വരെ സഹായം);

ദ്രവ മാലിന്യ പ്രശ്നങ്ങൾ രൂക്ഷമായ പ്രദേശങ്ങളിൽ മാതൃകാ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ (പദ്ധതി തുകയുടെ 50% തുകയോ പദ്ധതി നടപ്പിലാക്കുന്നത് സ്ഥാപനങ്ങളാണെങ്കിൽ പരമാവധി 30 ലക്ഷം രൂപയോ സഹായം).

പൊതുശുചിത്വ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭകളിൽ സ്ത്രീകൾക്ക് രാത്രികാലങ്ങളിലും ഉപയോഗിക്കാൻ കഴിയുന്നവിധം വനിതാ വിശ്രമ ശുചിത്വ സമുച്ചയം നിർമ്മിക്കുക (നഗരസഭകൾക്ക് 7.5 ലക്ഷം രൂപ സഹായം);

നഗരസഭകളിലെ പ്രധാന റോഡുകളോടു ചേർന്ന് ടോയ്‌ലറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുക (നഗരസഭകൾക്ക് 2 ലക്ഷം രൂപ സഹായം).

മാലിന്യമുക്ത കേരളം കർമ്മ പദ്ധതിയുടെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ യജ്ഞം, പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണം, പൊതു സ്ഥാപന ശുചിത്വം എന്നിവയുടെ പ്രചരണ പരിപാടി;

മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, അംഗനവാടികൾ, ആശുപത്രികൾ, പൊതുസ്ഥാപനങ്ങൾ എന്നിവയ്ക്ക് മാലിന്യമുക്ത കേരളം അവാർഡ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ കക്കൂസുകൾ നിർമ്മിക്കുക, വിദ്യാലയങ്ങളിലും അംഗനവാടികളിലും ശുചിത്വ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജലജന്യ രോഗങ്ങളുടെ വ്യാപനം കുറയ്ക്കുക;

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ പദ്ധതിയുടെ ഭാഗമായി നഗര പ്രദേശങ്ങളിൽ അശാസ്ത്രീയമായ കക്കൂസ് ഉപയോഗിക്കുന്ന കുടുംബങ്ങൾക്ക് വാട്ടർ സീലുള്ള കക്കൂസുകൾ നൽകുക.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ആശുപത്രികളിലും കല്യാണമണ്ഡപങ്ങളിലും ചന്തകളിലും ഉണ്ടാകുന്ന ഖരമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ സംസ്കരിക്കാനുള്ള പ്രേരണയും പ്രോത്സാഹനവും നൽകുക (ഇതിന്റെ ഭാഗമായി വെർമി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള സംവിധാനങ്ങൾക്ക് നിലവിൽ നൽകിവരുന്ന 50% സബ്സിഡി എന്നത് ഉയർത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ ഒന്നോ അതിൽ കൂടുതൽ വാർഡുകളോ മാലിന്യമുക്ത വാർഡുകളാക്കി മാറ്റുന്നതിന് ഇത്തരത്തിലുള്ള സംവിധാനം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കാനാണ് പ്രോത്സാഹനം നൽകുന്നത്).

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനു വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ശുചിത്വ അനുശീലനങ്ങളായ ഖര–ദ്രവമാലിന്യ പരിപാലനം, മനുഷ്യവിസർജ്ജ്യ നിർമ്മാർജ്ജനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത–സാമൂഹ്യ–സ്ഥാപന ശുചിത്വം, പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക എന്നതാണ് ശുചിത്വമിഷന്റെ ഉദ്ദേശം.

മാലിന്യം സമഗ്ര സമീപനം ആവശ്യം

ഡോ. ആർ.വി.ജി. മേനോൻ

നഗരമാലിന്യ സംസ്കരണം ലോകമെങ്ങും തന്നെ ഒരു വെല്ലുവിളിയാണ്. അത്യന്താധുനിക സാങ്കേതിക വിദ്യയുടെ പറുദീസയായ അമേരിക്കയിലെ ന്യൂയോർക്ക് നഗരത്തിൽ നിന്നുള്ള മാലിന്യങ്ങൾ ബാർജുകളിൽ കയറ്റി സ്റ്റാച്യു ഓഫ് ലിബർട്ടിയും കടന്ന് ആഴക്കടലിൽകൊണ്ടു തള്ളിയിരുന്ന കാലം വിദൂരമല്ല. അത് കുഴപ്പമാണെന്ന് തിരിച്ചറിഞ്ഞതോടെ അവർ അത് നഗരപ്രാന്തത്തുള്ള സ്റ്റാറ്റൻ ഐലൻഡിൽ കുഴിച്ചുമൂടി തുടങ്ങി. അതോടൊപ്പം തന്നെ കുറെ മാലിന്യങ്ങൾ കത്തിച്ചു ഊർജ്ജം വീണ്ടെടുക്കുന്ന പരിപാടിയും അവിടെ ഉണ്ടായിരുന്നു. ആ ഇൻസിനരേറ്ററുകൾ പ്രാകൃത സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവയും കരിയും പുകയും വിഷവാതകങ്ങളും വമിക്കുന്നവയും ആയിരുന്നതുകൊണ്ട് അവയ്ക്കെതിരെ ജനരോഷം ഇരമ്പി. പലതും പൂട്ടി. കുഴിച്ചുമൂടുന്ന സ്ഥലത്തും ജനവാസം കൂടിയതോടെ അതിനെതിരെയും പ്രതിഷേധം ഉണ്ടായി. ഒടുവിൽ അതും പൂട്ടാൻ തീരുമാനമായി. പക്ഷേ സ്ഥലത്തിനു പഞ്ഞമില്ലാത്ത അമേരിക്കയിൽ പല സംസ്ഥാനങ്ങളിലും സ്വകാര്യ ഏജൻസികൾ ചവറു കുഴിച്ചുമൂടാനുള്ള 'ലാൻഡ് ഫിൽ' സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ട്.

ലോകത്തെല്ലാം തന്നെ നഗര മാലിന്യ സംസ്കരണം ഒരു വലിയ വെല്ലുവിളി തന്നെയാണ്. പലയിടത്തും അത് ഒരു വലിയ പ്രശ്നം ആകാത്തത് അവർക്ക് ചവറു കൊണ്ടു തള്ളാനോ കുഴിച്ചു മൂടാനോ ഇഷ്ടംപോലെ സ്ഥലം ഉള്ളതുകൊണ്ട് മാത്രമാണ്.

ഇപ്പോൾ ന്യൂയോർക്ക് നഗരത്തിൽ നിന്ന് പ്രതിദിനം പതിനായിരം ടണ്ണിലേറെ മാലിന്യങ്ങൾ ട്രക്കുകളിൽ കയറ്റി നൂറു കണക്കിന് കിലോമീറ്റർ ഓടിച്ചു ഒഹായോ, വെർജീനിയ, നോർത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിലെ ലാൻഡ് ഫിൽ സങ്കേതങ്ങളിൽ എത്തിക്കുകയാണ്. നഗരത്തിൽ തന്നെ പുതിയ താപ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതായിരിക്കും ഇതിനേക്കാൾ ലാഭവും പ്രകൃതി സൗഹൃദപരവും എന്ന് കൊളംബിയ സർവ്വകലാശാലയിലെ പാരിസ്ഥിതിക വിദഗ്ധ സംഘം ശുപാർശ ചെയ്തിട്ടുണ്ട്. പഴയമട്ടിലുള്ള, കരിയും പുകയും വിഷ വാതകങ്ങളും വമിക്കുന്ന ഇൻസിനരേറ്ററുകൾ ലഭ്യമാണ് എങ്കിലും ജനങ്ങൾക്കു ഇൻസിനരേറ്റർ എന്നു കേട്ടാൽ ഇപ്പോഴും ഹാലിളകും. അതുകൊണ്ട് രാഷ്ട്രീയ നേതാക്കൾക്കും അതു നടപ്പാക്കാൻ ഉത്സാഹമില്ല. ലാൻഡ് ഫിൽ സംവിധാനങ്ങൾ അവയുടെ ഉടമകൾക്ക് വൻ ലാഭം കൊയ്യാനുള്ള അവസരം ഒരുക്കുന്നതുകൊണ്ട് ഇൻസിനരേറ്റർ വിരുദ്ധ പ്രചാരണത്തിൽ അവരുടെ കൈയ്യുണ്ടെന്ന ആരോപണവുമുണ്ട്.

ലോകത്തെല്ലാം തന്നെ നഗര മാലിന്യ സംസ്കരണം ഒരു വലിയ വെല്ലുവിളി തന്നെയാണ്. പലയിടത്തും അത് ഒരു വലിയ പ്രശ്നം ആകാത്തത് അവർക്ക് ചവറുകൊണ്ടു തള്ളാനോ കുഴിച്ചുമൂടാനോ ഇഷ്ടംപോലെ സ്ഥലം ഉള്ളതുകൊണ്ട് മാത്രമാണ്.

എന്നാൽ യൂറോപ്പിലെ സ്ഥിതി വ്യത്യസ്തമാണ്. ഉദാഹരണമായി ഡെൻമാർക്കിലെ ഹോർഷോം (Horsholm) നഗരത്തിന്റെ കാര്യം എടുക്കാം. അവിടെ ഏറ്റവും സമ്പന്നരായ ആളുകൾ താമസിക്കുന്ന പ്രദേശത്തു തന്നെയാണ് നഗരമാലിന്യങ്ങൾ കത്തിച്ചു വൈദ്യുതി ഉണ്ടാക്കുന്ന താപ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. ആളുകൾക്കു ഒരു പരാതിയുമില്ല. (തീരെ ഇല്ലെന്ന് പറഞ്ഞുകൂടാ. പ്ലാന്റിനു മുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വിളക്കിന്റെ കടുത്ത വെളിച്ചം തങ്ങളുടെ കിടപ്പുമുറിയിൽ അടിക്കുന്നു എന്നൊരു പരാതി അടുത്തകാലത്ത് വന്നത്രെ) കർശനമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളോടെയാണ് പ്ലാന്റു പ്രവർത്തിക്കുന്നത്. നഗരത്തിന്റെ വൈദ്യുതി ആവശ്യത്തിൽ 20% വും താപ ആവശ്യത്തിൽ (കടുത്ത തണുപ്പുള്ള പ്രദേശമാകയാൽ എല്ലാ വീടുകൾക്കും ഹീറ്റിംഗ് കൂടിയേ തീരൂ) 80% വും പ്ലാന്റാണ് നിർവഹിക്കുന്നത്. 'മാലിന്യത്തിൽ നിന്ന് ഊർജ്ജം' എന്ന സൂത്രവാക്യം യൂറോപ്പിൽ വളരെ പ്രചാരം നേടിയിരിക്കുന്നു. ഏതാണ്ട് 55 ലക്ഷം ജനസംഖ്യയുള്ള ഡെൻമാർക്കിൽ ഇത്തരം 29 പ്ലാന്റുകൾ പ്രവർത്തിക്കുന്നു. വേറെ പത്തെണ്ണം പണിയിലാണ്. യൂറോപ്പിലാകെ നാന്നൂറോളം എണ്ണം പ്രവർത്തനത്തിലുണ്ട്. ചവറു കത്തിക്കുമ്പോഴുണ്ടാകുന്ന വിഷവാതകങ്ങളും കരിയും പുകയും ഒക്കെ വേർതിരിച്ചു ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളോടു കൂടിയ ആധുനിക പ്ലാന്റുകൾ പഴയപോലെ പ്രതിഷേധം ക്ഷണിച്ചുവരുത്തുന്നില്ല.

എന്നാൽ പരിസ്ഥിതി സംഘടനകൾക്ക് മറ്റൊരു ആശങ്ക ഉണ്ട്. 'മാലിന്യത്തിൽ നിന്ന് ഊർജ്ജം' എന്ന മുദ്രാവാക്യം മുമ്പോട്ടു വയ്ക്കുന്നതോടെ മാലിന്യം ഒരു സ്രോതസ് (Resource) ആയി മാറുന്നു. പിന്നെ അത് കുറയ്ക്കാനോ, ഉപയോഗിച്ച വസ്തുക്കൾ പുനരുപയോഗിക്കാനോ ഉള്ള പ്രേരണ ഇല്ലാതാകില്ലേ? നേരെ മറിച്ച് 'കൂടുതൽ വേസ്റ്റ്' എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന പരിസ്ഥിതി സംഘടനകൾക്ക് ഇത് സ്വീകാര്യമല്ല. പക്ഷേ ഡെൻമാർക്കിന്റെ അനുഭവം ആ ആശങ്കയ്ക്കും അടിസ്ഥാനം ഇല്ല എന്നു തെളിയിക്കുന്നു. ഉദാഹരണമായി ഹോർഷാമിലെ മൊത്തം മാലിന്യങ്ങളുടെ അറുപതു ശതമാനത്തിലേറെയും പുനരുപയോഗത്തിനാണ് പോകുന്നത് (recycling). 34% മാത്രമാണ് ഊർജ്ജോത്പാദനത്തിന് എത്തുന്നത്. അപകടകരമായ വസ്തുക്കൾ വേർതിരിച്ച് എടുക്കുന്നതാണ് ബാക്കി. അവ വേണ്ടത്ര സന്നാഹങ്ങളുള്ള ലാൻഡ് ഫില്ലുകളിൽ സൂക്ഷിക്കുന്നു.

കേരളത്തിലെ മാലിന്യ സംസ്കരണത്തിന് 'ആധുനിക സാങ്കേതിക വിദ്യ' വേണമെന്ന് പറയുന്നത് കുറച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. അതിനർത്ഥം മുകളിൽ സൂചിപ്പിച്ചതുപോലുള്ള താപ സംസ്കരണ പ്ലാന്റുകൾ വ്യാപകമായി സ്ഥാപിക്കുകയാണോ? അങ്ങനെയാണ് പലരും ധരിച്ചിരിക്കുന്നത്. പക്ഷേ കേരളത്തിലെ മാലിന്യങ്ങളുടെ സ്വഭാവവും കാലാവസ്ഥയും വ്യത്യസ്തം ആണല്ലോ. കേരളത്തിലെ സ്ഥലദൗർലഭ്യവും നീണ്ട മഴക്കാലങ്ങളും ചവറിലെ ഉയർന്ന ജൈവഘടകങ്ങളും വർധിച്ച ഈർപ്പവും പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. പടിഞ്ഞാറൻ രാജ്യങ്ങളിലതിനെക്കാൾ നമ്മുടെ നഗര മാലിന്യങ്ങളിൽ ഭക്ഷ്യ അവശിഷ്ടങ്ങളും മറ്റു ജൈവ വസ്തുക്കളും കൂടുതൽ ഉണ്ടാകും. നനവും കൂടുതലാണ്. അതിനാൽ നമ്മുടെ നഗര മാലിന്യങ്ങളുടെ താപ സംസ്കരണം ഫലപ്രദമാവില്ല. കുറെ നാൾ മുമ്പ് ദില്ലിയിൽ അതിനായി നടത്തിയ ശ്രമം ദയനീയ പരാജയമായിരുന്നു. നമ്മുടേത് പോലുള്ള മാലിന്യങ്ങൾക്ക് കംപോസ്റ്റിങ്ങും ബയോഗ്യാസ് ഉത്പാദനവും തന്നെയാണ് ഏറ്റവും അനുയോജ്യം എന്നാണ് അന്താരാഷ്ട്ര വിദഗ്ധരും അഭിപ്രായപ്പെട്ടിട്ടുള്ളത്. സുപ്രീം കോടതിയുടെ നിർദ്ദേശവും അപ്രകാരം തന്നെയാണ്. മാലിന്യം കത്തിച്ച് ഊർജ്ജം ഉണ്ടാക്കുകയും പിന്നെ ആ വിലകൂടിയ ഊർജ്ജം ഉപയോഗിച്ച് രാസവളം ഉണ്ടാക്കുകയും ചെയ്യുന്നതിനേക്കാൾ എത്രയോ മെച്ചമാണ് ചവറിനെ നേരിട്ടു ജൈവവളം ആക്കി മാറ്റുന്നത്. മാത്രവുമല്ല, മണ്ണിൽ നിന്നെടുത്ത പച്ചക്കറികളുടെയും മറ്റു ഭക്ഷ്യ വസ്തുക്കളുടെയും അവശിഷ്ടങ്ങളും മനുഷ്യ വിസർജ്യം തന്നെയും വീണ്ടും മണ്ണിലേക്ക് തന്നെ മടക്കുന്നതാണ് സുസ്ഥിരമായ നിലനിൽപ്പിനു വേണ്ടത്.

പക്ഷേ ഇപ്പോൾ നമ്മുടെ നഗരമാലിന്യങ്ങളിലും പ്ലാസ്റ്റിക്കിന്റെ അളവ് കൂടി വരുകയാണ്. അവ വേർതിരിച്ചെടുത്ത് റീസൈക്ലിംഗ് പ്ലാന്റുകളിലേക്ക് അയയ്ക്കുകയും അതിന് വഴങ്ങാത്തവ താപ സംസ്കരണം നടത്തി ഊർജ്ജം വീണ്ടെടുക്കുകയും ചെയ്യാവുന്നതാണ്. അതിനായി ആധുനിക സാങ്കേതിക വിദ്യകളെ ആശ്രയിക്കുന്നത് സ്വാഗതാർഹവുമാണ്.

മേൽ പറഞ്ഞതിൽ നിന്ന് ഇപ്പോൾ വിളപ്പിൽശാലയിലും മറ്റും നടക്കുന്നത് കുറ്റമറ്റ പ്രക്രിയ ആണെന്ന് അർത്ഥമില്ല. തീർച്ചയായും അതിൽ വളരെയേറെ മെച്ചപ്പെടുത്തൽ ആവശ്യമുണ്ട്. കംപോസ്റ്റിങ്ങു നന്നായി നടക്കണമെങ്കിൽ ചപ്പു ചവറുകളിൽ നിന്ന് പ്ലാസ്റ്റിക് മുതലായ അജൈവ പദാർത്ഥങ്ങളെ വേർതിരിച്ചു മാറ്റേണ്ടതുണ്ട്. ഈ വേർതിരിക്കൽ ഉറവിടത്തിൽ തന്നെയാകുന്നതാണ് ഏറ്റവും ഉചിതം. എല്ലാ മാലിന്യവും ഒരിടത്ത് കേന്ദ്രീകരിച്ച് അവിടെ യന്ത്രങ്ങളുടെ സഹായത്താലോ കൈ കൊണ്ടോ വേർതിരിക്കുന്നത് ചെലവ് കൂടിയതും പൂർണമായി ഫലപ്രദമല്ലാത്തതും ആണ്. രണ്ടാമതായി, കംപോസ്റ്റിങ്ങ് സമയത്തെ ദുർഗന്ധം ഒഴിവാക്കണമെങ്കിൽ ധാരാളം വായുസഞ്ചാരം ഉറപ്പാക്കണം. ചവറു കൂന കൂട്ടി കമ്പോസ്റ്റ് ചെയ്യുന്ന 'വിൻഡ് റോ' രീതിയിൽ കൂനയുടെ പൊക്കം ഒന്ന്-ഒന്നര മീറ്ററിൽ കൂടരുത്. ആദ്യത്തെ ആഴ്ച കഴിഞ്ഞാൽ കൂടെക്കൂടെ കൂന ഇളക്കിക്കൊടുക്കണം. ചവറുകൂനയിൽ നിന്ന് ഒലിച്ചിറങ്ങി വരുന്ന ദ്രാവകം ശേഖരിച്ച് വേണ്ട വിധത്തിൽ സംസ്കരിക്കാനുള്ള സംവിധാനവും ഉണ്ടാകണം. ആറാഴ്ചയോളം സമയംകൊണ്ട് കംപോസ്റ്റിങ്ങു പൂർത്തിയായാലും പെട്ടെന്ന് വിഘടിക്കാത്ത കുറെ വസ്തുക്കൾ ബാക്കി ഉണ്ടാകും. ഇവ ശേഖരിച്ച് ഒന്നുകിൽ ഇന്ധനം ആക്കി മാറ്റാം.

അഴുകുന്ന മാലിന്യങ്ങളെല്ലാം ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയോ അവ വേർതിരിച്ച് പൊതു സംവിധാനത്തിലേക്ക് നൽകുകയോ ചെയ്യണം. കംപോസ്റ്റിങ്ങിനു വഴങ്ങാത്ത അജൈവ വസ്തുക്കൾ, പ്ലാസ്റ്റിക് സാധനങ്ങൾ, ടയർ, റബ്ബർ ഷീറ്റ്, തുകൽ, നിർമ്മാണ അവശിഷ്ടങ്ങൾ, ലോഹം, കുപ്പികൾ, കുപ്പിച്ചില്ല്, ഇലക്ട്രോണിക് വേസ്റ്റ് മുതലായവ 'വീണ്ടെടുക്കൽ കേന്ദ്രങ്ങളിൽ' എത്തിക്കണം. പുനരുപയോഗം സാധ്യമായ വസ്തുക്കളെല്ലാം ഇവിടെ വച്ചു വേർതിരിച്ചെടുത്ത് അനുയോജ്യമായ സ്ഥാനങ്ങളിൽ എത്തിക്കും. ബാക്കിയുള്ള വസ്തുക്കൾ മാത്രമാവും താപസംസ്കരണത്തിനും ഊർജോത്പാദനത്തിനും വിധേയമാക്കുക. ഒറ്റമൂലി പ്രയോഗങ്ങൾക്കു പകരം ഇങ്ങനെ സമഗ്രമായ ഒരു സമീപനം ആണ് ഇക്കാര്യത്തിൽ വേണ്ടത്.

പഞ്ചായത്ത് രാജ്

ഡെൻമാർക്കിലെ ഹോർഷോം (Horsholm) നഗരത്തിന്റെ കാര്യം എടുക്കാം. അവിടെ ഏറ്റവും സമ്പന്നരായ ആളുകൾ താമസിക്കുന്ന പ്രദേശത്തു തന്നെയാണ് നഗരമാലിന്യങ്ങൾ കത്തിച്ചു വൈദ്യുതി ഉണ്ടാക്കുന്ന താപ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. ആളുകൾക്കു ഒരു പരാതിയുമില്ല. (തീരെ ഇല്ലെന്ന് പറഞ്ഞുകൂടാ. പ്ലാന്റിനു മുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വിളക്കിന്റെ കടുത്ത വെളിച്ചം തങ്ങളുടെ കിടപ്പുമുറിയിൽ അടിക്കുന്നു എന്നൊരു പരാതി അടുത്ത കാലത്ത് വന്നത്രെ) കർശനമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളോടെയാണ് പ്ലാന്റു പ്രവർത്തിക്കുന്നത്.

അല്ലെങ്കിൽ ഇവ ഭൂഗർഭജലത്തിൽ കലരാത്ത വിധം കുഴിച്ചു മൂടാം. അതിനുള്ള സംവിധാനവും കംപോസ്റ്റിങ്ങ് പ്ലാന്റിൽ അനുബന്ധമായി ഉണ്ടാകണം.

ഇതൊന്നും വേണ്ട വിധത്തിൽ ഇല്ല എന്നതാണ് നമ്മുടെ കംപോസ്റ്റിങ്ങു പ്ലാന്റുകൾ ദുരിതം വിതയ്ക്കാൻ കാരണമായത്. വിളപ്പിൽശാലയിൽ മാത്രമല്ല കേരളത്തിലൊട്ടാകെ കംപോസ്റ്റിങ്ങു നടത്തുന്ന ഏതാണ്ട് മിക്ക സ്ഥലത്തും ഈ പ്രശ്നങ്ങൾ ഏറിയും കുറഞ്ഞും നിലനിൽക്കുന്നുണ്ട് എന്നതാണ് അനുഭവം. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാരിന്റെ ശുചിത്വമിഷനും മറ്റു ഏജൻസികളും ചെയ്തുകൊണ്ടിരിക്കുന്നത്. പ്ലാന്റുകൾ അടച്ചുപൂട്ടുക എന്നതല്ല വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കുക എന്നതാകണം നമ്മുടെ ലക്ഷ്യം.

കേന്ദ്രീകൃത കംപോസ്റ്റിങ്ങ് പ്ലാന്റിലേക്ക് വരുന്ന ചവറിന്റെ അളവ് കുറയ്ക്കുക എന്നതാണ് അടിയന്തരമായി ചെയ്യാവുന്ന ഒരു കാര്യം. വിളപ്പിൽശാലയിലായാലും മറ്റെവിടെ ആയാലും പ്ലാന്റിലെ സൗകര്യത്തിനനുസരിച്ചുള്ള മാലിന്യങ്ങൾ മാത്രമേ അങ്ങോട്ട് എടുക്കാവൂ. അവിടെയാണ് വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ പ്രസക്തി. കംപോസ്റ്റിങ്ങും ബയോഗ്യാസ് പ്ലാന്റും ചെറിയ തോതിലും വലിയ തോതിലും ചെയ്യാം. ഓരോ വീട്ടിലെയും ജൈവ മാലിന്യം കമ്പോസ്റ്റ് ചെയ്തു വളമാക്കി വീട്ടിലെ അടുക്കളതോട്ടത്തിൽ ഉപയോഗിക്കുകയാവും ഏറ്റവും ഉത്തമം. ചെറിയൊരു ബയോഗ്യാസ് പ്ലാന്റു സ്ഥാപിച്ചാൽ പാചക വാതക ഇന്ധനവും കിട്ടും. പാചകം മുഴുവൻ കഴിഞ്ഞില്ലെങ്കിലും ഒരു ഭാഗം എങ്കിലും അതുകൊണ്ട് നടക്കും. അത്രയം ലാഭം. ബയോഗ്യാസ് പ്ലാന്റിലേക്ക് കക്കൂസിലെ മലം കൂടി വിടുന്ന പല മിടുക്കരും ഉണ്ട്. (അതാണു ശരിയായ റീസൈക്ലിംഗ്). പക്ഷേ ഇതൊന്നും എല്ലാ വീട്ടിലും നടക്കില്ല. കുഴികംപോസ്റ്റിങ്ങിനു പോലും സ്ഥലസൗകര്യം ഇല്ലാത്തവരും കാണുമല്ലോ. അങ്ങനെയുള്ള വീടുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിച്ചേ മതിയാവൂ. അതുപോലെ ചെറു കടകൾ, ഹോട്ടലുകൾ, ചന്തകൾ തുടങ്ങിയ ഇടങ്ങളിലും മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്നത് പലപ്പോഴും പ്രായോഗികമാവില്ല. ഇതിനൊക്കെ പുറമെയാണ് പൊതുസ്ഥലങ്ങൾ, തെരുവുകൾ തുടങ്ങിയ ഇടങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ. അതിനാൽ പൊതുവായ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏതൊരു നഗരത്തിനും കൂടിയേ തീരൂ. എന്നാൽ കഴിയുന്നത്ര വീടുകളും ഫ്ളാറ്റുകളും ഹോട്ടലുകളും സ്വന്തം മാലിന്യം സ്വയം സംസ്കരിക്കണം എന്ന നിലപാട് തികച്ചും ന്യായമാണ്. എന്തെന്നാൽ അത് മാലിന്യ സംസ്കരണം ഒരു പൊതു ഉത്തരവാദിത്തമാണെന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കും. മാത്രവുമല്ല, അത് കേന്ദ്രീകൃത സംസ്കരണ പ്ലാന്റിലെ ഭാരം ലഘൂകരിക്കുകയും അതിനെ മെച്ചപ്പെട്ട രീതിയിൽ നടത്താൻ സഹായിക്കുകയും ചെയ്യും.

അങ്ങനെ നോക്കുമ്പോൾ മാലിന്യ സംസ്കരണത്തിലെ ആദ്യപടി കഴിയുന്നത്ര ഉറവിടത്തിലെ സംസ്കരണം എന്നതായിരിക്കും. രണ്ടാമതാണ് മൊത്തമായ ശേഖരണവും സംസ്കരണവും. അവിടെയും പൊതുജന സഹകരണം ഉറപ്പാവേണ്ട കാര്യം അഴുകുന്നതും അഴുകാത്തതുമായ മാലിന്യങ്ങൾ വേർതിരിച്ചു നല്കുക എന്നതിലാണ്. അല്ലെങ്കിൽ പൊതു കംപോസ്റ്റിങ്ങു ഫലപ്രദമാവില്ല. ശേഖരണവും കടത്തും ഇപ്പോഴും പല നഗരങ്ങളിലും കാര്യക്ഷമമമായി നടക്കുന്നുണ്ട്. (കുടുംബശ്രീക്ക് നന്ദി പറയുക). അന്തിമ സംസ്കരണം ആണ് നേരത്തെ പറഞ്ഞപോലെ ഇനിയും മെച്ചപ്പെടേണ്ടത്. അത് മെച്ചപ്പെടുത്തുക എന്നതാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി. പൊതു കംപോസ്റ്റിങ്ങു സംവിധാനം, നേരത്തെ സൂചിപ്പിച്ചതുപോലെ കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ നടത്തണം. നടത്താൻ പറ്റും. കംപോസ്റ്റിങ്ങ് പ്രക്രിയയിലും മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾക്ക് പ്രസക്തി ഉണ്ട്. അത് എവിടെ നിന്നും, വേണ്ടി വന്നാൽ വിദേശത്തു നിന്നും, പകർത്താൻ നാം മടിക്കേണ്ടതില്ല.

നേരത്തെ സൂചിപ്പിച്ചതുപോലെ അഴുകുന്ന മാലിന്യങ്ങളെല്ലാം ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയോ അവ വേർതിരിച്ച് പൊതു സംവിധാനത്തിലേക്ക് നൽകുകയോ ചെയ്യണം. കംപോസ്റ്റിങ്ങിനു വഴങ്ങാത്ത അജൈവ വസ്തുക്കൾ, പ്ലാസ്റ്റിക് സാധനങ്ങൾ, ടയർ, റബ്ബർ ഷീറ്റ്, തുകൽ, നിർമ്മാണ അവശിഷ്ടങ്ങൾ, ലോഹം, കുപ്പികൾ, കുപ്പിച്ചില്ല്, ഇലക്ട്രോണിക് വേസ്റ്റ് മുതലായവ 'വീണ്ടെടുക്കൽ കേന്ദ്രങ്ങളിൽ' എത്തിക്കണം. (Resource Recovery Centres' എന്നാണ് ഇവയെ പല രാജ്യങ്ങളിലും വിളിക്കുന്നത്.) പുനരുപയോഗം സാധ്യമായ വസ്തുക്കളെല്ലാം ഇവിടെ വച്ചു വേർതിരിച്ചെടുത്ത് അനുയോജ്യമായ സ്ഥാനങ്ങളിൽ എത്തിക്കും. ബാക്കിയുള്ള വസ്തുക്കൾ മാത്രമാവും താപസംസ്കരണത്തിനും ഊർജോത്പാദനത്തിനും വിധേയമാക്കുക. ഒറ്റമൂലി പ്രയോഗങ്ങൾക്കു പകരം ഇങ്ങനെ സമഗ്രമായ ഒരു സമീപനം ആണ് ഇക്കാര്യത്തിൽ വേണ്ടത്. ■

പഞ്ചായത്തുകൾക്ക് നാളികേര മേഖലയിൽ ബൃഹത് പദ്ധതി

ടി.കെ. ജോസ് ഐഎഎസ്

പുനർനടീലും പുനരുദ്ധാരണവും എല്ലാ തോട്ട വിളകളിലും കൃത്യമായി നടക്കുന്നുണ്ടെങ്കിലും നമ്മുടെ തെങ്ങിൻ തോട്ടങ്ങളിൽ ചിട്ടയോടെയുള്ള പുനരുദ്ധാരണ നടപടികൾ ഇതുവരെ കാര്യമായി ആരംഭിച്ചിരുന്നില്ല എന്നതാണ് വാസ്തവം. രാജ്യത്തെ പ്രധാനപ്പെട്ട തോട്ടവിളകളും നാണ്യ വിളകളുമായ കാപ്പി, തേയില, കുരുമുളക്, ഏലം, റബ്ബർ, നാളികേരം തുടങ്ങിയവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് അവയിൽ നിന്നുള്ള കർഷകരുടെ വരുമാനം ഗണ്യമായി ഉയർത്താൻ ഉതകുന്ന ഒരു പുനരുദ്ധാരണ പദ്ധതി രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് അതാത് ബോർഡുകളെ ചുമതലപ്പെടുത്തുവാൻ 2006-ൽ അന്നത്തെ കേന്ദ്ര കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാർ അടങ്ങിയ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് മീറ്റിങ്ങിൽ തീരുമാനമുണ്ടായി. തുടർന്ന് കേന്ദ്ര ധനമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിൽ ഈ കൃഷികളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ട തുക വകയിരുത്തി. അങ്ങനെ മറ്റു തോട്ടവിളകളോടൊപ്പം തെങ്ങിനും ഒരു പുനരുദ്ധാരണപദ്ധതി രൂപീകരിക്കുവാൻ അവസരമുണ്ടായി. അങ്ങനെയാണ് തെങ്ങുകൃഷി പുനരുദ്ധാരണപദ്ധതി ഒരു പൈലറ്റ് എന്ന നിലയിൽ കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലും ആൻഡമൻ നിക്കോബാർ ദ്വീപുകളിലും ആരംഭിച്ചത്.

ഭാരതത്തിന്റെ കാർഷിക സമ്പദ്ഘടനയിലും സാമൂഹ്യ സാംസ്കാരിക മേഖലകളിലും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന തോട്ടവിളയാണ് തെങ്ങ്. ഭൂമുഖത്ത് ഏറ്റവും അധികം ഉപയോഗപ്രദമായി കണക്കാക്കുന്ന വിളയായ തെങ്ങ് ഇന്ത്യയിൽ 19 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്യുന്നു. ഇന്ത്യയുടെ വാർഷിക ഉത്പാദനം 1573 കോടി നാളികേരവും ശരാശരി ഉത്പാദനക്ഷമത പ്രതിവർഷം ഹെക്ടറൊന്നിന് 8303 നാളികേരവുമാണ്.

ഇന്ത്യയിൽ തെങ്ങ് കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ ഭൂമിയുടെ വിസ്തീർണ്ണത്തിൽ ഒന്നാം സ്ഥാനത്താണ് കേരളം. കേരളത്തിന്റെ സാമ്പത്തിക സുസ്ഥിരതയുടെ അടിസ്ഥാനമായി ഗണിക്കപ്പെട്ടിരുന്ന വിളയായിരുന്നു തെങ്ങ്. ഒരു കാലത്ത് 50 തെങ്ങുണ്ടായിരുന്ന ഒരു കർഷകന് ഒരു കൊച്ചു കുടുംബം പോറ്റാനുതകുന്ന വരുമാനം ഈ തെങ്ങിൻതോട്ടത്തിൽ നിന്ന് ലഭിച്ചിരുന്നു. ഇന്നത്തെ സ്ഥിതിയതല്ല, വിളവ് കുറഞ്ഞു, വരുമാനവും കുറഞ്ഞു. കർഷകരുടെ താൽപര്യത്തിനും മങ്ങലേറ്റു. കൃഷിക്കാരുടെ ശ്രദ്ധ കൂടുതൽ ആദായകരമായ മറ്റ് വിളകളിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നു. 2008 -09ലെ കണക്കനുസരിച്ച് കേരളത്തിൽ 7.87 ഹെക്ടറിൽ തെങ്ങു കൃഷി ചെയ്യുന്നുണ്ട്. ഇത് ഇന്ത്യയുടെ മൊത്തം തെങ്ങു കൃഷിയുടെ 42 ശതമാനം വരുന്നു. ഇതിൽ നിന്നുള്ള വാർഷിക ഉത്പാദനം 580 കോടി നാളികേരമാണ്. അതായത്

ഇന്ത്യയിലെ മൊത്തം നാളികേരോത്പാദനത്തിന്റെ 37 ശതമാനം കേരളത്തിലാണ്. എന്നാൽ കേരളത്തിന്റെ ശരാശരി ഉത്പാദനക്ഷമത ഹെക്ടറൊന്നിന് പ്രതിവർഷം 7365 നാളികേരം മാത്രമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. നമ്മുടെ തൊട്ടയൽപക്കമായ തമിഴ്നാടിന്റെ ഉത്പാദനക്ഷമത പ്രതിവർഷം 13771 നാളികേരമാണ് എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്. നമുക്കു മുന്നിലായി തമിഴ്നാടിനെ കൂടാതെ വേറെ എട്ടു സംസ്ഥാനങ്ങൾ കൂടിയുണ്ട്. ഇതിൽ ലക്ഷദ്വീപും ആസ്സാമും ഉൾപ്പെടുന്നു.

കേരളത്തിലെ കുറഞ്ഞ ഉത്പാദനക്ഷമതയ്ക്ക് ഏറ്റവും പ്രധാന കാരണം പ്രായാധിക്യം മൂലവും കാറ്റുവീഴ്ച തുടങ്ങിയ രോഗബാധമൂലവും ഉത്പാദനം വളരെ കുറഞ്ഞ തെങ്ങുകളുടെ ആധിക്യമാണ്. കേരളത്തിലെ തെങ്ങുകളുടെ ഏകദേശം മൂന്നിലൊന്നും പ്രായാധിക്യം കൊണ്ട് ഉല്പാദനവും ഉത്പാദനക്ഷമതയും നഷ്ടപ്പെട്ടതാണെന്നും ഇവ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ നട്ടുപിടിപ്പിക്കേണ്ടതാണെന്നും സ്വാമിനാഥൻ കമ്മിഷനുൾപ്പെടെ നിർദ്ദേശിച്ചിട്ടുള്ളതാണ്. തെങ്ങിനെ ബാധിച്ചിരിക്കുന്ന രോഗങ്ങളിൽ പ്രധാനപ്പെട്ടത് കാറ്റുവീഴ്ചയാണ്. തെക്കൻ കേരളത്തിൽ വളരെ വ്യാപകമായ ഈ രോഗം തെങ്ങിന്റെ കായികശേഷിയെ ക്രമേണ നശിപ്പിക്കുന്നു. രോഗബാധ മൂർച്ഛിച്ച തെങ്ങുകൾ വെട്ടിമാറ്റി, പകരം അത്യൂല്പാദനശേഷിയുള്ള പുതിയ തൈ വച്ചും ബാക്കിനിൽക്കുന്ന തെങ്ങുകൾക്ക് മെച്ചപ്പെട്ട ശാസ്ത്രീയ പരിചരണ മുറകൾ അവലംബിച്ചും ഉത്പാദനക്ഷമത ഉയർത്താമെന്നാണ് ഇന്നു നിലവിലുള്ള ശുപാർശ.

മൂന്ന് വർഷപദ്ധതിക്കാലയളവിൽ 474.5 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. മൂന്ന് ജില്ലകളിൽ 42 ബ്ലോക്കുകളിലായി 272 പഞ്ചായത്തുകൾ ഇതിന്റെ പരിധിയിൽ വരും. അങ്ങനെ വരുമ്പോൾ തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ഓരോ പഞ്ചായത്തിലും ശരാശരി 1.74 കോടി രൂപ രണ്ട് വർഷം കൊണ്ട് വിനിയോഗിക്കാവുന്നതാണ്. അതായത് ഒരു വർഷം 87 ലക്ഷം രൂപ. ഈ തുക കൃത്യമായും കാര്യക്ഷമമായും വിനിയോഗിക്കുകയാണെങ്കിൽ പഞ്ചായത്തുകളുടെ കാർഷിക മേഖലയുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാം.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിലാണ് കേര കൃഷി പുനരുദ്ധാരണ പദ്ധതിക്ക് രൂപം കൊടുത്തത്. കേര കൃഷിയുടെയും വ്യവസായത്തിന്റെയും മുഖ്യ പങ്കാളി ആയ കേരളത്തിലെയും തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര തുടങ്ങിയ മറ്റു സംസ്ഥാനങ്ങളിലെയും തെങ്ങുകൃഷി പുനരുദ്ധാരണത്തിനു വേണ്ടി ഒരു ബൃഹത്തായ പദ്ധതി 2008–09ൽ ബോർഡ് കേന്ദ്രത്തിനു സമർപ്പിക്കുകയുണ്ടായി. തുടർന്ന് കേന്ദ്രത്തിലെ ധനകാര്യസമിതിയുടെ പല തലത്തിലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ 2009–10ൽ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ മൂന്നു ജില്ലകളിലും ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹത്തിലും പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ അനുവദിക്കുകയും ചെയ്തു. പൈലറ്റ് പദ്ധതി വിലയിരുത്തിയതിനുശേഷം മറ്റു ജില്ലകളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളാമെന്നും തീരുമാനിച്ചു. പൈലറ്റ് പദ്ധതിയുടെ അടങ്കൽ തുക 2275 കോടിയും കേന്ദ്ര സബ്സിഡി 478.5 കോടി രൂപയുമാണ്. ഇതിൽ 474.5 കോടിയും കേരളത്തിനുവേണ്ടിയുള്ളതാണ്.

കാർഷികമേഖലയ്ക്ക് പ്രത്യേക പരിഗണന എല്ലാ ഗവൺമെന്റുകളും നൽകിവരുന്നുണ്ട്. അധികാരവികേന്ദ്രീകരണം വന്നതോടുകൂടി ത്രിതലപഞ്ചായത്തുകൾ ഈ പരിഗണനയും ബജറ്റ് വിഹിതവും പരമാവധി പ്രയോജനപ്പെടുത്തി എല്ലാ തലത്തിലും കാർഷിക, ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ഒരു വിളയ്ക്കുവേണ്ടി, അല്ലെങ്കിൽ തെങ്ങിന് വേണ്ടിമാത്രം, കിട്ടിയ ഒരു പദ്ധതിയാണിതെന്ന് സൂചിപ്പിച്ചുവല്ലോ. പദ്ധതി നടത്തിപ്പിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ശക്തമായ സാന്നിദ്ധ്യവും ശ്രദ്ധേയമാണ്. മൂന്ന് വർഷപദ്ധതിക്കാലയളവിൽ 474.5 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. മൂന്ന് ജില്ലകളിൽ 42 ബ്ലോക്കുകളിലായി 272 പഞ്ചായത്തുകൾ ഇതിന്റെ പരിധിയിൽ വരും. അങ്ങനെ വരുമ്പോൾ തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ഓരോ പഞ്ചായത്തിലും ശരാശരി 1.74 കോടി രൂപ രണ്ട് വർഷംകൊണ്ട് വിനിയോഗിക്കാവുന്നതാണ്. അതായത് ഒരു വർഷം 87 ലക്ഷംരൂപ. ഈ തുക കൃത്യമായും കാര്യക്ഷമമായും വിനിയോഗിക്കുകയാണെങ്കിൽ പഞ്ചായത്തുകളുടെ കാർഷിക മേഖലയുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാം. മികച്ച ഉൽപാദനവും ഉല്പാദനക്ഷമതയും മൂല്യവർദ്ധനവിനും സംസ്കരണപ്രവർത്തനങ്ങൾക്കും ആക്കം കൂട്ടും. ഇത് കർഷകരുടെ വരുമാനവർദ്ധനവിനും ജീവിതനിലവാരം മെച്ചപ്പെടുന്നതിനും വഴിയൊരുക്കും. മാത്രമല്ല, കർഷക പങ്കാളിത്തത്തോടെയുള്ള ക്ലസ്റ്റർ രൂപീകരണം, ഉൽപാദക സംഘങ്ങളുടെ രൂപീകരണത്തിനും തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിനും നഴ്സറി, കേരാധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെ ആവിർഭാവത്തിനും വഴിയൊരുക്കും. പഞ്ചായത്തുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വെച്ച് നോക്കുമ്പോൾ തിരുവനന്തപുരം ജില്ലയ്ക്ക് 155 കോടി രൂപയും കൊല്ലത്തിന് 136 കോടി രൂപയും തൃശ്ശൂരിന് 183 കോടി രൂപയുമാണ് ലഭ്യമാകുക. ഈ തുക ഏറ്റവും ആത്മാർത്ഥമായി, കാര്യക്ഷമമായി വിനിയോഗിക്കുകയെന്നതാവണം പഞ്ചായത്തുകളുടെ മുൻഗണന. ഓരോ പഞ്ചായത്തിന്റെയും സമഗ്രമായ പുരോഗതി ഇതുവഴി സുനിശ്ചിതമാക്കാം.

ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. കാറ്റുവിഴ്ച രോഗം മൂർച്ഛിച്ചതും പ്രായാധിക്യമുള്ളതും ഉത്പാദനശേഷി തീരെ കുറഞ്ഞതുമായ (10 തേങ്ങയിൽ താഴെ പ്രതിവർഷം വിളവ് തരുന്ന) തെങ്ങുകൾ കർഷകപങ്കാളിത്തത്തോടെ കൂട്ടായി വെട്ടിമാറ്റി പകരം ശുപാർശ ചെയ്തിട്ടുള്ള എണ്ണം തെങ്ങുകൾ നിലനിൽക്കാൻ ആവശ്യമായ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക.
2. ശേഷിക്കുന്ന തെങ്ങുകളുടെ ഉത്പാദനക്ഷമത ശാസ്ത്രീയ വളപ്രയോഗം, സസ്യസംരക്ഷണം, ജലസേചനം എന്നിവയിൽ കൂടി പരമാവധി വർദ്ധിപ്പിക്കുകയും തെങ്ങധിഷ്ഠിത ഇടവിളക്കൃഷിയിലൂടെ തെങ്ങിൻ തോട്ടത്തിൽ നിന്നുള്ള ആകെ വരുമാനം പരമാവധി ഉയർത്തുകയും ചെയ്യുക.

മുഖ്യ സവിശേഷതകൾ

കർഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു കൃഷിഭവനു കീഴിലെ 25 മുതൽ 50 ഹെക്ടർ വരെ വരുന്ന ഒരു വാർഡിലെ എല്ലാ കർഷകരെയും ഉൾപ്പെടുത്തിയാണ് കൃഷി ആഫീസറുടെ മേൽനോട്ടത്തിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത്. ക്ലസ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി കർഷകർ തന്നെ തെരഞ്ഞെടുക്കുന്ന ക്ലസ്റ്റർ കൺവീനർമാരെയും പുറമെ ക്ലസ്റ്ററിലെ വിവിധ പ്രദേശങ്ങൾക്ക് നേതൃത്വമേകാനായി 5–10വരെ ഗ്രൂപ്പ് ലീഡർമാരെയും തെരഞ്ഞെടുക്കുന്നു.

ഓരോ പ്രദേശത്തെയും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കാനായി അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും കൃഷി ആഫീസർ കൺവീനറായും നാളികേര വികസന ബോർഡിന്റെ ഉദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു പ്രാദേശിക വികസന സമിതി രൂപീകരിക്കുന്നു. പൂർണ്ണമായും കർഷക പങ്കാളിത്തത്തോടുകൂടി, പദ്ധതി നടത്തിപ്പിന്റെ എല്ലാ ഘട്ടത്തിലും സുതാര്യത ഉറപ്പുവരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിപ്രദേശത്തെ എല്ലാ കേരകർഷകർക്കും പദ്ധതിവഴിയുള്ള ആനുകൂല്യം ലഭ്യമാണ്.

പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ

1. ***തെങ്ങുവെട്ടിമാറ്റൽ:*** ഒരു ഹെക്ടർ (2½ ഏക്കർ) സ്ഥലത്തുനിന്ന് പരമാവധി 32 ഉത്പാദനശേഷി തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 13,000 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും, ബാക്കി 12 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 250 രൂപ നിരക്കിലുമാണ് ആനുകൂല്യം നൽകുന്നത്. പരമാവധി ഒരു കർഷകന് 4 ഹെക്ടർ അതായത് 10 ഏക്കർ സ്ഥലത്തുനിന്ന് 128 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 52,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. കാറ്റുവീഴ്ച ബാധിച്ച എന്നാൽ കായ്ക്കാത്ത തൈത്തെങ്ങുകൾ കർഷകരുടെ സ്വന്തം ചെലവിൽ വെട്ടിമാറ്റിയിരിക്കണം.
2. ***പകരം തൈവയ്ക്കൽ:*** തൈ ഒന്നിന് 20 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വെട്ടിമാറ്റിയ തെങ്ങിനു പകരം ആവശ്യമായ തോതിൽ സൂര്യപ്രകാശം കിട്ടത്തക്കവിധത്തിൽ സ്ഥലമുണ്ടെങ്കിൽ മാത്രം വെട്ടിയ തെങ്ങുകൾക്ക് പകരം തൈ വച്ചാൽ മതി. പരമാവധി ഒരു ഏക്കർ സ്ഥലത്ത് തൈ ഉൾപ്പെടെ 70 തെങ്ങുകളായി എണ്ണം ക്രമപ്പെടുത്തണം.
3. ***ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുന്നതിന്:*** തോട്ടത്തിൽ ശേഷിക്കുന്ന തെങ്ങുകൾക്ക് സംയോജിത പരിപാലന മുറകൾ അവലംബിക്കാൻ, അതായത് ശാസ്ത്രീയ വളപ്രയോഗം, തടമെടുക്കൽ, ജലസേചനം, സസ്യസംരക്ഷണ നടപടികൾ ഏർപ്പെടുത്തൽ, പുതയിടൽ, പച്ചിലവളച്ചെടികൾ വളർത്തൽ, ഇടവിളക്കൃഷി തുടങ്ങിയവയ്ക്ക് വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി ഒരു ഹെക്ടറിന് പ്രതിവർഷം 7500 രൂപ എന്ന നിരക്കിൽ ആനുകൂല്യം രണ്ടുവർഷത്തേക്ക് നൽകുന്നു. ബാക്കി 75 ശതമാനം തുക കർഷകർ തന്നെ വഹിക്കേണ്ടതാണ്. ഈ ആനുകൂല്യം 2 വർഷം ലഭ്യമാണ്. ഓരോ ക്ലസ്റ്ററിലും സമയാസമയം തെങ്ങിൻ തോട്ടത്തിൽ അനുവർത്തിക്കേണ്ട പരിപാലനമുറകളെക്കുറിച്ച് ഒരു പ്രവർത്തനകലണ്ടർ ക്ലസ്റ്ററിലെ കർമ്മ പദ്ധതിയോടൊപ്പം തയ്യാറാക്കണം.

പഞ്ചായത്ത് രാജ്

അടിസ്ഥാന സർവേയിൽ തെരഞ്ഞെടുത്ത തെങ്ങുകൾ വെട്ടിമാറ്റിയശേഷം, ഓരോ കർഷകനും അർഹമായ ധനസഹായം അതത് കർഷകന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. അക്കൗണ്ടില്ലാത്ത കർഷകർ ദേശസാൽകൃത ബാങ്കുകളിൽ 'നോ–ഫ്രിൽ' അഥവാ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങണം. ഇതിന് മിക്കവാറും എല്ലാ ബാങ്കുകളും തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്.

പുനരുജ്ജീവന പരിപാലനമുറകൾ

തെങ്ങിൻ ചുവട്ടിൽ നിന്ന് ഏകദേശം 2.മീറ്റർ വിട്ട് 55 സെ.മീ. ആഴത്തിൽ മെയ്–ജൂൺ മാസത്തിൽ തെങ്ങിനു ചുറ്റും തടമെടുക്കുക, മെയ്–ജൂൺ മാസത്തിൽ അമ്ലത്വം കൂടിയ പ്രദേശങ്ങളിൽ തെങ്ങൊന്നിന് 1 കി.ഗ്രാം എന്ന തോതിൽ കുമ്മായം തടത്തിൽ വിതറി മണ്ണുമായി കൂട്ടികലർത്തുക, ജൂൺ മാസത്തിൽ ജൈവവളങ്ങൾ തടത്തിൽ നിക്ഷേപിക്കുക, മണ്ണിട്ടു തടം ഭാഗികമായി മൂടുക, കുമ്മായം ഇട്ട് രണ്ടാഴ്ച കഴിഞ്ഞ് ജൂൺ മാസത്തിൽ ശുപാർശ ചെയ്ത രാസവളങ്ങൾ കൂട്ടിക്കലർത്തി തടത്തിൽ തെങ്ങിന്റെ കടഭാഗത്തുനിന്ന് ഒരു മീറ്റർ വിട്ട് പുറംപകുതിയിലായി വിതറി മണ്ണുമായി കൂട്ടികലർത്തുക എന്നീ പരിപാലനമുറകൾ കൃത്യമായും അവലംബിക്കണം. രാസവളങ്ങൾ താഴെ പറയുന്ന അളവിൽ തെങ്ങൊന്നിന് നൽകണം.

ശേഷം പേജ് 33

ഭാരതത്തിന്റെ പരിസ്ഥിതി സംരക്ഷണ നിയമം

ഡോ. ആർ. അജയകുമാർ വർമ്മ

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഭരണഘടനയിൽ തന്നെ അംഗീകരിച്ച ലോകത്തിലെ ഒന്നാമത്തെ രാജ്യങ്ങളിലൊന്നാണ് ഭാരതം. വനം, ജലാശയങ്ങൾ, നദികൾ, വന്യജീവികൾ തുടങ്ങിയവയെല്ലാമടങ്ങുന്ന പരിസ്ഥിതിയുടെ സംരക്ഷണവും മെച്ചപ്പെടുത്തലും പൗരന്റെ പ്രാഥമിക കർത്തവ്യമായി നമ്മുടെ ഭരണഘടന കണക്കാക്കുന്നു. ഒരു ക്ഷേമരാജ്യം കെട്ടിപ്പടുക്കുമ്പോൾ രാജ്യത്തിന്റെ പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിനും ദോഷകരമായി ബാധിക്കാതെ നമ്മുടെ നിശ്ചിതമായ പ്രകൃതി വിഭവങ്ങളെ പരിമിതമായി ഉപയോഗപ്പെടുത്തേണ്ടതിന്റെ, അതായത് സുസ്ഥിരവികസനത്തിന്റെ ആവശ്യകതയും നമ്മുടെ ഭരണഘടന എടുത്തുകാട്ടുന്നു. ചുരുക്കത്തിൽ പരിസ്ഥിതിസംരക്ഷിക്കുന്നതിനും പരിസ്ഥിതിഗുണതയുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കണമെന്നു നമ്മുടെ ഭരണഘടന നിർദ്ദേശിക്കുന്നു.

അന്തർദേശീയ തലത്തിൽ മാനവപരിസ്ഥിതി മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഒരു കോൺഫറൻസ് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് 1972 ൽ ഐക്യരാഷ്ട്ര സഭ സംഘടിപ്പിക്കുകയുണ്ടായി. ഭൂമിയും വായുവും ജലവും അടങ്ങുന്ന പരിസ്ഥിതിയും അവയ്ക്ക് മനുഷ്യരും സൂഷ്മാണുക്കൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുമായുള്ള പരസ്പരബന്ധവും നിലനിർത്തുന്നതിനും വിവിധ രീതിയിലുള്ള മലിനീകരണത്തിൽ നിന്നും അവയെ സംരക്ഷിക്കുന്നതിനും വ്യവസ്ഥകൾ ആവശ്യമാണ് എന്ന പൊതുസമ്മതി ഈ കൂട്ടായ്മയിലുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിന് അനുയോജ്യമായ പ്രവർത്തനങ്ങളും അവ നടപ്പിലാക്കുന്നതിനുള്ള തന്ത്രങ്ങളും യോഗം തീരുമാനിച്ചു. ഈ പശ്ചാത്തലത്തിലാണ് 1986 ൽ പരിസ്ഥിതി സംരക്ഷണ നിയമത്തിനും ചട്ടങ്ങൾക്കും ഇന്ത്യ രൂപം നൽകിയത്. ഈ നിയമത്തിന്റെ സവിശേഷതകളും നിർവഹണ രീതികളും പൊതുസമൂഹം അറിഞ്ഞിരിക്കുക എന്നത് അത്യന്താപേക്ഷിതമായിരിക്കുന്നു.

അധികാരങ്ങളും അധികാരകേന്ദ്രങ്ങളും

പരിസ്ഥിതിഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള ഏതൊരു നടപടിയും സ്വീകരിക്കുന്നതിനും നിയമം കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുന്നു ഇതനുസരിച്ച് താഴെപ്പറയുന്ന നടപടികൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.

- നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരുകളും മറ്റധികാരകേന്ദ്രങ്ങളും നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- പരിസ്ഥിതിമലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഇല്ലാതാക്കുന്നതിനും ദേശീയതലത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.
- പരിസ്ഥിതി ഗുണനിലവാരത്തിന്റെ മാനദണ്ഡങ്ങൾ നിർണ്ണയിക്കുക.
- വിവിധ സ്രോതസ്സുകളിൽനിന്നുള്ള പരിസ്ഥിതിദൂഷകങ്ങളുടെ ഉദ്വമനത്തിനോ ഒഴുക്കികളയലിനോ വേണ്ട മാനദണ്ഡങ്ങൾ നിർണ്ണയിക്കുക.
- ചിലതരം വ്യവസായങ്ങൾ, വ്യാവസായിക പ്രവർത്തികൾ, പ്രക്രിയകൾ ഇവ സ്ഥലത്തിനനുസൃതമായി നിയന്ത്രിക്കുകയോ നിശ്ചിത സുരക്ഷാക്രമത്തിന്റെ അടിസ്ഥാനത്തിൽമാത്രം അനുവദിക്കുകയോ ചെയ്യുക.
- പരിസ്ഥിതി മലിനീകരണം ഉണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾ തടയുന്നതിനായുള്ള നടപടിക്രമങ്ങളും സുരക്ഷാക്രമങ്ങളും നിർണ്ണയിക്കുകയും ഇത്തരത്തിലുള്ള അപകടങ്ങൾക്കുള്ള പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.
- അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും സുരക്ഷാക്രമവും നിർണ്ണയിക്കുക.
- പരിസ്ഥിതിമലിനീകരണം ഉണ്ടാക്കാൻ സാധ്യതയുള്ള ചില ഉത്പാദനപ്രക്രിയകളും ഉത്പാദകവസ്തുക്കളും പരിശോധിക്കുക.
- പരിസ്ഥിതിമലിനീകരണപ്രശ്നങ്ങളുമായി ബന്ധപ്പെട്ടു ഗവേഷണങ്ങളും പരിശോധനകളും നടത്തുകയും അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സഹായം ലഭ്യമാക്കുകയും ചെയ്യുക.
- ഏതൊരുപരിസരമോ വ്യവസായശാലയോ, യന്ത്രസാമഗ്രികളോ, ഉപകരണങ്ങളോ, ഉത്പാദനപ്രക്രിയകളോ, ഉത്പാദക വസ്തുക്കളോ, പരിശോധനയ്ക്ക് വിധേയമാക്കുകയും മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള നിർദ്ദേശം നൽകുകയും ചെയ്യുക.
- പരിസ്ഥിതിസ്ഥാപനങ്ങളും പരീക്ഷണശാലകളും സ്ഥാപിക്കുകയോ നിക്ഷിപ്ത പ്രവർത്തനങ്ങൾ നടത്തുന്നതിനു അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയോ ചെയ്യുക.
- പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിവരങ്ങൾ സ്വരൂപിക്കുകയും വിനിമയം നടത്തുകയും ചെയ്യുക.
- പരിസ്ഥിതിമലിനീകരണം നിയന്ത്രിക്കുക, തടയുക, ഇല്ലാതാക്കുക എന്നതിനുള്ള നിയമാവലികളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന മാന്വലുകൾ തയ്യാറാക്കുക.

കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമുള്ളപക്ഷം മറ്റ് അധികാരകേന്ദ്രങ്ങളെ നിയോഗിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. ഇതനുസരിച്ച് ഔദ്യോഗികപദവികളിൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ കേന്ദ്രസർക്കാരിന്റെ പൊതുനിയന്ത്രണത്തിലും നിർദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കും പ്രവർത്തിക്കുക. ഇപ്പോൾ കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ഈ ഉത്തരവാദിത്വം നിറവേറ്റിവരുന്നു. പരിസ്ഥിതിമലിനീകരണത്തിനു കാരണമാകുന്ന ഒരു വ്യവസായശാലയോ, അവിടുത്തെ പ്രവർത്തിയോ, പ്രക്രിയയോ നിയന്ത്രിക്കുന്നതിനോ, നിരോധിക്കുന്നതിനോ, പൂട്ടുന്നതിനോ അല്ല എങ്കിൽ അവിടേക്കുള്ള വൈദ്യുതി, ജലം വിതരണമോ മറ്റേതെങ്കിലും സേവനങ്ങളോ നിയന്ത്രിക്കുന്നതിനോ നിർത്തുന്നതിനോ നിർദ്ദേശം നൽകുന്നതിനും കേന്ദ്രസർക്കാരിന് അധികാരമുണ്ട്. ഇതുകൂടാതെ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനും കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തിയിരിക്കുന്നു.

- വിവിധ പ്രദേശങ്ങളെയും ഉദ്ദേശങ്ങളെയും കണക്കിലെടുത്തുകൊണ്ട് വായു, ജലം, മണ്ണ് ഇവയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ.
- വ്യത്യസ്തമായ പ്രദേശങ്ങൾ പരിഗണിച്ചുകൊണ്ട് ശബ്ദമുൾപ്പെടെ വിവിധ പരിസ്ഥിതിദൂഷകങ്ങളുടെ പരമാവധി അനുവദനീയ ഗാഢത (concentration).
- അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും സുരക്ഷാക്രമങ്ങളും.
- അപകടകരമായ വസ്തുക്കൾ വ്യത്യസ്ത പ്രദേശങ്ങളിൽ കൈകാര്യം ചെയ്യുന്നതിനുള്ള നിരോധനവും നിയന്ത്രണങ്ങളും.
- വ്യത്യസ്തമായ പ്രദേശങ്ങളിൽ വ്യവസായങ്ങളുടെ സ്ഥാനം, നടപ്പുപ്രക്രിയ, നടപ്പു പ്രവർത്തികൾ ഇവയുടെ നിരോധനവും നിയന്ത്രണങ്ങളും.
- പരിസ്ഥിതിമലിനീകരണം ഉണ്ടാക്കാവുന്ന അപകടങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങളും സുരക്ഷാക്രമങ്ങളും അത്തരം അപകടങ്ങൾക്കുള്ള പരിഹാരനടപടികളും.

അനുവർത്തന വ്യവസ്ഥകൾ (Compliance conditions)

പരിസ്ഥിതിസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നവർ ഈ നിയമം കൃത്യമായി പാലിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനായി വിവിധ വ്യവസ്ഥകൾ നിയമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് വ്യവസായമോ, വ്യാവസായിക പ്രവർത്തിയോ, പ്രക്രിയയോ നടത്തിക്കൊണ്ടുപോകുന്ന ഒരു വ്യക്തി നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിധിക്കപ്പുറം പരിസ്ഥിതി ദൂഷകങ്ങൾ ഒഴുക്കാനോ, ഉദ്വമിക്കാനോ, അതിന് അനുവദിക്കാനോ പാടില്ല അതുപോലെ തന്നെ നിർദ്ദിഷ്ട നടപടിക്രമങ്ങളും സുരക്ഷാമാനദണ്ഡങ്ങളും പാലിക്കാതെ അപകടകരമായ വസ്തുക്കൾ കൈകാര്യംചെയ്യാനോ അതിന് കാരണക്കാരനാകാനോ പാടില്ലാത്തതാകുന്നു. ഏതെങ്കിലും അപകടം മൂലമോ, അപ്രതീക്ഷിത സംഭവം മൂലമോ അനുവദനീയ പരിധിക്കപ്പുറം പരിസ്ഥിതി ദൂഷകങ്ങൾ ഒഴുക്കുകയോ, ഒഴുകുമെന്ന ആശങ്ക ഉണ്ടെങ്കിലോ അതിനുത്തരവാദിയായവരും ആ സ്ഥലത്തിന്റെ ഉത്തരവാദിത്വം ഉള്ളവരും പരിസ്ഥിതിമലിനീകരണം തടയുന്നതിനും ഇല്ലാതാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും

അന്തർദേശീയ തലത്തിൽ മാനവപരിസ്ഥിതി മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഒരു കോൺഫറൻസ് ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് 1972ൽ ഐക്യരാഷ്ട്ര സഭ സംഘടിപ്പിക്കുകയുണ്ടായി. ഭൂമിയും വായുവും ജലവും അടങ്ങുന്ന പരിസ്ഥിതിയും അവയ്ക്ക് മനുഷ്യരും സൂഷ്മാണുക്കൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുമായുള്ള പരസ്പരബന്ധവും നിലനിർത്തുന്നതിനും വിവിധ രീതിയിലുള്ള മലിനീകരണത്തിൽ നിന്നും അവയെ സംരക്ഷിക്കുന്നതിനും വ്യവസ്ഥകൾ ആവശ്യമാണ് എന്ന പൊതുസമ്മതി ഈ കൂട്ടായ്മയിലുണ്ടായി. പരിസ്ഥിതിസംരക്ഷണത്തിന് അനുയോജ്യമായ പ്രവർത്തനങ്ങളും അവ നടപ്പിലാക്കുന്നതിനുള്ള തന്ത്രങ്ങളും യോഗം തീരുമാനിച്ചു. ഈ പശ്ചാത്തലത്തിലാണ് 1986 ൽ പരിസ്ഥിതിസംരക്ഷണ നിയമത്തിനും ചട്ടങ്ങൾക്കും ഇന്ത്യ രൂപം നൽകിയത്. ഈ നിയമത്തിന്റെ സവിശേഷതകളും നിർവഹണ രീതികളും പൊതുസമൂഹം അറിഞ്ഞിരിക്കുക എന്നതു അത്യന്താപേക്ഷിതമായിരിക്കുന്നു.

നമ്മുടെ രാജ്യത്തെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായ സഹായവും പിന്തുണയും ഉറപ്പാക്കുന്നതിന് പരിസ്ഥിതി സംരക്ഷണ നിയമത്തിനും ചട്ടങ്ങൾക്കും കഴിയുന്നു എന്നതാണ് നാളിതു വരെയുള്ള അനുഭവം. ജൈവ മണ്ഡലത്തിന്റെ അതിർവരമ്പുകളെ ബഹുമാനിക്കുന്നതിനും ജൈവഭൗതിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരു സുസ്ഥിര വികസനരീതി കരുപിടിപ്പിക്കുന്നതിനും സർവോപരി ഒരു ഭേദപ്പെട്ട ജീവിത നിലവാരം ആസ്വദിക്കുന്നതിനും ഈ നിയമം മനുഷ്യരാശിയെ പ്രേരിപ്പിച്ചുവരുന്നു.

ബാധ്യസ്ഥരായിരിക്കും. കൂടാതെ അത്തരം സംഭവമോ, ആശങ്കയോ നിർദ്ദിഷ്ട അധികാരികളെ ഉടനടി അറിയിക്കേണ്ടതും അവർ ആവശ്യപ്പെടുന്നപക്ഷം പരിഹാരനടപടികൾ സ്വീകരിക്കുന്നതിനു വേണ്ട സഹായങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

അധികാരനിർവ്വഹണം

പരിസ്ഥിതിമലിനീകരണം സംബന്ധിച്ച് സംഭവമോ ആശങ്കയോ അറിഞ്ഞാലുടൻതന്നെ നിർദ്ദിഷ്ട അധികാരികൾ മലിനീകരണം തടയുന്നതിനോ ഇല്ലാതാക്കുന്നതിനോ വേണ്ട പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം പരിഹാരനടപടികൾക്കായി അധികാരികൾക്ക് ചെലവാകുന്ന തുക പലിശ സഹിതം മലിനീകരണത്തിന് ഉത്തരവാദികളായവരിൽനിന്നും വസൂലാക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരാൾക്കും യുക്തമായ സമയങ്ങളിൽ ഏതൊരു സ്ഥലത്തും പ്രവേശിക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും നിയമം അവകാശം നൽകുന്നു. ഇതനുസരിച്ചു നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ അനുവർത്തിക്കുന്നുണ്ടോ എന്നും വ്യവസായശാലയും അവിടെയുള്ള ഉപകരണങ്ങളും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും അവിടെയുള്ള രേഖകളും വിവരങ്ങളും കൃത്യമായി പരിപാലിക്കുന്നുണ്ടോ എന്നും പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നപക്ഷം അതിനു ഹേതുവായ സാമഗ്രികൾ തെളിവായി സമർപ്പിക്കുന്നതിന് ആവശ്യമെങ്കിലോ പരിസ്ഥിതിമലിനീകരണം തടയുന്നതിന് ആവശ്യമെങ്കിലോ പിടിച്ചെടുക്കുന്നതിനും അധികാരം നൽകുന്നു. കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ ഇപ്രകാരമുള്ള പ്രവർത്തനങ്ങളെ തടസപ്പെടുത്തുകയോ താമസിപ്പിക്കുകയോ ചെയ്യുന്നത് ക്രിമിനൽ കുറ്റകൃത്യമായി പരിഗണിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

പരിശോധന നടപടികൾ

ഏതൊരു ഫാക്ടറിയിൽ നിന്നോ, പരിസരത്തുനിന്നോ ബന്ധപ്പെട്ട പ്രദേശത്തു നിന്നോ പരിശോധനയ്ക്കും വിശകലനത്തിനുമായി വായു, ജലം, മണ്ണ് തുടങ്ങിയവയുടെ സാമ്പിളുകൾ ബന്ധപ്പെട്ടവർക്ക് മുൻകൂട്ടി അറിയിപ്പ് നൽകിക്കൊണ്ട് അവരുടെ സാന്നിദ്ധ്യത്തിൽ ശേഖരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം ശേഖരിക്കുന്ന സാമ്പിൾ ശേഖരിക്കുന്നയാളും സ്ഥലത്തിന്റെ ഉടമയും അല്ല എങ്കിൽ അദ്ദേഹത്തിന്റെ ഏജന്റും സാക്ഷ്യപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയിലേക്ക് താമസംവിനാ അയയ്ക്കേണ്ടതാണ്. സാമ്പിൾ ശേഖരിക്കുമ്പോൾ സ്ഥലത്തിന്റെ ഉടമയോ അദ്ദേഹത്തിന്റെ ഏജന്റോ മനപ്പൂർവ്വം ഹാജരാകാതിരിക്കുകയോ, സാക്ഷ്യപ്പെടുത്തുന്നതിന് തയ്യാറാകാതിരിക്കുകയോ ചെയ്താൽ ശേഖരിക്കുന്നയാൾ തന്നെ സാമ്പിൾ സാക്ഷ്യപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയിലേക്ക് താമസംവിനാ അയയ്ക്കേണ്ടതും നിശ്ചിത വിവരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതോ, അംഗീകരിച്ചിട്ടുള്ളതോ ആയ സർക്കാർ അനലിസ്റ്റിനെ അറിയിക്കേണ്ടതുമാണ്.

ഈ നിയമപ്രകാരം പരിസ്ഥിതിഘടകങ്ങളുടെ പരിശോധനയ്ക്കും വിശകലനത്തിനുമായി ഗസറ്റിൽ വിജ്ഞാപനം ചെയ്തുകൊണ്ട് കേന്ദ്രസർക്കാരിന് ഒന്നോ അതിലധികമോ പരിസ്ഥിതി പരീക്ഷണശാലകൾ സ്ഥാപിക്കുകയോ അംഗീകാരം നൽകുകയോ ചെയ്യാവുന്നതാണ്. അതോടൊപ്പം പരീക്ഷണശാലകളുടെ കർത്തവ്യങ്ങളും നടപടിക്രമങ്ങളും സമർപ്പിക്കേണ്ട റിപ്പോർട്ടിന്റെ രീതിയും നൽകേണ്ട പ്രതിഫലവും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സ്വീകരിക്കേണ്ട മറ്റുകാര്യങ്ങളും വിജ്ഞാപനം ചെയ്യാവുന്നതാണ്. യോഗ്യതയുള്ളവരെ സർക്കാർ അനലിസ്റ്റ് ആയി നിയമിച്ചുകൊണ്ടോ അംഗീകരിച്ചുകൊണ്ടോ കേന്ദ്രസർക്കാരിനു വിജ്ഞാപനമിറക്കുകയും അവർ സാക്ഷ്യപ്പെടുത്തി നൽകുന്ന റിപ്പോർട്ട് തെളിവായി ഉപയോഗിക്കുകയും ചെയ്യാം.

ശിക്ഷണനടപടികൾ

ഈ നിയമത്തിലെ വ്യവസ്ഥകളോ, ചട്ടങ്ങളോ, ഉത്തരവുകളോ, ആദർശങ്ങളോ ലംഘിക്കുകയോ, അനുവർത്തിക്കാതിരിക്കുകയോ ചെയ്താൽ അഞ്ചു വർഷം വരെ തടവോ, ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ഉള്ള ശിക്ഷ ലഭിക്കാവുന്നതാണ്. ആദ്യമായി ശിക്ഷിക്കപ്പെട്ടവർ കുറ്റം തുടർന്നാൽ ഓരോ ദിവസത്തേക്കും അയ്യായിരം രൂപ വരെ അധിക പിഴ ചുമത്തുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു. ശിക്ഷാവിധിക്കു ശേഷവും ഒരു വർഷത്തിലധികം കുറ്റകൃത്യം തുടർന്നാൽ പ്രതിയുടെ തടവുശിക്ഷ ഏഴുവർഷം വരെ നീട്ടാവുന്നതാണ്. കുറ്റം ചെയ്തത് ഒരു കമ്പനിയാണെങ്കിൽ, കുറ്റകൃത്യം നടക്കുന്ന സമയത്ത് കമ്പനിയുടെ ഉത്തരവാദിത്വം ഉള്ളവരും കമ്പനി പ്രവർത്തനങ്ങൾ ആ സമയത്ത് നേരിട്ട് നടത്തിയിരുന്നവരും

കമ്പനിയും കുറ്റക്കാരായി പരിഗണിക്കപ്പെടും. കുറ്റം ചുമത്തപ്പെട്ട ഏതെങ്കിലുമൊരു വ്യക്തി കുറ്റകൃത്യം നടത്തിയത് അദ്ദേഹത്തിന്റെ അറിവോടെയല്ല എന്നോ കുറ്റകൃത്യം തടയുന്നതിന് അദ്ദേഹം വേണ്ട ശുഷ്കാന്തി കാട്ടി എന്നോ സ്ഥാപിച്ചാൽ അവർക്ക് ശിക്ഷയിൽ നിന്നും മോചനം ലഭിക്കുന്നതാണ്. കുറ്റാരോപണം ഒരു കമ്പനിയുടെ മേലാണെങ്കിൽ, അതിന്റെ ഡയറക്ടർ (പാർട്ണർ), മാനേജർ, സെക്രട്ടറി, മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ എന്നിവരുടെ സമ്മതത്തോടെയോ, ഒത്താശയോടെയോ അശ്രദ്ധമൂലമോ ആണ് വീഴ്ച്ച സംഭവിച്ചത് എന്ന് തെളിയിക്കപ്പെട്ടാൽ അവരെ കുറ്റക്കാരായി പരിഗണിക്കുന്നതിനും അവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിനും ബാദ്ധ്യതയുണ്ട്. ഏതെങ്കിലും സർക്കാർ വകുപ്പാണ് ഈ നിയമത്തിനു വിരുദ്ധമായി പ്രവർത്തിച്ചത് എങ്കിൽ വകുപ്പു തലവൻ കുറ്റം ചെയ്തതായി പരിഗണിച്ചു നടപടി സ്വീകരിക്കുന്നതിനു നിയമം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ വകുപ്പു തലവൻ കുറ്റം ചെയ്തതായി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതിനു നിയമം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ വകുപ്പു തലവൻ അദ്ദേഹത്തിന്റെ അറിവോടെയല്ല കുറ്റം നടന്നത് എന്നോ കുറ്റകൃത്യം തടയുന്നതിന് അദ്ദേഹം വേണ്ട ശുഷ്കാന്തി കാട്ടി എന്നോ സ്ഥാപിച്ചാൽ അദ്ദേഹത്തിനു ശിക്ഷാബാദ്ധ്യതയിൽ നിന്നും ഒഴിവാകാം. കുറ്റാരോപിതമായ സർക്കാർ വകുപ്പിലെ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്റെ സമ്മതത്തോടെയോ ഒത്താശയോടെയോ അശ്രദ്ധമൂലമോ ആണ് വീഴ്ച്ച സംഭവിച്ചത് എന്ന് തെളിയിക്കപ്പെട്ടാൽ ആ ഉദ്യോഗസ്ഥനെതിരെയും ശിക്ഷാനടപടി സ്വീകരിക്കുന്നതിനു ബാദ്ധ്യതയുണ്ട്.

മറ്റിനങ്ങൾ

ഉത്തമവിശ്വാസത്തിൽ ഈ നിയമമോ, അതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളോ, ഉത്തരവുകളോ, ആദർശങ്ങളോ നടപ്പിലാക്കാൻ ശ്രമിക്കുന്ന സർക്കാരിനോ, സർക്കാർ ഉദ്യോഗസ്ഥനോ, നിയമത്തിലെ വ്യവസ്ഥ പ്രകാരം രൂപീകരിച്ചിട്ടുള്ള അതോറിട്ടിയിലെ ഉദ്യോഗസ്ഥനോ എതിരെ ഒരു നിയമനനടപടിയും നിലനിൽക്കുകയില്ല എന്ന സംരക്ഷണം ഈ നിയമം നൽകുന്നു. കേന്ദ്രസർക്കാരോ, നിർദ്ദിഷ്ട അതോറിട്ടിയോ, ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ നൽകുന്ന പരാതിയുടെ അടിസ്ഥാനത്തിലല്ലാതെ നടപടി സ്വീകരിക്കുവാൻ ഈ നിയമം അനുവദിക്കുന്നില്ല. എന്നാൽ ഏതൊരാൾക്കും 60 ദിവസത്തെ നോട്ടീസ് നൽകി പരാതി ബോധിപ്പിക്കുന്നതിനു വ്യവസ്ഥയുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള അതോറിട്ടിയിലെ അംഗങ്ങളും മേധാവികളും ഉദ്യോഗസ്ഥരും പൊതുസേവകരായി പരിഗണിക്കപ്പെടുന്നതാണ്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരോ അവർ അധികാരപ്പെടുത്തിയവരോ എടുത്തിട്ടുള്ള നടപടികൾ സിവിൽ കോടതിയുടെ അധികാരപരിധിയിൽ വരുന്നില്ല. മുൻവിധിയില്ലാതെ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനോ, മറ്റു അധികാരകേന്ദ്രത്തിനോ, ഉദ്യോഗസ്ഥനോ നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ നിയമപ്രകാരം ശിക്ഷാർഹരാകുന്നവർ മറ്റേതെങ്കിലും നിയമപ്രകാരവും ശിക്ഷാർഹരെങ്കിൽ ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവരെ ശിക്ഷിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പരിസ്ഥിതി സംരക്ഷണ ചട്ടങ്ങൾ

നിയമത്തിൽ പറഞ്ഞിട്ടുള്ള വിവിധ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു 1986ൽ പരിസ്ഥിതിസംരക്ഷണ ചട്ടങ്ങളും സർക്കാർ പുറപ്പെടുവിക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി ദൂഷകങ്ങളുടെ അനുവദനീയ അളവ്, അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ വേണ്ട സുരക്ഷ, പരിസ്ഥിതി മലിനീകരണസ്ഥിതി നിരീക്ഷിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാപനസംവിധാനം, സാമ്പിൾ ശേഖരണവും പരിശോധനയും, പരിസ്ഥിതി പരീക്ഷണശാലകൾ, സർക്കാർ അനലിസ്റ്റിന്റെ നിയമനം, നിയമലംഘനം കൈകാര്യം ചെയ്യൽ തുടങ്ങിയ കാര്യങ്ങൾ പ്രായോഗികമായി നടപ്പിൽവരുത്തുന്നതിന് പരിസ്ഥിതിസംരക്ഷണ ചട്ടങ്ങൾ സഹായിച്ചുവരുന്നു. ഈ നിയമവുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് പാർലമെന്റിന്റെ ഇരു സഭകളുടെയും അംഗീകാരം നിർബന്ധമാണ്.

നമ്മുടെ രാജ്യത്തെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായ സഹായവും പിന്തുണയും ഉറപ്പാക്കുന്നതിന് ഈ നിയമത്തിനും ചട്ടങ്ങൾക്കും കഴിയുന്നു എന്നതാണ് നാളിതുവരെയുള്ള അനുഭവം. ജൈവമണ്ഡലത്തിന്റെ അതിർവരമ്പുകളെ ബഹുമാനിക്കുന്നതിനും ജൈവഭൗതിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരു സുസ്ഥിര വികസനരീതി കരുപിടിപ്പിക്കുന്നതിനും സർവോപരി ഒരു ഭേദപ്പെട്ട ജിവിതനിലവാരം ആസ്വദിക്കുന്നതിനും ഈ നിയമം മനുഷ്യരാശിയെ പ്രേരിപ്പിച്ചുവരുന്നു. ■

ലേഖകൻ തിരുവനന്തപുരം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ ചിഫ് സയന്റിസ്റ്റാണ്.

പരിസ്ഥിതിസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നവർ ഈ നിയമം കൃത്യമായി പാലിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനായി വിവിധ വ്യവസ്ഥകൾ നിയമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് വ്യവസായമോ, വ്യാവസായിക പ്രവർത്തിയോ, പ്രക്രിയയോ നടത്തിക്കൊണ്ടു പോകുന്ന ഒരു വ്യക്തി നിയമ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിധിക്കപ്പുറം പരിസ്ഥിതി ദൂഷകങ്ങൾ ഒഴുക്കാനോ, ഉദ്വമിക്കാനോ, അതിന് അനുവദിക്കാനോ പാടില്ല. അതുപോലെതന്നെ നിർദ്ദിഷ്ട നടപടിക്രമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ അപകടകരമായ വസ്തുക്കൾ കൈകാര്യംചെയ്യാനോ അതിന് കാരണക്കാരനാകാനോ പാടില്ലാത്തതാകുന്നു.

പുതുക്കിയ പ്ലാസ്റ്റിക് മാലിന്യ പരിപാലന കൈകാര്യ ചട്ടങ്ങൾ നടപ്പിലാക്കേണ്ടതിന്റെ പ്രസക്തി

എം. ദിലീപ്കുമാർ

1999ലെ പ്ലാസ്റ്റിക് പുനഃചംക്രമണ (നിർമ്മാണവും ഉപയോഗവും) ചട്ടങ്ങൾ പൂർണ്ണമായി ഭേദഗതി ചെയ്തുകൊണ്ടാണ് 2011ലെ പ്ലാസ്റ്റിക് മാലിന്യചട്ടങ്ങൾ നിലവിൽ വന്നത്. ഇത് പ്ലാസ്റ്റിക് മാലിന്യ കൈകാര്യത്തിൽ ഗണ്യമായ മാറ്റങ്ങളാണ് വരുത്തുന്നത്. പ്ലാസ്റ്റിക് കവറുകളുടെ കനം കൂട്ടുകയും, പാൻപരാഗ് പോലെയുള്ളവ പ്ലാസ്റ്റിക് കവറിൽ പായ്ക്ക് ചെയ്യുന്നതും വിൽക്കുന്നതും നിരോധിക്കുകയും, പ്ലാസ്റ്റിക് കവറുകൾ സൗജന്യമായി വിൽക്കുന്നത് നിരോധിക്കാനും കവറുകൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതും, പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിക്കാനും അവ പുനഃചംക്രമണം നടത്തുന്നുവെന്ന് ഉറപ്പാക്കാനുമുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയതുമുൾപ്പെടെ വിപുലമായ നടപടികൾ ഈ ചട്ടങ്ങൾ ലക്ഷ്യമിടുന്നു.

ആമുഖം

പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ വിശേഷിച്ച് പ്ലാസ്റ്റിക് സഞ്ചികൾ (ക്യാരിബാഗുകൾ) ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. എന്നാൽ പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം സാധാരണജനങ്ങളുടെ ജീവിതവുമായി ഇടപഴകിക്കിടക്കുന്നതിനാൽ അവയെ പൂർണ്ണമായി ഒഴിവാക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല. പ്ലാസ്റ്റിക് സഞ്ചികളുടെ വിലക്കുറവ്, കൊണ്ടു നടക്കാനുള്ള സൗകര്യം, മീൻ-ഇറച്ചി തുടങ്ങിയ ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യാനുള്ള സൗകര്യം, വിവിധ നിറങ്ങളിലും വലുപ്പത്തിലും കിട്ടുമെന്ന മെച്ചം തുടങ്ങിയ ഗുണങ്ങൾ പ്ലാസ്റ്റിക് സഞ്ചികളെ ഒരു പരിധി വരെ ജനപ്രിയമാക്കുന്നുണ്ട്. അതേസമയം പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ വിശേഷിച്ച് പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗശൂന്യമാകുമ്പോൾ അവയിൽ ഖരമാലിന്യം കൂട്ടിക്കുഴച്ച് നിർമ്മാർജ്ജനം ചെയ്യുന്നത് വിവിധ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്കു ഇടയാക്കുന്നുണ്ട്. ഇവ ജൈവജീർണ്ണനം നടന്ന് മണ്ണിലേക്ക് ലയിച്ച് ചേരാത്തതിനാൽ ദീർഘനാൾ മണ്ണിൽ കിടക്കാനും മണ്ണിലേക്ക് ജലവും മൂലകങ്ങളും ഒലിച്ചിറങ്ങാൻ അനുവദിക്കാതെ തടസ്സം സൃഷ്ടിച്ച് മണ്ണിലെ ജൈവവ്യവസ്ഥയ്ക്ക് ശോഷണം ഉണ്ടാക്കാനും ജലാശയങ്ങളിലും ഓടകളിലും നീരൊഴുക്ക് തടസ്സപ്പെടുത്തി സ്വാഭാവികാവസ്ഥയ്ക്ക് കോട്ടം വരുത്താനും ജലമലിനീകരണത്തിനും ഇടയാക്കുന്നുണ്ട്. പ്ലാസ്റ്റിക് സഞ്ചികളുടെ ജനസമ്മതി കാരണത്താലും ആഹാരസാധനങ്ങൾ വിശേഷിച്ച് പാചകം ചെയ്യാത്തവ മുൻകൂട്ടി തൂക്കി പായ്ക്ക് ചെയ്ത് വിൽപ്പന നടത്താനുള്ള സൗകര്യം കണക്കിലെടുത്തും പ്ലാസ്റ്റിക് സഞ്ചികളെ പൂർണ്ണമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരോധിച്ചിട്ടില്ല. എന്നാൽ ചില നിയന്ത്രണങ്ങൾ ഈ മേഖലയിൽ പല സംസ്ഥാനങ്ങളിലും കൊണ്ടുവന്നിട്ടുണ്ട്. വിശേഷിച്ച് വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഇത്തരത്തിൽ ചില പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ സിംല, ഊട്ടി, ഹിമാചൽ, ഗോവ തുടങ്ങിയ സ്ഥലങ്ങളിലെ പ്ലാസ്റ്റിക് നിരോധനങ്ങളാണ്. കേരളത്തിലും ഇത്തരത്തിൽ ചില പ്രവർത്തനങ്ങൾ നടന്നതിൽ ഗുരുവായൂരിലും ശബരിമലയിലും ഏർപ്പെടുത്തിയ പ്ലാസ്റ്റിക് സഞ്ചികളുടെ സമ്പൂർണ്ണ നിരോധനം എടുത്തുപറയാവുന്നതാണ്. കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും പ്ലാസ്റ്റിക് സഞ്ചികൾ വിവിധ നിറത്തിലും വലുപ്പത്തിലും പല രൂപത്തിലും നിത്യജീവിതത്തിൽ ഇടം നേടിയെന്നത് യാഥാർത്ഥ്യമാണ്. നഗര ഖരമാലിന്യത്തിൽ ഉദ്ദേശം 7 മുതൽ 10 ശതമാനം മാത്രമാണ് പ്ലാസ്റ്റിക് സഞ്ചികൾ കാണുന്നതെങ്കിലും അവയുടെ നിർമ്മാർജ്ജനം ഒരു പ്രശ്നമായി തദ്ദേശഭരണ സ്ഥാപനങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് ചപ്പുചവറുകൾ വളമായി ഉപയോഗപ്പെടുത്തിയിരുന്ന പല പ്രദേശങ്ങളും കേരളത്തിലുണ്ടായിരുന്നു. ചപ്പുചവറുകൾ ലേലം ചെയ്ത് വിൽക്കുന്ന രീതിയും അതിനായി അഡ്വാൻസായി പണം ഒടുക്കി കാത്തുനിൽക്കുന്ന സ്ഥിതിയും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉണ്ടായിരുന്നു. പ്ലാസ്റ്റിക് സഞ്ചികൾ വന്നതോടെ ചപ്പുചവറുകൾ അതിൽ കെട്ടി വലിച്ചെറിയാൻ സൗകര്യമായി. ഒഴിഞ്ഞ പറമ്പിലും ഓടകളിലും നിരത്തുവക്കിലും പ്ലാസ്റ്റിക് സഞ്ചികളുടെ ആവരണത്തോടുകൂടി അവ പ്രത്യക്ഷമായിത്തുടങ്ങി. മണ്ണിലേക്ക് ലയിച്ചുചേരേണ്ട ചപ്പുചവറുകൾ പ്ലാസ്റ്റിക് ആവരണത്തോടെ ദീർഘനാൾ കിടക്കുന്ന സ്ഥിതിയിലേക്ക് ഇത് ഇടയാക്കി. ചപ്പുചവറുകൾ ജീർണ്ണിക്കാതെ കിടക്കാനും ദുർഗന്ധം പരത്താനും ഇതു കാരണമായി.

പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണപ്രവർത്തനങ്ങൾ

വർദ്ധിച്ചുവരുന്ന പരിസ്ഥിതി അവബോധവും ജനാഭിലാഷവും പലതരത്തിലുള്ള നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. ഇതിൽ എടുത്തു പറയാവുന്നത് പ്ലാസ്റ്റിക് സഞ്ചികളുടെ കട്ടി ഉയർത്തി പ്ലാസ്റ്റിക് സഞ്ചികൾ പാഴാക്കുന്നത് കുറയ്ക്കാനും, പുനരുപയോഗവും പുനഃചംക്രമണവും കൂടുതൽ ആകർഷകമാക്കാനും നടത്തിയ ശ്രമങ്ങളാണ്. ഇതിനായി ദേശീയതലത്തിൽ ഒരു ചട്ടം തന്നെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം 1999 ൽ നിലവിൽ വന്നു. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത പുനഃചംക്രമണ പ്ലാസ്റ്റിക് നിർമ്മാണ ഉപയോഗ ചട്ടങ്ങളാണ് ഇത്. കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയം വിജ്ഞാപനം ചെയ്ത ഈ ചട്ടങ്ങൾ പ്രകാരം പ്രധാനമായും 20 മൈക്രോണിൽ (ഒരു മൈക്രോൺ എന്നത് ഒരു മില്ലി മീറ്ററിന്റെ ആയിരത്തിലൊന്ന് അംശം) താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾ ദേശവ്യാപകമായി നിരോധിച്ചിരുന്നു. കൂടാതെ ആഹാരസാധനങ്ങൾ പൊതിയുന്നതിന് വെള്ള നിറത്തിലുള്ള പുതിയ പ്ലാസ്റ്റിക് (പുനഃചംക്രമണം നടത്താതെയുള്ളവ) കൊണ്ട് നിർമ്മിച്ചവയിൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നാണ് നിയമം അനുശാസിച്ചിരുന്നത്. ഇത്തരത്തിൽ മിനിമം കനം നിശ്ചയിച്ചതുകൊണ്ട് ഉദ്ദേശിച്ചത് ഒരു ഉപയോഗശേഷം പ്ലാസ്റ്റിക് സഞ്ചികൾ കീറി ഉപയോഗശൂന്യമായി മാലിന്യമാകുന്നത് ഒഴിവാക്കാനും കൂടുതൽ തവണ സഞ്ചികൾ ഉപയോഗിക്കാൻ സഹായകമാകാനും കൂടുതൽ തൂക്കം പ്ലാസ്റ്റിക് ഉണ്ടാകുമ്പോൾ പുനഃചംക്രമണത്തിനുള്ള സാധ്യത ഏറ്റവും സഹായകമാകാനുമായിരുന്നു. എന്നാൽ 20 മൈക്രോണിൽ താഴെ കട്ടിയുള്ള സഞ്ചികൾ, വിശേഷിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യാപകമായി വിപണിയിൽ എത്തിയിരുന്നു. പ്ലാസ്റ്റിക് സഞ്ചികളുടെ ഉൽപാദനത്തിൽ വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും പ്ലാസ്റ്റിക് സഞ്ചിയുടെ കനം, ഉണ്ടാക്കിയ കമ്പനിയുടെ വിവരങ്ങൾ, ഉൽപ്പാദനത്തിനുപയോഗിച്ച പ്ലാസ്റ്റിക്കിന്റെ പേര്, പെർമിറ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ പ്ലാസ്റ്റിക് സഞ്ചികളിലോ അവയുടെ 50 എണ്ണം അടങ്ങിയ പായ്ക്കറ്റിലോ മുദ്രണം ചെയ്തിരിക്കണമെന്ന നിബന്ധന പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കാനുള്ള ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാക്കിയിരുന്നു. പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിക്കാനും അവ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യാനും കട്ടികുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുക്കാനും നിയമം ലംഘിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാനുമുള്ള ചുമതല അതാതു പ്രദേശത്തെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുമുണ്ടായിരുന്നു.

കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ദേശീയതലത്തിൽ നിരോധിച്ചിരുന്ന 20 മൈക്രോൺ കുറഞ്ഞ കനം എന്നുള്ളത് കേരളത്തിൽ 30 മൈക്രോണായി ഉയർത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കട്ടികുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുക്കാനും ലംഘിക്കുന്നവയിൽ നിന്നും പിഴ ഈടാക്കാനും നടപടികൾ കൈക്കൊണ്ടു. എങ്കിൽത്തന്നെയും ഇവ ഫലപ്രദമായി നടപ്പിലാക്കാൻ പല കാരണങ്ങൾ കൊണ്ടും കഴിഞ്ഞില്ല എന്നതിനാലാണ് കട്ടികുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ വിപണിയിൽ പല സ്ഥലങ്ങളിലും വ്യാപകമായി കണ്ടിരുന്നത്. പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ വീണ്ടെടുത്ത് ഉപയോഗപ്പെടുത്താൻ പല ശ്രമങ്ങളും കേരളത്തിലും നടന്നു. പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ റോഡ് ടാർ ചെയ്യുന്നതിൽ ഉപയോഗപ്പെടുത്താൻ പരീക്ഷണം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ വിഭാഗം നടത്തുകയും ശ്രീകാര്യത്തെ ഒരു റോഡ് ടാർ ചെയ്ത് അതിന്റെ നിലനിൽപ്, ഈട്, ഗുണം, ജല ആഗിരണത്തിൽ വന്ന വ്യത്യാസം തുടങ്ങിയവ പഠിക്കുകയും റോഡ് ടാറിംഗിന് ഉപയോഗിക്കുന്ന മെറ്റൽ (കോഴ്സ് അഗ്രിഗേറ്റ്) ചൂടാകുമ്പോൾ അതിൽ പ്ലാസ്റ്റിക് സഞ്ചികൾ മുറിച്ചത് ഇട്ട് മെറ്റലിന് ചുറ്റും ഒരു ആവരണം ഉണ്ടാകുന്നത് മെച്ചമാണെന്ന് കാണുകയുമുണ്ടായി. എന്നാൽ ഈ പഠനഫലം ഉപയോഗപ്പെടുത്തി റോഡ് ടാറിംഗിന് പ്ലാസ്റ്റിക് സഞ്ചികൾ വ്യാപകമായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞില്ല. അതിന് കാരണമായത് റോഡ് ടാറിംഗിന് ഉപയോഗിക്കുന്ന

പാഴ്പ്ലാസ്റ്റിക് കവറുകൾ ഉരുക്കിയത് മെറ്റലിന്റെ പുറത്ത് ആവരണമായി വരുന്നത് റോഡിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന വാദഗതിയാണ്. കൂടാതെ ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ ശുപാർശ ഇല്ല എന്നതും മെറ്റീരിയലിന്റെ സ്പെസിഫിക്കേഷൻ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അംഗീകരിച്ചതിൽ നിന്നും വ്യത്യാസം വരുമെന്ന വാദവുമാണ് ഇത് പ്രായോഗികമാക്കുന്നതിൽ തടസ്സമായി വന്നത്. കൊച്ചി എണ്ണ ശുദ്ധീകരണശാലയിൽ നിന്നും ലഭിക്കുന്ന ബിറ്റുമെനിൽ (ടാർ) പ്ലാസ്റ്റിക് സഞ്ചി കൂടി ഉരുക്കി ചേർത്ത് പ്ലാസ്റ്റിക് ചേർത്ത ടാർ ലഭ്യമാക്കാനും ചില ശ്രമങ്ങൾ നടത്തിയെങ്കിലും പ്ലാസ്റ്റിക് സഞ്ചികളിലെ അഴുക്കും മാലിന്യങ്ങളും ടാറിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന ആശങ്കയും ഉണ്ടായി. ഇക്കാരണങ്ങൾ കൊണ്ട് ഇത്തരത്തിലുള്ള ശ്രമങ്ങളൊന്നും വിജയിച്ചില്ല എന്ന് ചുരുക്കം. ദേശീയതലത്തിൽ വളരെ വ്യാപകമായി പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗപ്പെടുത്താനും ചില ശ്രമങ്ങൾ നടന്നു. ഇതിൽ എടുത്തു പറയാവുന്നത് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനങ്ങളാണ്. പാഴ് പ്ലാസ്റ്റിക് സഞ്ചികൾ ചെറിയ കഷണങ്ങളായി മുറിച്ച് സിമന്റ് നിർമ്മാണശാലയിൽ ഇന്ധനമായി കൽക്കരിയോടൊത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടത്. സിമന്റ് നിർമ്മാണശാലകളിൽ സിമന്റ് ക്ലിങ്കറുകൾ ചുടുന്ന ചൂളകളിൽ ചുണ്ണാമ്പ് കല്ലും മറ്റ് അനുബന്ധ വസ്തുക്കളും കൽക്കരിയുമായി ചേർത്ത് 1200 ഡിഗ്രി സെന്റിഗ്രേഡിന് മുകളിൽ വരുന്ന ഊഷ്മാവിൽ ചുടുന്ന വേളയിൽ അവയിൽ ചെറിയ പ്ലാസ്റ്റിക് കവറുകൾ കൂടി ചേർത്താൽ ഇന്ധനത്തിന്റെ (കൽക്കരി)

അളവ് കുറയ്ക്കാൻ കഴിയുമെന്നും ഉയർന്ന ഊഷ്മാവിലാകയാൽ വായുമലിനീകരണവും വിഷവാതകങ്ങളും ഉണ്ടാകില്ല എന്നും പഠനം വഴി കണ്ടിരുന്നു. ഇതിന്റെ വെളിച്ചത്തിൽ എല്ലാ സിമന്റ് നിർമ്മാണശാലകളിലും പാഴ് പ്ലാസ്റ്റിക് സഞ്ചികളും കൂടി ഇന്ധനമായി ക്ലിങ്കർ ചൂളകളിൽ ഉപയോഗിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു. അതും കേരളത്തിൽ അത്ര കണ്ട് ഉപയോഗപ്പെട്ടില്ല. സ്ഥിതി ഇതാണെങ്കിലും പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം നിയന്ത്രിക്കാനും കുറയ്ക്കാനും ചില ശ്രമങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൗരബോധമുള്ള പൊതുജനങ്ങളുടെയും ഭാഗത്തുനിന്നുണ്ടായി. പ്ലാസ്റ്റിക് കവറുകൾക്ക് പകരമായി തുണി സഞ്ചികളും പേപ്പർ സഞ്ചികളും പ്രചരിപ്പിക്കാൻ പല ശ്രമങ്ങളും നടന്നുവരുന്നു. എങ്കിൽത്തന്നെയും പ്ലാസ്റ്റിക് കവറുകൾ ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. നഗരത്തിലും നാട്ടിൻപുറങ്ങളിലും ഖരമാലിന്യത്തിൽ നല്ലൊരു ഭാഗം പ്ലാസ്റ്റിക് കവറുകളുടെ സാന്നിധ്യം ജൈവജീർണ്ണനം നടക്കുന്ന മാലിന്യത്തെ വളമാക്കി മാറ്റാനും പരിസ്ഥിതി സൗഹൃദമായി അവയെ കൈകാര്യം ചെയ്യാനും ഒരു തടസ്സമായി നിലനിൽക്കുന്നു. പ്ലാസ്റ്റിക് കവറുകളിൽ കെട്ടിയ ചീഞ്ഞളിയുന്ന ജൈവവസ്തുക്കൾ ശരിയായി വായു കിട്ടാതെ ഭാഗികമായി ചീയുന്നതിൽ നിന്നുള്ള ദുർഗന്ധവും ഈച്ചയും മലിനജലവും ഒക്കെ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കേരളത്തിൽ നടന്ന പ്ലാസ്റ്റിക് നിയന്ത്രണ പ്രവർത്തനങ്ങൾ

കേരളത്തിലെ പ്രത്യേകതകൾ കണക്കിലെടുത്ത് പ്ലാസ്റ്റിക് കവറുകളുടെ കനം 30 മൈക്രോണിൽ കൂടുതലായി കൂട്ടി പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും പ്ലാസ്റ്റിക് കവറുകൾ പുനഃചംക്രമണം നടത്താനും പ്രോത്സാഹനം നൽകുന്ന പ്രവർത്തനമാണ് കേരളത്തിൽ പ്രധാനമായും മുൻവർഷങ്ങളിൽ നടന്നത്. പ്ലാസ്റ്റിക് കവറുകൾ പോളി എത്തിലീൻ (PE) എന്ന തരം പ്ലാസ്റ്റിക്കാകയാൽ അവ തെർമോ പ്ലാസ്റ്റിക് വിഭാഗത്തിൽപ്പെടുന്നതും അവയെ വീണ്ടും ഉരുക്കി കവറുകളോ മറ്റ് വസ്തുക്കളായോ ആക്കി വീണ്ടും ഉപയോഗിക്കാൻ കഴിയും. എന്നാൽ വിവിധ നിറത്തിലുള്ളതും അഴുക്കായതും വീണ്ടും ഉരുക്കി ഗ്രാന്യൂളുകളാക്കി പുനഃചംക്രമണം ചെയ്യുന്നതിൽ ചില സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നു. കേരളത്തിൽ എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ സ്വകാര്യ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ നിലവിലുണ്ടെങ്കിലും പ്ലാസ്റ്റിക് സഞ്ചികൾ വിവിധ നിറങ്ങളിലായി തരംതിരിച്ച് കഴുകി വൃത്തിയാക്കി കടത്തിക്കൊണ്ട് പോയി റീസൈക്ലിംഗ് യൂണിറ്റുകളിൽ എത്തിച്ച് റീസൈക്കിൾ ചെയ്യുന്നത് സാമ്പത്തിക മെച്ചമില്ല എന്നതാണ് പ്ലാസ്റ്റിക് കവറുകൾ റീസൈക്കിൾ ചെയ്യുന്നത് സാധ്യമല്ലാതാക്കുന്നത്. ഒറ്റപ്പെട്ട ചില റീസൈക്കിൾ യൂണിറ്റുകൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിച്ചെങ്കിലും അതും മുൻപറഞ്ഞ പരിമിതികൾ നിമിത്തം വിജയമെന്ന് കാണുന്നില്ല. ഇവയ്ക്ക് ആവശ്യമായ വൃത്തിയുള്ള തരംതിരിച്ച പ്ലാസ്റ്റിക് കിട്ടാനില്ല എന്ന സാഹചര്യം നിലനിൽക്കുമ്പോൾ തന്നെ പാഴ് പ്ലാസ്റ്റിക് കവറുകളെക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീർപ്പുമുട്ടുകയുമാണ്.

ഈ സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കഴിയുന്നത്ര ജനപങ്കാളിത്തത്തോടെ പ്ലാസ്റ്റിക് കവറുകൾ വൃത്തിയായി സംഭരിക്കാനും അപ്രകാരം സംഭരിക്കുന്ന പ്ലാസ്റ്റിക് സഞ്ചികൾ വിവിധ നിറത്തിലുള്ളവ തരംതിരിക്കാനും അവ ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുപയോഗിച്ച് പൊടിച്ച് സൂക്ഷിക്കാനും ശ്രമം തുടങ്ങിയത്. വൃത്തികുറഞ്ഞവ അത്യാവശ്യം കഴുകി ഉണക്കിപ്പൊടിക്കാനും അപ്രകാരം പൊടിക്കുന്നതിന്റെ പ്രധാന മെച്ചം അതിന്റെ വ്യാപ്തം ഗണ്യമായി കുറച്ച് ചാക്കിൽ നിറച്ച് ഒതുക്കിക്കെട്ടി ലാഭകരമായി റീസൈക്ലിംഗ് യൂണിറ്റിലേക്ക് എത്തിക്കാനും കഴിയുന്നു എന്നതാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ എന്നത് രണ്ടുലക്ഷം രൂപയിൽ താഴെ മൂലധന ചെലവുവരുന്ന ഒരു പൊടിക്കാനുള്ള യന്ത്രമാണ്. 45 സ്ക്വയർ മീറ്റർ ഷെഡ്ഡും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി ഉദ്ദേശം അഞ്ചര ലക്ഷം രൂപയിൽ താഴെയേ മൂലധന ചെലവ് വരൂ. ഇത്തരത്തിലുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡറുകൾ പ്രവർത്തിപ്പിക്കാൻ കുടുംബശ്രീ പോലുള്ള സ്വയംസഹായ സംഘങ്ങളുടെ സംവിധാനം ഉപയോഗപ്പെടുത്തിയാൽ അവ കുറച്ചുപേർക്കെങ്കിലും തൊഴിൽ നൽകാനും വലിയ ഒരു സാമൂഹിക പ്രശ്നം പരിഹരിക്കാനും കഴിയും. പ്ലാസ്റ്റിക് കവറുകൾ ഒരു കിലോയ്ക്ക് 15 രൂപവരെ വിലകിട്ടാൻ സാധ്യതയുണ്ട്. ഇത്തരത്തിൽ പൊടിച്ച പ്ലാസ്റ്റിക് കവറുകൾ ജില്ലാതലത്തിൽ എത്തിച്ച് ഉരുക്കി അവയിൽ നിന്നും പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ ആക്കാനുള്ള സംവിധാനം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്താനാണ് ശ്രമം നടന്നുവരുന്നത്. ഇത്തരത്തിലുള്ള ഒരു യൂണിറ്റിന് ജില്ലാതലത്തിൽ ഏകദേശം 20 ലക്ഷം രൂപ മൂലധനചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇപ്രകാരം പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ ആക്കിയാൽ പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾക്കുള്ള അസംസ്കൃത വസ്തുവായി മാറ്റാനും കിലോയ്ക്ക് ഏകദേശം 50 രൂപ വിലയുള്ള അസംസ്കൃത വസ്തുവാക്കി മാറ്റാനും കഴിയും. ഇത്തരത്തിൽ പ്ലാസ്റ്റിക് കവറുകൾ മാറ്റിയെടുക്കാൻ പ്രാഥമികമായി വേണ്ടത് അവ കഴിയുന്നത്ര വൃത്തിയാക്കി വീടുകളിൽ നിന്നും ലഭിക്കുക എന്നതാണ്. അതിനായി ഒരു ചെറിയ തുക വീട്ടുകാർക്ക് കൊടുത്ത് പ്ലാസ്റ്റിക് കവറുകൾ വീടുകളിൽ നിന്നും സ്വീകരിക്കാൻ കഴിയണം. അങ്ങനെ വീടുകളിൽ നിന്നും വർത്തമാനപത്രം ചെറിയ തുകയ്ക്ക് വിൽക്കുന്നതുപോലെ ചെറിയ തുകയ്ക്ക് പ്ലാസ്റ്റിക് കവറുകൾ എടുക്കുന്ന സംവിധാനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും ജില്ലാതലത്തിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പ്ലാസ്റ്റിക് ഗ്രാന്യൂൾ യൂണിറ്റും സ്ഥാപിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നടന്നുവരുന്നത്. ഇവിടെയാണ് 2011ൽ നിലവിൽ വന്ന ഭേദഗതി ചെയ്ത പ്ലാസ്റ്റിക് മാലിന്യ കൈകാര്യചട്ടങ്ങളുടെ പ്രസക്തി.

2011ലെ പ്ലാസ്റ്റിക് മാലിന്യ (പരിപാലന-കൈകാര്യം) ചട്ടങ്ങൾ

1999ലെ പ്ലാസ്റ്റിക് പുനഃചംക്രമണ (നിർമ്മാണവും ഉപയോഗവും) ചട്ടങ്ങൾ പൂർണ്ണമായി ഭേദഗതി ചെയ്തുകൊണ്ടാണ് 2011ലെ പ്ലാസ്റ്റിക് മാലിന്യചട്ടങ്ങൾ നിലവിൽ വന്നത്. ഇത് പ്ലാസ്റ്റിക് മാലിന്യ കൈകാര്യത്തിൽ ഗണ്യമായ മാറ്റങ്ങളാണ് വരുത്തുന്നത്. പ്ലാസ്റ്റിക് കവറുകളുടെ കനം കൂട്ടുകയും പാൻപരാഗ് പോലെയുള്ളവ പ്ലാസ്റ്റിക് കവറിൽ പായ്ക്ക് ചെയ്യുന്നതും വിൽക്കുന്നതും നിരോധിക്കുകയും, പ്ലാസ്റ്റിക് കവറുകൾ സൗജന്യമായി വിൽക്കുന്നത് നിരോധിക്കാനും കവറുകൾക്ക് വില നിശ്ചയിക്കാനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതും പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിക്കാനും അവ പുനഃചംക്രമണം നടത്തുന്നുവെന്ന് ഉറപ്പാക്കാനുമുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയതുൾപ്പെടെ വിപുലമായ നടപടികൾ ഈ ചട്ടങ്ങൾ ലക്ഷ്യമിടുന്നു. പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ റോഡ് ടാറിംഗിനായി ഉപയോഗപ്പെടുത്തണമെന്നും സിമന്റ് നിർമ്മാണത്തിന് ഇന്ധനമായി ഉപയോഗപ്പെടുത്തണമെന്നും പുതുക്കിയ ചട്ടങ്ങൾ അനുശാസിക്കുന്നുണ്ട്. കേരളത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന തരത്തിലാണ് ദേശീയ തലത്തിൽ നിലവിൽ വന്നിട്ടുള്ള പുതുക്കിയ പ്ലാസ്റ്റിക് മാലിന്യചട്ടങ്ങൾ.


പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്

ഈ ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന നിയന്ത്രണങ്ങളാണ് പ്രധാനമായും നിലവിൽ വന്നിട്ടുള്ളത്.

- ➢ ഭക്ഷണസാധനങ്ങൾ പൊതിയാനും മരുന്ന്, കുടിവെള്ളം ഇവ പായ്ക്ക് ചെയ്യുന്നതിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് സഞ്ചികൾ വെള്ള നിറത്തിലോ അതിന് IS 98331981 എന്ന സ്റ്റാൻഡേർഡിൽ അനുശാസിക്കുന്ന നിറത്തിലോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

പ്ലാസ്റ്റിക് മാലിന്യങ്ങൾ സുരക്ഷിതമായി ശേഖരിക്കാനും സംഭരിക്കാനും തരം തിരിക്കാനും ട്രാൻസ്പോർട്ട് ചെയ്യാനും നിർമ്മാർജ്ജനം ചെയ്യാനുമുള്ള ചുമതല അതാത് പ്രദേശത്തെ സ്വയംഭരണ സ്ഥാപന അധികാരികൾക്കാണ്.

- ➢ ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുനഃചംക്രമണം ചെയ്ത പ്ലാസ്റ്റിക് കവറുകളോ ജൈവ ജീർണ്ണനം നടക്കുന്ന പ്ലാസ്റ്റിക് കവറുകളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
- ➢ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 40 മൈക്രോണിൽ താഴെ കട്ടിയുള്ളവ ഉൽപ്പാദിപ്പിക്കുവാനോ സൂക്ഷിച്ചു വെയ്ക്കുവാനോ വിതരണം ചെയ്യുവാനോ പാടില്ല.
- ➢ പുകയില, പാൻമസാല, ഗുഡ്ക തുടങ്ങിയ വസ്തുക്കൾ സംഭരിച്ചു വെയ്ക്കുന്നതും പായ്ക്ക് ചെയ്യുന്നതും വിൽപ്പന നടത്തുന്നതിനും പ്ലാസ്റ്റിക് കവറുകൾ (പായ്ക്കറ്റുകൾ) ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

പുതുക്കിയ ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള) വളരെയേറെ ചുമതലകളും അധികാരങ്ങളും നിലവിൽ വന്നിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

- ➢ പ്ലാസ്റ്റിക് മാലിന്യങ്ങൾ സുരക്ഷിതമായി ശേഖരിക്കാനും സംഭരിക്കാനും തരം തിരിക്കാനും ട്രാൻസ്പോർട്ട് ചെയ്യാനും നിർമ്മാർജ്ജനം ചെയ്യാനുമുള്ള ചുമതല അതാത് പ്രദേശത്തെ സ്വയംഭരണ സ്ഥാപന അധികാരികൾക്കാണ്. ഇപ്രകാരം പ്ലാസ്റ്റിക് വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കണം. പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുന്ന ഏജൻസികളുടെ സഹായത്തോടുകൂടി ഇത്തരത്തിലുള്ള സെന്ററുകൾ ഏർപ്പെടുത്താൻ നടപടി എടുക്കേണ്ടതാണ്.
- ➢ ശേഖരിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പുനഃചംക്രമണത്തിനായി തിരിച്ചുവിടാനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്കാണ്.
- ➢ മാലിന്യങ്ങൾ ശേഖരണവുമായി ബന്ധപ്പെട്ട ഗ്രൂപ്പുകളെ അല്ലെങ്കിൽ ആളുകളെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ കൈകാര്യത്തിൽ പങ്കാളിത്തം ഉണ്ടെന്ന് ഉറപ്പാക്കാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.
- ➢ പ്ലാസ്റ്റിക് മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് കത്തിക്കുന്നില്ല എന്നുറപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.
- ➢ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണത്തിനും സംഭരണത്തിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളണം. ഇപ്രകാരം സെന്ററുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായം ബന്ധപ്പെട്ട പ്ലാസ്റ്റിക് ഉത്പാദകരിൽ നിന്ന് ഒറ്റയ്ക്കോ കൂട്ടായോ സ്വരൂപിക്കേണ്ടതുണ്ട്. ഇത് അധികരിച്ച ഉൽപ്പാദകരുടെ ഉത്തരവാദിത്വം (Extended Producer Responsibility) എന്നതായി കണക്കാക്കിക്കൊണ്ട് ശേഖരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.
- ➢ പ്ലാസ്റ്റിക് പുനഃചംക്രമണത്തിനു ശേഷം ഉണ്ടാകുന്ന അവശേഷിപ്പ് 2000 മാണ്ടിലെ നഗര ഖരമാലിന്യ (പരിപാലന കൈകാര്യ) ചട്ടങ്ങൾ പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.
- ➢ മുകളിൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി നഗരസഭാ അധികൃതർ ഓരോ പ്രദേശത്തും ബാധകമായ രീതിയിൽ ആവശ്യമായ മുൻസിപ്പൽ ബൈലോകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
- ➢ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് റോഡ് നിർമ്മാണവും സിമന്റ് പ്ലാന്റുകളിൽ ഇന്ധനമായി (കോ ഇൻസിനറേഷൻ) ഉപയോഗപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള രീതികൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്.
- ➢ തദ്ദേശസ്വയംഭരണ പ്രദേശത്ത് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ സൗജന്യമായി ചില്ലറ വില്പനക്കാർ വഴി വിതരണം ചെയ്യുന്നില്ല എന്നുറപ്പാക്കണം. ഇതിനായി നഗരസഭാ അധികൃതർ പ്ലാസ്റ്റിക് സഞ്ചികളുടെ വലിപ്പം, കനം, പ്ലാസ്റ്റിക്കിന്റെ സ്വഭാവം, മാലിന്യനിർമ്മാർജ്ജനത്തിന് വേണ്ടി വരുന്ന ചെലവ് ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പ്ലാസ്റ്റിക് സഞ്ചികൾ ചില്ലറ വില്പന നടത്താവുന്ന ഏറ്റവും കുറഞ്ഞ വില എത്ര

യെന്ന് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. കഴിയുന്നത്ര പ്ലാസ്റ്റിക് സഞ്ചികൾ പുനഃചംക്രമണം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാനും പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുവാനും സഹായകമായ തരത്തിലായിരിക്കണം ഇപ്രകാരം നിയന്ത്രണം കൊണ്ടുവരുന്നത്. ഇതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

➢ മുൻസിപ്പൽ അധികൃതർക്ക് വ്യാപകമായ ഉത്തരവാദിത്വങ്ങളാണ് പുതുക്കിയ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് ഖര മാലിന്യ പരിപാലനം നിർബന്ധമാക്കിയിട്ടുള്ളതിനാൽ ഈ ചട്ടങ്ങൾ ബാധകമാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗത്തിന് ശേഷമുള്ള ശേഖരണം, തരംതിരിക്കൽ, പരിവഹണം (Transportation) നിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കാനുള്ള ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അധിഷ്ഠിതമാണ്.

ഉപസംഹാരം

പുതുക്കിയ ചട്ടങ്ങളും അതിനോടനുബന്ധമായി തദ്ദേശസ്വയംഭരണ തലത്തിൽ പാഴ് പ്ലാസ്റ്റിക് സഞ്ചികൾ ശേഖരിക്കാനും അവ ഷ്രെഡ്ഡ് ചെയ്ത് പുനഃചംക്രമണത്തിന് സാധ്യമാകുന്ന തരത്തിൽ കൈകാര്യം ചെയ്യാനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി എടുക്കേണ്ടതുണ്ട്. ഇപ്രകാരം സ്ഥാപിക്കുന്ന സംവിധാനങ്ങൾ നടത്തിക്കൊണ്ടുപോകാനായി സ്വയംസഹായ സംഘങ്ങളെ ഏൽപ്പിക്കുന്ന കാര്യവും ആലോചിക്കേണ്ടതുണ്ട്. ഇതിനു വേണ്ടുന്ന സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകാൻ സാധ്യതയുണ്ട്. ആകയാൽ പരിസ്ഥിതിക്കു ഹാനികരമല്ലാത്ത തരത്തിൽ പാഴ് വസ്തുക്കൾ ശേഖരിക്കപ്പെടാനും അവ പരിസ്ഥിതി സൗഹൃദമായി കൈകാര്യം ചെയ്യാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സമൂഹത്തിലെ വിവിധ തട്ടിലുമുള്ള ജനങ്ങളുടെയും സഹകരണം ആവശ്യമാണ്. എങ്കിൽ മാത്രമേ കേന്ദ്ര ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയൂ. ഇതിനുവേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണം. ഇതിനായി നമുക്ക് കൂട്ടായി യത്നിക്കാം. ■

ലേഖകൻ ശുചിത്വമിഷനിൽ ഡയറക്ടറാണ് (SWM)

കെ. സിദ്ദിഖ്

പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിലെ സാദ്ധ്യതകൾ

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുന്നിലെ ഏറ്റവും വലിയ ഒരു വെല്ലുവിളിയാണല്ലോ മാലിന്യസംസ്കരണം. ഒട്ടേറെ സംസ്കരണപ്ലാന്റുകളും മറ്റും നിർമ്മിച്ചിട്ടുണ്ടെങ്കിലും വളരെ തൃപ്തികരമായി ഇന്ന് നമുക്ക് മാലിന്യങ്ങളെ സംസ്കരിക്കാൻ കഴിയുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്. കേരളത്തിലെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമല്ല അതിവേഗം നഗരവൽകരണത്തിന്റെ പാതയിലായ നമ്മുടെ ഗ്രാമപഞ്ചായത്തുകളും ഇന്ന് ഫലപ്രദമായ മാലിന്യസംസ്കരണ രീതികൾ തേടിയുള്ള അന്വേഷണത്തിലാണ്.

മാലിന്യങ്ങളെ ജൈവമാലിന്യങ്ങളെന്നും അജൈവമാലിന്യങ്ങളെന്നും രണ്ടായി തരംതിരിച്ചാണല്ലോ നാം സംസ്കരിക്കുന്നത്. അതിൽ അജൈവ മാലിന്യങ്ങളിലെ പ്രധാന ഇനമായ പ്ലാസ്റ്റിക്ക് സംസ്കരിക്കുന്നതിനുള്ള ഉപാധികളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. പ്ലാസ്റ്റിക്ക് വസ്തുക്കളിൽ കനംകൂടിയ വസ്തുക്കൾ പുനഃചംക്രമണത്തിന് വേണ്ടി റീസൈക്കിൾ യൂണിറ്റുകൾ എടുക്കുന്നുണ്ട്. എന്നാൽ സാമ്പത്തികമായി വലിയ ലാഭം ഇല്ലാത്തതിനാൽ പ്ലാസ്റ്റിക്ക് കവറുകൾ സാധാരണ യൂണിറ്റുകൾ എടുക്കുന്നില്ല. ഇതുമൂലം നമ്മുടെ നഗരങ്ങളും ഗ്രാമങ്ങളും ഇന്ന് പ്ലാസ്റ്റിക്ക് കവറുകളാൽ നിറഞ്ഞിരിക്കുന്നു. ഒരിക്കലും നശിച്ചുപോകാത്ത പ്ലാസ്റ്റിക്ക് കവറുകൾ ഇന്ന് നമ്മുടെ ഡ്രെയിനേജുകളിൽ നിറഞ്ഞ് ജലം ഒഴുകുന്നത് തടയുന്നു. ഭൂമിയിൽ പ്ലാസ്റ്റിക്ക് കവറുകൾ ഇടുന്നത് മൂലം കൃഷി അസാദ്ധ്യമാകുന്ന അവസ്ഥയുമുണ്ട്. നമ്മുടെ വീടുകളിൽ പലരും പ്ലാസ്റ്റിക്ക് കവറുകൾ കത്തിക്കുകയാണ് ചെയ്തു വരുന്നത്. എന്നാൽ പ്ലാസ്റ്റിക്ക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡയോക്സിൻ എന്ന വിഷപുക കാൻസർ പോലെയുള്ള രോഗങ്ങൾക്ക് കാരണമാകുമെന്നാണ് ശാസ്ത്രീയ കണ്ടെത്തലുകൾ.

ഈ സാഹചര്യത്തിലാണ് പ്ലാസ്റ്റിക്ക് കവറുകളുടെ ശരിയായ സംസ്കരണ രീതിയുടെ പ്രസക്തി വർദ്ധിക്കുന്നത്. പ്ലാസ്റ്റിക്ക് സംസ്കരണത്തിലെ പരമ്പരാഗത രീതികളാണ് റീസൈക്കിളിങ്ങ്, ഇൻസിനറേറ്ററുകൾ ഉപയോഗിച്ചു കത്തിച്ചുകളയൽ, ലാന്റ് ഫില്ലിങ്ങ് എന്നിവ. ഇൻസിനറേറ്ററുകളിൽ വച്ച് കത്തിച്ചുകളയുമ്പോൾ പുകയും മറ്റും ഉണ്ടാകുന്നതുമൂലം ആ രീതി ഇന്ന് അധികം ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ പുകവരാത്ത വിധം കത്തിച്ചുകളയുന്നതിനുള്ള നൂതനരീതികൾ ഇന്ന് ആവിഷ്കരിച്ചിട്ടുണ്ട്. ലാന്റ്ഫില്ലിംഗ് രീതിയും ഇന്ന് നമ്മുടെ തദ്ദേശസ്ഥാപനങ്ങളിലും മറ്റും സ്വീകരിച്ചുവരുന്നുണ്ട്. പ്ലാസ്റ്റിക്ക് കവറുകൾ റീസൈക്കിൾ ചെയ്ത് പൊടിയായും (Powder), തരിയായും (granules), പെല്ലറ്റ്സ് (pellets) ആയും മാറ്റാം. ഈ മൂന്ന് രീതിയിലും മാറ്റാവുന്ന സംവിധാനങ്ങളും ഇന്ന് നമ്മുടെ പല തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തിച്ചുവരുന്നു. പ്ലാസ്റ്റിക്ക് കവറുകൾ pellets ആക്കി മാറ്റി റോഡ് ടാർ ചെയ്യുന്നതിൽ ഉപയോഗിച്ചുവരുന്നു. കൊച്ചി കോർപ്പറേഷനിലും മറ്റും ഈ രീതി വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എട്ട് ശതമാനം പ്ലാസ്റ്റിക്കാണ് സാധാരണയായി ഉരുകുന്ന ടാറിൽ ചേർക്കുന്നത്. പൊടിയായും തരിയായും മാറ്റുന്ന പ്ലാസ്റ്റിക്ക് കവറുകൾ പൈപ്പ് നിർമ്മാണത്തിലും കവറുകളും കളിക്കോപ്പുകളും മറ്റ് നിരവധി പ്ലാസ്റ്റിക്ക് വസ്തുക്കളും ഉണ്ടാക്കാൻ വ്യാപകമായി ഉപയോഗിക്കുന്നു. പ്ലാസ്റ്റിക്ക് കവറുകളിൽ വിവിധ ഇനം (HM, PVC, HDP, LDP etc.) തരം തിരിച്ച ശേഷമേ റീസൈക്കിൾ ചെയ്യാൻ പറ്റൂ. ഒരേ ഇനം മാത്രമേ പൊടിയായും തരിയായും മാറ്റാൻ കഴിയൂ. വിവിധ ഇനം കൂട്ടിക്കലർത്തുന്ന പക്ഷം പ്ലാസ്റ്റിക്കിന്റെ ഗുണനിലവാരം കുറയാൻ ഇടവരും.

ദ്രവ ഇന്ധനമാക്കി മാറ്റുന്നതും പ്ലാസ്മാ പൈറോലിസിസും സിമന്റ് ഫാക്ടറികളിൽ ഉപയോഗിക്കുന്നതും പ്ലാസ്റ്റിക്ക് സംസ്കരണത്തിലെ പുതിയ മാർഗ്ഗങ്ങളാണ്.

പ്ലാസ്റ്റിക്ക് സംസ്കരണത്തിലെ ഒരു ആധുനിക രീതിയാണ് പ്ലാസ്മാ പൈറോലിസിസ്. ഇതിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ 4000 മുതൽ 20000^0F ഊഷ്മാവിൽ ഒരു ചൂളയിലോ റിയാക്ടറിലോ ചൂടാക്കുന്നു. ഈ ഉയർന്ന ഊഷ്മാവിൽ തൻമാത്രവിഘടനം സംഭവിക്കുന്നതിനാണ് പ്ലാസ്മാ പൈറോലിസിസ് എന്ന് പറയുന്നത്. ഇത് തികച്ചും പരിസ്ഥിതി സൗഹൃദ സംസ്കരണ രീതിയാണ്. ഓക്സിജന്റെ അസാന്നിധ്യവും റിയാക്ടറിലെ അത്യധിക ഊഷ്മാവും ഡയോക്സിൻ പോലെയുള്ള വിഷവാതകങ്ങൾ ഇല്ലാതാക്കുന്നു. പൈറോലിസിസിന്റെ ഭാഗമായി സ്ലാഗും ലോഹങ്ങളും ലഭിക്കുന്നു. സ്ലാഗ് നിർമ്മാണമേഖലയിലും ലോഹങ്ങൾ ലോഹസങ്കരങ്ങൾ ഉണ്ടാക്കുന്നതിനും ഉപയോഗിക്കാം.

ദ്രവ ഇന്ധനമാക്കി മാറ്റുന്നതാണ് പ്ലാസ്റ്റിക്ക് സംസ്കരണത്തിലെ മറ്റൊരു ആധുനിക രീതി. നാഗ്പൂരിലെ യൂണിക് പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ്(പ്രൈ) ലിമിറ്റഡ് ഒരു പ്രദർശന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഒരു നിയന്ത്രിത പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഒരു ഉൽപ്രേരകത്തിന്റെ സാനിദ്ധ്യത്തിൽ ഡീപോളിമറൈസേഷനിലൂടെ

പുലാമന്തോൾ മാതൃക

നമുക്കും നമ്മുടെ വരും തലമുറയ്ക്കും ഭക്ഷണം നൽകേണ്ട ഭൂമിയെ നാം തന്നെ സംരക്ഷിക്കേണ്ടതുണ്ട്. "പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കൂ, ഭൂമിയെ രക്ഷിക്കൂ" എന്നതാവണം നമ്മുടെ മുദ്രാവാക്യം.

ദ്രവഇന്ധനമാക്കി മാറ്റുന്നതാണ് ഈ രീതി. ഒരു റിയാക്ടറിൽ 2700 മുതൽ 3000 ഡിഗ്രി ഊഷ്മാവിൽ ദ്രവവാതക അവസ്ഥയിലാവുകയും സാന്ദ്രീകരണ അറയിൽ ദ്രവ ഇന്ധനമാക്കി ശേഖരിക്കുകയുമാണ് ചെയ്യുന്നത്. അത്യധികം ചൂടാക്കുന്ന റിയാക്ടറിൽ നിന്നും ദ്രവ ഇന്ധനം ലഭിക്കുന്നു. റിയാക്ടറിൽ നിന്ന് പുറത്തുവരുന്ന വാതകങ്ങൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജനറേറ്ററുകൾ പ്രവർത്തിപ്പിക്കാനും കഴിയും.

സിമന്റ് ഫാക്ടറികളിലും ഉരുക്ക് ഫാക്ടറികളിലും അത്യധിക ഊഷ്മാവിൽ പ്രവർത്തിക്കുന്ന ചൂളകളുള്ള ഫാക്ടറികളിലും പവർസ്റ്റേഷനുകളിലും സമാനഇന്ധനമായും അസംസ്കൃത വസ്തുവായും ഇന്ന് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉപയോഗിച്ചു വരുന്നു.

ഇതുമൂലം സിമന്റ് നിർമ്മാതാക്കൾക്ക് ഫോസിൽ ഇന്ധനങ്ങൾ ലാഭിക്കാനും പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ഭവിഷ്യത്ത് കുറയ്ക്കാനും കഴിയും. കേരളത്തിനു പുറത്തുള്ള സിമന്റ് കമ്പനികളിൽ (ഉദാ. ACC) ഈ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചു വരുന്നു. വാളയാറിലെ മലബാർ സിമന്റ്സിൽ ഈ രീതി നിർമ്മാണഘട്ടത്തിലാണ്.

ആധുനിക രീതികളെല്ലാം തന്നെ ചെലവേറിയതും പ്ലാസ്റ്റിക്ക് സംസ്കരണത്തിനു മാത്രമായുള്ള രീതികളുമല്ല. എന്നിരുന്നാലും സിമന്റ് കമ്പനികളിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്ന രീതി നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

നമ്മുടെ തദ്ദേശസ്ഥാപനങ്ങൾക്ക് കടകളിൽ നിന്നും വീടുകളിൽ നിന്നും പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ച് പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ സ്വന്തമായി തുടങ്ങിയോ, മറ്റു സ്വകാര്യ യൂണിറ്റുകൾക്ക് നൽകിയോ പ്ലാസ്റ്റിക് മൂലമുള്ള ശല്യം കുറയ്ക്കാവുന്നതാണ്.

പുലാമന്തോൾ ഗ്രാമപഞ്ചായത്തിനെ മാലിന്യവിമുക്തമാക്കുന്നതിനുള്ള "ക്ലീൻ പുലാമന്തോൾ" പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് 2011 ഡിസംബർ 15 ന് പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ചു. ആദ്യഘട്ടമായതിനാൽ 7500 വീടുകളുള്ളതിൽ 1500 ഓളം വീടുകളിൽ നിന്നു മാത്രമാണ് കവറുകൾ ശേഖരിക്കാനായത്. ഓരോ വാർഡിലും 5 വീതം കുടുംബശ്രീ പ്രവർത്തകരാണ് വീടുകളിൽനിന്നും പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ചത്. തുടർന്ന് കടകളിൽ നിന്ന് ആഴ്ചയിൽ ഒരിക്കലും വീടുകളിൽ നിന്ന് രണ്ട് മാസത്തിലൊരിക്കലും പ്ലാസ്റ്റിക് ശേഖരിക്കാനാണ് ലക്ഷ്യമിടുന്നത്. ശേഖരിച്ച പ്ലാസ്റ്റിക് കവറുകൾ പ്ലാസ്റ്റിക് സംസ്കരണയൂണിറ്റിന് കൈമാറുകയുണ്ടായി. കടകളിൽ നിന്നും കനം കുറഞ്ഞ പ്ലാസ്റ്റിക് കവറുകൾ വിതരണം ചെയ്യുന്നത് തടയാൻ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നു. ഈ രീതി നമ്മുടെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സ്വീകരിക്കാവുന്നതാണ്. നമുക്കും നമ്മുടെ വരും തലമുറയ്ക്കും ഭക്ഷണം നൽകേണ്ട ഭൂമിയെ നാം തന്നെ സംരക്ഷിക്കേണ്ടതുണ്ട്. "പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കൂ, ഭൂമിയെ രക്ഷിക്കൂ" എന്നതാവണം നമ്മുടെ മുദ്രാവാക്യം. ■

ലേഖകൻ പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

പി.കെ. ജയസിംഹ

ഫ്ളാറ്റുകളിലും വീടുകളിലും അടുക്കള വേസ്റ്റ് വളമാക്കാനുള്ള ഒരു പുതിയ രീതി

ലേഖകൻ തിരുവനന്തപുരം കോർപ്പറേഷന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്രക്രിയയെപ്പറ്റി പഠനം നടത്തി കേരള യൂണിവേഴ്സിറ്റിക്ക് തീസിസ് സമർപ്പിച്ചിരിക്കുകയാണ്.

ഫോൺ: 0471-2325887

വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണം പലയിടങ്ങളിലും തലവേദനയായി മാറിയ സാഹചര്യത്തിൽ സ്ഥലപരിമിതിയുള്ള ഫ്ളാറ്റുകളിലും വീടുകളിലും ബക്കറ്റുപയോഗിച്ച് അടുക്കള മാലിന്യങ്ങൾ കമ്പോസ്റ്റു വളം ആക്കാനുള്ള ഒരു പുതിയരീതി വികസിപ്പിച്ചെടുത്തിരിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി കെട്ടിടത്തിന്റെ ടെറസ്സിൽ നടത്തിയ പരീക്ഷണമാണ് പ്രായോഗികമായി ഇതിനു വഴിയൊരുക്കിയത്. താഴെപ്പറയുന്നവയാണ് കമ്പോസ്റ്റ് യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ.

ഫിൽറ്റർ ടാപ്പ് ഘടിപ്പിച്ച അടപ്പോടുകൂടിയ 30-60 ലിറ്റർ പ്ലാസ്റ്റിക് ബക്കറ്റ്, 40-45 സെ.മീ വ്യാസമുള്ള പ്ലാസ്റ്റിക് ബേസിൻ, 6 ഇഷ്ടിക, അര ചതുരശ്രമീറ്റർ വലിപ്പത്തിൽ കട്ടിയുള്ള പ്ലാസ്റ്റിക് കൊതുകുവല, കുറച്ചു ചിരട്ടകൾ ഇവയാണ് കമ്പോസ്റ്റ് യൂണിറ്റിനു വേണ്ടത്. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ബേസിനിൽ 2 നിരയായി ഇഷ്ടിക അടുക്കി അതിനുമുകളിൽ ബക്കറ്റ് വയ്ക്കുക. ബക്കറ്റിനുള്ളിൽ ഒരു നിരയായി ചിരട്ടകൾ കമിഴ്ത്തി വച്ചശേഷം നൈലോൺ കൊതുകുവലയുടെ അരികുകൾ വട്ടത്തിൽ മടക്കി ചിരട്ടയുടെ മുകളിൽ വയ്ക്കുക. കമ്പോസ്റ്റു നിർമ്മിക്കുമ്പോൾ അഴുകിയ വസ്തുക്കൾ താഴേക്കെത്തി ടാപ്പ് അടഞ്ഞുപോകാതിരിക്കാനാണ് ഈ സംവിധാനം. ഓരോ വീടിനും ഇത്തരം രണ്ടു സെറ്റ് കമ്പോസ്റ്റ് യൂണിറ്റുകൾ ആവശ്യമാണ്. 500 രൂപ മുതൽ പരമാവധി 1000 രൂപ വരെ മാത്രമേ ബക്കറ്റിന്റെ വലിപ്പമനുസരിച്ച് ചെലവു വരികയുള്ളൂ.

അഴുകി വളമാക്കാവുന്ന അടുക്കള വേസ്റ്റുകൾ ബക്കറ്റിൽ നിക്ഷേപിച്ച് അടപ്പുകൊണ്ട് മൂടിവയ്ക്കാം. ഏകദേശം 10 ദിവസം കഴിയുമ്പോൾ വേസ്റ്റ് അഴുകി ഊറൽ ദ്രവരൂപത്തിൽ ബക്കറ്റിന്റെ അടിയിൽ അടിഞ്ഞുകൂടും. ആവശ്യമുള്ളപ്പോൾ ചിത്രത്തിൽ കാണുന്നതുപോലെ ടാപ്പിൽകൂടി ഊറൽ ശേഖരിച്ച് അടുക്കളത്തോട്ടത്തിലും പൂന്തോട്ടത്തിലും ആവശ്യമുള്ള വെള്ളം ചേർത്ത് നേർപ്പിച്ച് വളമായി ഉപയോഗിക്കാവുന്നതാണ്. ഏകദേശം 20-25 ദിവസമാകുമ്പോൾ ബക്കറ്റിന്റെ മുക്കാൽ ഭാഗത്തിലേറെ നിറഞ്ഞു കഴിയും. ഒരു തവി ഉപയോഗിച്ച് ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യം ബക്കറ്റിലെ അഴുകിയ മാലിന്യങ്ങളും പുതിയതായി ഇടുന്ന മാലിന്യങ്ങളും ഇളക്കി അടച്ചു വയ്ക്കേണ്ടതാണ്. ഒരു ബക്കറ്റ് നിറഞ്ഞു കഴിയുമ്പോൾ മേൽപ്പറഞ്ഞതുപോലെ അടുത്ത കമ്പോസ്റ്റ് യൂണിറ്റിൽ വേസ്റ്റ് നിക്ഷേപിച്ച് തുടങ്ങാം. ഏകദേശം 30-35 ദിവസം കഴിയുമ്പോൾ ആദ്യത്തെ ബക്കറ്റിലെ കമ്പോസ്റ്റ് രൂപപ്പെടും. ഇതു പുറത്തെടുത്തു വളമായി ഉപയോഗിക്കാം. കമ്പോസ്റ്റ് ആവശ്യത്തിൽ കൂടുതലുണ്ടെങ്കിൽ ഉണക്കി ചാക്കിൽകെട്ടി സൂക്ഷിക്കാനും വിൽക്കാനും കഴിയും.

നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവ വഴി ഓരോ വാർഡിലുമുള്ള വസതികൾക്ക് മേൽപ്പറഞ്ഞ സംവിധാനം വഴി വികേന്ദ്രീകൃതമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാവുന്നതാണ്. മാത്രമല്ല, ഗ്രൂപ്പടിസ്ഥാനത്തിൽ അയൽക്കൂട്ടം, കുടുംബശ്രീ, ജനശ്രീ മറ്റു സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് എന്നിവ വഴിയും അതാതു സ്ഥലത്തെ മാലിന്യങ്ങൾ വളമാക്കി മാറ്റാനും ഈ വളം ശേഖരിച്ച് കൃഷിഭവൻ വഴി കർഷകർക്ക് വിതരണം ചെയ്യാനും കഴിയും.

റസിഡന്റ് അസോസിയേഷൻ വഴിയും ഈ പദ്ധതി നടപ്പാക്കാൻ കഴിയും. സാധാരണയായി 150 മുതൽ 200 വീടുകൾ ചേർന്നായിരിക്കും ഒരു റസിഡന്റ്സ് അസോസിയേഷനുണ്ടാകുന്നത്. മേൽപ്പറഞ്ഞ കമ്പോസ്റ്റ് യൂണിറ്റുകൾ തിരുവനന്തപുരം കോർപ്പറേഷനിലെ 60 വാർഡുകളിലെ വീടുകളിലും ഫ്ളാറ്റുകളിലും വിതരണം ചെയ്യുന്നപക്ഷം ആവശ്യമുള്ള ജൈവവളം ഉല്പാദിപ്പിക്കാമെന്നു മാത്രമല്ല, ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനും നഗരത്തിലെ മാലിന്യപ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാനും കഴിയും. ഇപ്പോൾ നിലവിലുള്ള കുടുംബശ്രീകൾക്ക് മറ്റു ഖരമാലിന്യങ്ങൾ തുടർന്നും ശേഖരിക്കാനും വീടുകളിൽ ഉൽപ്പാദിപ്പിച്ച് ഉണക്കിവയ്ക്കുന്ന ജൈവകമ്പോസ്റ്റ് ശേഖരിച്ച് കൃഷിഭവനുകളിലും മറ്റു വിതരണ കേന്ദ്രങ്ങളിലും എത്തിക്കാനും കഴിയും. സർക്കാർ ഈയിടെയാരംഭിച്ച ജൈവശ്രീ പദ്ധതിക്ക് കൂട്ടായി അടുക്കളത്തോട്ടങ്ങൾക്ക് ആവശ്യമുള്ള വളം ഉല്പാദിപ്പിക്കുന്നതിന് ഇതു സഹായിക്കും.■

പഞ്ചായത്ത് അക്കൗണ്ട്

സംശയങ്ങളും മറുപടികളും

ചോദ്യം: ഐ.കെ.എം വികസിപ്പിച്ച സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഞ്ചായത്ത് അക്കൗണ്ടുകൾ കംപ്യൂട്ടർവൽക്കരിച്ചുവരികയാണല്ലോ. കംപ്യൂട്ടർവൽക്കരണം നടത്തിക്കഴിഞ്ഞ പഞ്ചായത്തുകളിൽ തുടർന്നും കാഷ്ബുക്ക്, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ എന്നിവ കൈകൊണ്ടെഴുതി സൂക്ഷിക്കേണ്ടതുണ്ടോ? ഇപ്രകാരം സൂക്ഷിച്ചില്ലെങ്കിൽ ഇത്തരം രേഖകൾ ഓഡിറ്റ് ആവശ്യപ്പെട്ടാൽ എന്തു ചെയ്യും?

ഉത്തരം : ഇക്കാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം സർക്കാർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. കംപ്യൂട്ടർവൽക്കൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും സാംഖ്യയിൽ നിന്നു ലഭിക്കുന്നുണ്ടെങ്കിൽ അവയുടെ സ്ഥാനത്ത് മാന്വൽ സമ്പ്രദായത്തിലുള്ള രജിസ്റ്ററുകളും റിപ്പോർട്ടുകളും ആവശ്യമില്ലെന്നു മാത്രമല്ല, അവ അസ്വീകാര്യവും അസാധുവുമാണ്. ഉദാഹരണമായി മാന്വൽ സമ്പ്രദായത്തിലുള്ള കാഷ്ബുക്ക്, വരവുരജിസ്റ്റർ, ചെലവ് രജിസ്റ്റർ എന്നിവ സാധുതയുള്ള രേഖകളല്ല. ഇത്തരം രേഖകളും റിപ്പോർട്ടുകളും സൂക്ഷിക്കണമെന്ന് സൂപ്പർവൈസറി ഉദ്യോഗസ്ഥരും ഓഡിറ്റർമാരും ആവശ്യപ്പെടുകയില്ല. (2011 ഒക്ടോബർ 13 ലെ ജിഒ (എം.എസ്) 245/2011/എൽ.എസ്.ജി.ഡി.നമ്പർ സർക്കാർ ഉത്തരവിന്റെ 11-ാം ഖണ്ഡിക).

ചോദ്യം : സാംഖ്യയിൽ അപ്രൂവൽ രേഖപ്പെടുത്തേണ്ടത് സെക്രട്ടറിയാണല്ലോ. സെക്രട്ടറി പലപ്പോഴും സ്ഥലത്തില്ലാതെ വരുമെന്നതിനാൽ ഈ അധികാരം ജൂനിയർ സൂപ്രണ്ടിനുകൂടി നൽകിക്കൂടേ? അല്ലാത്ത പക്ഷം, താൻ സ്ഥലത്തില്ലാതെ വരുന്ന അവസരങ്ങളിൽ ഉപയോഗിക്കാനായി, സ്വന്തം പാസ്‌വേഡ് സെക്രട്ടറി ജൂനിയർ സൂപ്രണ്ടിനു നൽകുകയാണോ ചെയ്യേണ്ടത്?

ഉത്തരം: സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അഭാവത്തിൽ ഒരു സ്ഥാപനവും ഒരുനിമിഷം പോലും പ്രവർത്തിക്കുകയില്ല. തന്റെ അഭാവത്തിൽ, തന്റെ ചുമതല മറ്റൊരുദ്യോഗസ്ഥന് പ്രസിഡന്റിന്റെ അനുമതിയോടെ നൽകാൻ, സെക്രട്ടറിക്ക് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 184-ാം വകുപ്പ് അനുവാദം നൽകുന്നുണ്ട്. ഇപ്രകാരം ചുമതല കൈമാറി സാംഖ്യയിൽ സെക്രട്ടറിയുടെ 'സീറ്റ്' മറ്റൊരുദ്യോഗസ്ഥന് നൽകുകയാണ് ആവശ്യമായ സന്ദർഭങ്ങളിൽ സെക്രട്ടറി ചെയ്യേണ്ടത്.

പാസ്‌വേഡ് ഒരു രഹസ്യകോഡാണ്. അത് ഓരോരുത്തർക്കും സ്വന്തമാണ്. സ്വന്തം പാസ്‌വേഡ് ഒരുദ്യോഗസ്ഥനും മറ്റൊരാൾക്ക് ഒരിക്കലും നൽകരുത്.

ചോദ്യം: സാംഖ്യ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ കറന്റ് സപ്ലൈ നഷ്ടപ്പെട്ടാൽ, കാഷിയർ എന്തുചെയ്യും.?

ഉത്തരം : മാന്വൽ സമ്പ്രദായത്തിലുള്ള രസീത് എഴുതിനൽകണം. ഇത് 'ഇന്ററപ്റ്റഡ് റസീറ്റ്' ആയി പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്താം.

ചോദ്യം: ഔട്ട്ഡോർ പിരിവിനുപോയ ഉദ്യോഗസ്ഥൻ പിരിച്ചെടുത്ത തുകയുമായി വൈകിട്ട് പഞ്ചായത്ത് ഓഫീസിൽ എത്തുമ്പോഴാണ് കറന്റ് സപ്ലൈ പോകുന്നത്. ഔട്ട്ഡോർ കളക്ഷൻ തുകയ്ക്ക് മാന്വൽ സമ്പ്രദായത്തിൽ രസീത് നൽകുന്ന പതിവില്ല. അപ്പോൾ രസീത് നൽകാതെ തുക വാങ്ങിവച്ച് പിറ്റേന്ന് സാംഖ്യയിൽ രസീത് രേഖപ്പെടുത്തുകയാണോ വേണ്ടത്? അതോ, പിറ്റേന്നു രാവിലെ കൊണ്ടുവന്നാൽ മതി എന്ന അറിയിപ്പോടെ തുക വാങ്ങാതിരിക്കുകയാണോ?

ഉത്തരം: ഇത് രണ്ടുമല്ല ചെയ്യേണ്ടത്. സാംഖ്യയിലേക്ക് ഒരു തുക പ്രവേശിക്കണമെങ്കിൽ 'റസീറ്റ് വൗച്ചർ' എന്ന കവാടത്തിലൂടെ മാത്രമേ സാദ്ധ്യമാവൂ. കറന്റ് സപ്ലൈ ഇല്ലാത്ത സമയത്ത് നടന്ന ഇടപാടുകൾ അതേസമയത്ത് നടന്നതായി പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്തണമെങ്കിൽ അത് 'ഇന്ററപ്റ്റഡ് രസീറ്റ് മോഡി'ൽ ആയിരിക്കും. ഇപ്രകാരം 'ഇന്ററപ്റ്റഡ് റസീറ്റ് മോഡ്' പ്രവർത്തിക്കുന്നത് കൈകൊണ്ടെഴുതി നൽകിയ രസീതിന്റെ അടിസ്ഥാനത്തിലാണ്. അതിനാൽ ഔട്ട്ഡോർ കളക്ഷൻകൊണ്ടുവന്ന ഉദ്യോഗസ്ഥന്റെ കയ്യിൽ നിന്ന് തുകവാങ്ങി മാന്വൽ രസീത് നൽകണം. നൽകിയില്ലെങ്കിൽ അത് യഥാർത്ഥത്തിൽ പഞ്ചായത്തിൽ ലഭിച്ച സമയത്ത് ലഭിച്ചതിന് രേഖയുണ്ടാവുകയില്ല. ഇത് ഏതെല്ലാം തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് എല്ലാവർക്കും അറിയാമല്ലോ. ഔട്ട്ഡോർ ഉദ്യോഗസ്ഥന് പഞ്ചായത്തിൽ പണം സ്വീകരിച്ചതിനു തെളിവായി നൽകിയ മാന്വൽ രസീതിന്റെ അടിസ്ഥാനത്തിൽ പിറ്റേന്ന് 'ഇന്ററപ്റ്റഡ് മോഡിൽ' സാംഖ്യയിൽ രസീത് രേഖപ്പെടുത്തേണ്ടതാണ്.

ചോദ്യം: കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഏതെങ്കിലും തുക തിരിച്ചടച്ചാൽ അത് 'ആർ.ഒ.പി.' (ROP) ആകുമെന്നും പിന്നീട് തിരിച്ചു ലഭിക്കില്ലെന്നും ട്രഷറി പറയുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ മണിഓർഡർ റിട്ടേണുകൾ, തൊഴിലില്ലായ്മ വേതനത്തിൽ ചെലവഴിക്കാതെ ബാക്കിവന്ന തുക എന്നിവ ട്രഷറിയിൽ അടച്ചാൽ ഇപ്രകാരം തിരിച്ചു ലഭിക്കാതെ നഷ്ടപ്പെടുമെന്നാണ് ലഭിച്ചിട്ടുള്ള വിവരം. ഇതു ശരിതന്നെയാണോ?

ഉത്തരം : ഒട്ടും ശരിയല്ല. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് തന്നാണ്ടിൽ പിൻവലിച്ച തുക, അതേ സബ് (അല്ലെങ്കിൽ ഡീറ്റെയിൽഡ്) ഹെഡിലേക്ക് ചലാൻ മുഖേന തിരിച്ചടച്ചാൽ അത് തന്നാണ്ടിലെ ഉപയോഗത്തിന് ലഭ്യമാകുമെന്നത് കൺസോളിഡേറ്റഡ് ഫണ്ടിലെ എല്ലാ ഹെഡ് ഓഫ് അക്കൗണ്ടുകൾക്കും ബാധകമാണ്. വിവിധ സർക്കാർ വകുപ്പുകൾ ഈ രീതി പിന്തുടരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബി-ഫണ്ട് തുകകൾ തന്നാണ്ടിൽ പിൻവലിച്ചതാണെങ്കിൽ, പിൻവലിച്ച അതേ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുക, ചലാന്റെ പകർപ്പു സഹിതം, തിരിച്ചടച്ച തുകയ്ക്കു തുല്യമായി അപ്രോപ്രിയേഷൻ വർദ്ധിപ്പിച്ചു തരണമെന്ന അപേക്ഷ ട്രഷറി ഓഫീസർക്കു നൽകുക; ട്രഷറി ഓഫീസർ ഇപ്രകാരം അപ്രോപ്രിയേഷൻ വർദ്ധിപ്പിക്കുക;

ഡിപ്പാർട്ട്മെന്റൽ ഓഫീസറുടെ അലോട്ട്മെന്റ് ഇല്ലാതെതന്നെ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ട്രഷറി തുക നൽകുക- ഇതാണ് നടപടിക്രമം. ഇക്കാര്യം 12.4.2006 ലെ ജിഒ(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 10.2-ാം ഖണ്ഡികയിലും 25.3.2009 ലെ 27/2009/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ (i)-ാം നമ്പർ ഖണ്ഡികയിലും പ്രതിപാദിച്ചിട്ടുണ്ട്. (ഉത്തരവും സർക്കുലറും finance.-kerala.gov.in എന്ന ധനകാര്യവകുപ്പിന്റെ website ൽ ലഭ്യമാണ്)

ഏതെങ്കിലും ട്രഷറി ഓഫീസറുടെ ശ്രദ്ധയിൽ ഇക്കാര്യം പെട്ടിട്ടില്ലെങ്കിൽ ചൂണ്ടിക്കാണിക്കുക; ആവശ്യമെങ്കിൽ ജില്ലാ ട്രഷറി ഓഫീസറുടെയോ ട്രഷറി ഡയറക്ടറുടെയോ ശ്രദ്ധയിലേക്ക് വിഷയം കൊണ്ടുവരിക; തുക പിൻവലിക്കാൻ കഴിയും.

ചോദ്യം: പഞ്ചയാത്തിൽ വസ്തുനികുതി ഈടാക്കുന്നത് വാർഷികമായി ഒറ്റ ഗഡു ആയിട്ടാണല്ലോ? പിഴപ്പലിശയും ഇത്തരത്തിൽ ഒന്നിച്ച് വാർഷിക ഗഡുവിനല്ലേ കണക്കാക്കേണ്ടത്? സാംഖ്യയിൽ ഇക്കാര്യം വ്യത്യസ്തമായി കാണുന്നതുകൊണ്ടാണ് ചോദ്യം ഉന്നയിക്കുന്നത്.

ഉത്തരം : 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203-ാം വകുപ്പിന്റെ 15-ാം ഉപവകുപ്പുപ്രകാരമാണ് സാംഖ്യയിൽ പിഴപ്പലിശ കണക്കാക്കുന്നത്. ഭേദഗതി ചെയ്ത 203-ാം വകുപ്പ് 2009 ഒക്ടോബർ 7ന് നിലവിൽ വന്നു. അന്നേ തീയതി മുതലുള്ള വ്യവസ്ഥ താഴെ പറയുന്നതാണ്.

വാർഷിക വസ്തുനികുതി രണ്ട് അർദ്ധവാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. ഓരോ അർദ്ധവർഷത്തേക്കുള്ള ഗഡു ആ അർദ്ധവർഷത്തിന്റെ അവസാന ദിവസത്തിനകം ഒടുക്കേണ്ടതാണ്. അതായത് സെപ്തംബർ 30 നകം ഒന്നാമത്തെ ഗഡു ഒടുക്കണം; രണ്ടാമത്തെ ഗഡു മാർച്ച് 31നകവും. ഇപ്രകാരം ഒടുക്കിയില്ലെങ്കിൽ ഒക്ടോബർ 1ന്/അല്ലെങ്കിൽ ഏപ്രിൽ 1 ന് ഒരു ശതമാനം പിഴപ്പലിശ നൽകേണ്ടതാണ്. (209ഇ-വകുപ്പ് 7.10.2009 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്തു. അതുപ്രകാരം പിഴപ്പലിശ ഒരു ശതമാനമാണ്)

ചോദ്യം: ഓരോ സാമ്പത്തികവർഷത്തിലെയും പിരിവ് 100 ശതമാനം തികയ്ക്കുന്നതിനുവേണ്ടി ഏപ്രിൽ 15 വരെ നൽകുന്ന രസീതുകൾക്ക് മാർച്ച് 31 എന്ന തീയതി നൽകുന്ന പതിവ് ചില പഞ്ചായത്തുകളിൽ ഉള്ളതായി കേട്ടിട്ടുണ്ട്. മാർച്ച് 31-ാം തീയതിയുടെ കാഷ്ബുക്ക് ക്ലോസിംഗ് ഇതിനായി ഏപ്രിൽ 15 വരെ നീട്ടിക്കൊണ്ടുപോകുകയും ചെയ്യാറുണ്ടത്രേ. സാംഖ്യ നടപ്പാക്കിക്കഴിഞ്ഞാൽ ഇക്കാര്യം സദ്ധ്യമാകുമോ? ഇല്ലെങ്കിൽ പിന്നെ 100 ശതമാനം പിരിവ് പല പഞ്ചായത്തുകളിലും അസാദ്ധ്യമായിത്തീർന്നേക്കാം.

ഉത്തരം: സാംഖ്യയുടെ കാര്യം അവിടെയിരിക്കട്ടെ. മാന്വൽ സമ്പ്രദായത്തിൽ മാർച്ച് 31 എന്ന തീയതി വെച്ച് നൽകിയ രസീത്പ്രകാരം പിരിച്ചെടുത്ത തുക ഏപ്രിൽ 15നാണ് ബാങ്കിൽ അടച്ചതെന്ന് രേഖകൾ സൂചിപ്പിക്കുമല്ലോ. പിരിച്ചെടുത്ത തുക ഇപ്രകാരം 15 ദിവസം കയ്യിൽ വെച്ചിരുന്നു എന്ന കുറ്റം സ്വയം ഏറ്റെടുക്കേണ്ടതുണ്ടോ?

മാന്വൽ സമ്പ്രദായത്തിൽ, മറ്റാരും അറിയാതെ, ചില ഉദ്യോഗസ്ഥർ തമ്മിൽ യോജിക്കുകയാണെങ്കിൽ, നിയമപ്രകാരം നിർദ്ദേശിച്ച ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ തകിടം മറിക്കാൻ കഴിയും. എന്നാൽ കംപ്യൂട്ടർവൽക്കൃത സമ്പ്രദായത്തിൽ ഇത്തരം നിയമലംഘനങ്ങൾ തടയാനുള്ള സംവിധാനമുണ്ട്. സാംഖ്യ താമസിയാതെ വെബ് അധിഷ്ഠിതമായിത്തീരും. ഓരോ പഞ്ചായത്തിലും സംഭവിക്കുന്ന ധനകാര്യ ഇടപാടുകൾ തത്സമയം തന്നെ പഞ്ചായത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ വരികയും ചെയ്യും. ഇക്കാര്യം കൊണ്ടുതന്നെ, നിയമം ലംഘിച്ചുകൊണ്ടുള്ള ധനകാര്യ ഇടപാടുകൾ സാദ്ധ്യമാവില്ല.

ചോദ്യം : ഒരാളുടെ പേരിൽ ചിലപ്പോൾ പത്തോ ഇരുപതോ വീടുകളോ ഡോർ നമ്പരുകളോ ഉണ്ടായേക്കാം. ഇവയ്ക്കെല്ലാം ചേർത്ത് മാന്വൽ സമ്പ്രദായത്തിൽ ഒറ്റ രസീത് നൽകുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. ഇതിനുപകരം സാംഖ്യയിൽ ഓരോ ഡോർ നമ്പരിനും പ്രത്യേകം രസീത് നൽകേണ്ടിവരുന്നു. നേരത്തേയുള്ള രീതി വളരെ എളുപ്പമായിരുന്നു. കംപ്യൂട്ടർവൽക്കരണം വഴി കാലതാമസമുണ്ടാകുന്നത് നല്ല പ്രവണതയാണോ?

ഉത്തരം : ഒറ്റ രസീതാണ് നൽകിയിരുന്നതെങ്കിലും ഓരോ വീടിനും (അല്ലെങ്കിൽ ഡോർ നമ്പരിനും) പ്രത്യേകം അസസ്മെന്റും ഡിമാന്റും ഉണ്ടായിരുന്നുവല്ലോ. രസീത് നൽകിക്കഴിഞ്ഞ ശേഷം ഓരോ ഡിമാൻഡിനുനേരെയും രസീത് നമ്പരും തുകയും എഴുതി ബന്ധപ്പെട്ട ഡിമാൻഡ് രജിസ്റ്റർ എടുത്ത് പോസ്റ്റ് ചെയ്യുകയും വേണമായിരുന്നു. സഞ്ചയ -സാംഖ്യ ആപ്ലിക്കേഷനുകൾ ഒത്തുചേർന്ന് ഒന്നായി പ്രവർത്തിക്കുമ്പോൾ കൗണ്ടറിൽ സാംഖ്യയിൽ പണം സ്വീകരിച്ച് രസീത് രേഖപ്പെടുത്തുന്ന നിമിഷം തന്നെ ബന്ധപ്പെട്ട ഡിമാന്റിനു നേരെ കളക്ഷൻ രേഖപ്പെടുത്തിയിരിക്കും. അതോടെ ഡിമാന്റ് ക്ലോസ് ചെയ്യും.

മാന്വൽ സമ്പ്രദായത്തിൽ പിന്നീട് വിവിധ രജിസ്റ്ററുകളിൽ എഴുതുന്ന വിവരങ്ങൾ കംപ്യൂട്ടർവൽകൃത സമ്പ്രദായത്തിൽ ആദ്യംതന്നെ ശേഖരിക്കുന്നു. തുക വാങ്ങിക്കഴിഞ്ഞാൽ മറ്റൊരു ജോലിയും അവശേഷിക്കുന്നില്ല.

ഇവിടെ മാന്വൽ സമ്പ്രദായത്തിലെ എളുപ്പം എന്നു പറയുന്നത് രസീത് എഴുതുന്നതിനെപ്പറ്റിമാത്രമാണ്. അതേ സമയം, പിന്നീട് കുത്തിയിരുന്ന് വിവിധ രജിസ്റ്ററുകളിൽ വിവരങ്ങൾ എഴുതിക്കയറ്റുന്ന ശ്രമകരമായ ജോലിയുടെ കാര്യം മറച്ചുവെയ്ക്കുകയും ചെയ്യുന്നു.

ചോദ്യം : തനത്ഫണ്ടിൽ നിന്നു ചെയ്ത പ്രവൃത്തിക്ക് എഞ്ചിനീയർക്ക് തുക നൽകുമ്പോൾ കരാറുകാരന്റെ പേരിൽ ഒരു ചെക്കും റിക്കവറി തുകകൾക്ക് മൊത്തമായി ഒരു ചെക്കും അല്ലെങ്കിൽ ഓരോ റിക്കവറി തുകയ്ക്കും ഓരോ ചെക്കും ഇങ്ങനെ നൽകേണ്ടതുണ്ടോ?

ഉത്തരം: 12.04.2006 ലെ ജിഒ(പി)177/2006/ഫിൻ-നമ്പർ സർക്കാർ ഉത്തരവിന്റെ 7.1-ാം ഖണ്ഡികപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലോ തേഡ് പാർട്ടിയുടെ പേരിലോ ചെക്ക് നൽകാവുന്നതാണ്. വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് അക്കൗണ്ട്-I ൽ നിന്ന് ഒരു ചെക്ക് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുകയാണെങ്കിൽ ബാങ്കിംഗ് ട്രഷറി മുഖേന ഒറ്റ ചെക്കിന്റെ തുകയ്ക്ക് എത്ര ഡിമാന്റ് ഡ്രാഫ്റ്റ് വേണമെങ്കിലും ലഭിക്കും. ഇൻകം ടാക്സ്/വാറ്റ് എന്നിവയ്ക്കുള്ള ചലാൻ വെയ്ക്കുകയുമാവാം.

ചോദ്യം: തൊഴിലുറപ്പു പദ്ധതിയുടെ ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവിധ ബാങ്കുകളിലാണ്. ഓരോ ബാങ്കിനുവേണ്ടിയും ഒരു ചെക്ക് എന്ന ക്രമത്തിൽ ഒട്ടേറെ ചെക്കുകൾ എഴുതി നൽകേണ്ടിവരുന്നു. ഈ ജോലി ലഘൂകരിക്കാനാകുമോ?

ഉത്തരം: ബാങ്ക് മാനേജരുമായി സംസാരിക്കുക. തൊഴിലുറപ്പു പദ്ധതിയുടെ അക്കൗണ്ട് ദേശസാൽകൃതബാങ്കിലാണല്ലോ. അവർക്ക് NEFT (National Electronic Fund Transfer) സംവിധാനമുണ്ട്. ഇതുകാരണം മൊത്തം തുകയ്ക്ക് ഒരു ചെക്കും, അതോടൊപ്പം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളടങ്ങിയ ലിസ്റ്റും നൽകിയാൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് അവർ തുക ക്രെഡിറ്റ് ചെയ്തുകൊള്ളും. NEFT സൗകര്യമില്ലാത്ത സഹകരണ ബാങ്കുകളിലേക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും നൽകും. ■

തയ്യാറാക്കിയത്: ***ഉദയഭാനു കണ്ടേത്ത്***
കൺസൾട്ടന്റ്
ഇൻഫർമേഷൻ കേരള മിഷൻ
മൊബൈൽ : 9447454221
ഇ-മെയിൽ: ubkandeth@gmail.com

പഞ്ചായത്തുകൾക്ക് നാളികേര മേഖലയിലെ ബൃഹത് പദ്ധതി

പേജ് 19ൽ നിന്ന്

ശരാശരി പരിചരണമുള്ള നാടൻ തെങ്ങിന് ഒരു വർഷത്തേക്ക് വേണ്ട വളം

1. യൂറിയ - 740 ഗ്രാം
2. സൂപ്പർ ഫോസ്ഫേറ്റ് - 1.10 കി.ഗ്രാം
3. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് - 1.10 കി.ഗ്രാം.

നല്ല പരിചരണമുള്ള തോട്ടങ്ങൾ

1. യൂറിയ - 1.09 കി. ഗ്രാം
2. സൂപ്പർ ഫോസ്ഫേറ്റ് - 2 കി.ഗ്രാം
3. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് - 2 കി.ഗ്രാം.

ഇതുകൂടാതെ മഗ്നീഷ്യം, ബോറോൺ തുടങ്ങിയവയുടെ അഭാവം കാണുന്ന തോട്ടങ്ങളിൽ സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ യഥാക്രമം 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 250 ഗ്രാം ബോറാക്സ് എന്ന തോതിൽ നൽകണം. കരപ്രദേശങ്ങളിൽ 1.കി.ഗ്രാം കറിയുപ്പ് ജൂൺ-ജൂലൈ മാസങ്ങളിൽ നൽകുന്നതും നല്ലതാണ്.

സംയോജിത കീടനിയന്ത്രണം

ഓലചീയൽ, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾക്കെതിരെയും ചെമ്പൻചെല്ലി, കൊമ്പൻചെല്ലി, മണ്ഡരി തുടങ്ങിയ കീടങ്ങൾക്കെതിരെയും സംയോജിത രോഗ-കീട നിയന്ത്രണ പരിപാലന മുറകൾ കൂട്ടായി അനുവർത്തിക്കേണ്ടതാണ്.

കളനിയന്ത്രണം

കളകളും മറ്റ് ജീർണ്ണിക്കുന്ന ജൈവാവശിഷ്ടങ്ങളും നീക്കി തെങ്ങിൻതോട്ടം വൃത്തിയായി സൂക്ഷിക്കുന്നത് തെങ്ങ് പുനരുജ്ജീവനത്തിന് ഏറ്റവും ആവശ്യമായ പരിപാലന മുറയാണ്.

തണൽ ക്രമീകരണം

തെങ്ങിൻ മണ്ടയിൽ ശരിയായി വെയിൽ തട്ടിയാൽ മാത്രമേ തെങ്ങിന് ആവശ്യമായ പോഷകങ്ങൾ പ്രകാശ സംശ്ലേഷണം വഴി ഉണ്ടാക്കുവാനും തെങ്ങിന് നന്നായി വളരുവാനും സാധിക്കുകയുള്ളൂ. അതുകൊണ്ട് തണൽ ക്രമീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു.

പുതയിടൽ

തെങ്ങുകളുടെ വരികൾക്കിടയിൽ 150 സെ.മീ. വീതിയിലും 50 സെ.മീ. ആഴത്തിലും ചാലുകളെടുത്ത് അവയിൽ തൊണ്ടിട്ട് മൂടുക. കാലവർഷാരംഭത്തിൽ തന്നെ തൊണ്ട് അഴുകുന്നു.

മഴക്കുഴികൾ

5-6 മീറ്റർ ഇടവിട്ട് ഒരു മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത് അതിൽ ചപ്പുചവറുകൾ നിറയ്ക്കുക.

ജലസേചനം

ഡിസംബർ മാസത്തിൽ നന തുടങ്ങണം.

ഇടവിളക്കൃഷി

ഓരോ പ്രദേശത്തേക്കും യോജിച്ച ഹ്രസ്വകാല ഇടവിളകളായ വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും ദീർഘകാല വിളകളായ കുരുമുളക്, ജാതി, കൊക്കോ, എന്നീ വിളകളും കൃഷി ചെയ്ത് വിപണനം നടത്തുവാനും തെങ്ങിൻതോട്ടത്തിൽ നിന്നുള്ള വരുമാനം പരമാവധി ഉയർത്തുവാനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. ഇതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ. തുടങ്ങിയവ മുഖേനയുള്ള സാമ്പത്തിക സഹായവും പ്രയോജനപ്പെടുത്താവുന്നതാണ്.

പദ്ധതി നടത്തിപ്പ്- വിവിധ ഘട്ടങ്ങൾ

പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഓരോ പ്രദേശത്തെയും കർഷകരെ വിളിച്ചുകൂട്ടി പദ്ധതി വിശദാംശങ്ങളെക്കുറിച്ചും ഓരോ പ്രദേശത്തെയും അടിസ്ഥാന വിവരശേഖരണത്തെക്കുറിച്ചും വിശദമായ ക്ലാസ്സുകൾ നൽകുന്നു.

പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടം ക്ലസ്റ്ററിലെ കർഷകരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള കർഷക പങ്കാളിത്തത്തോടെയുള്ള സർവ്വേയാണ്. പരിശീലനം സിദ്ധിച്ച ക്ലസ്റ്റർ പ്രവർത്തകരെയാണ് ചുമതലപ്പെടുത്തുന്നത്. ഇവരുമായി പൂർണ്ണമായി സഹകരിക്കുകയും തെങ്ങിൻ തോട്ടത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുകയും ചെയ്താൽ മാത്രമേ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയൂ.

സർവ്വേയിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ക്ലസ്റ്ററിലും നടപ്പിലാക്കുന്ന പുനരുദ്ധാരണ പരിപാടികളെക്കുറിച്ച് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നു.

കർമ്മപദ്ധതിയിൽ ഓരോ പ്രദേശത്തെയും വെട്ടിമാറ്റുന്ന തെങ്ങുകളുടെ എണ്ണം, അതിനനുവദിക്കേണ്ട തുക, പകരം നടാൻ വേണ്ട തൈകളുടെ എണ്ണം, പുനരുദ്ധാരണത്തിന് അവലംബിക്കേണ്ട ആവശ്യമായ പരിപാലന മുറകൾ, അവയ്ക്ക് രണ്ടുവർഷത്തേക്കുവേണ്ടിവരുന്ന മൊത്തം തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പദ്ധതി തയ്യാറാക്കാനായി നാളികേരവികസന ബോർഡിലെ ഉദ്യോഗസ്ഥന്മാർ സഹായിക്കുന്നു.

ഒരു പഞ്ചായത്തിലെ വിവിധ ക്ലസ്റ്ററുകളുടെ പദ്ധതികൾ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ കർമ്മപദ്ധതി അതത് പ്രദേശത്തെ പ്രാദേശിക വികസന സമിതിയുടെ അംഗീകാരത്തോടെ ജില്ലാ കൃഷി ആഫീസർവഴി സംസ്ഥാന തലത്തിലുള്ള സമിതിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. സംസ്ഥാന സമിതിയുടെ അനുമതിയോടെ അന്തിമ തീരുമാനത്തിനായി നാളികേര വികസന ബോർഡിന് സമർപ്പിക്കുന്നു. പദ്ധതി നടത്തിപ്പിനുള്ള അനുമതി നേരിട്ട് പഞ്ചായത്ത് തലത്തിലുള്ള കൃഷിഭവനുകളെ ബോർഡ് അറിയിക്കുന്നു.

അടിസ്ഥാന സർവേയിൽ തെരഞ്ഞെടുത്ത തെങ്ങുകൾ വെട്ടിമാറ്റിയശേഷം, ഓരോ കർഷകനും അർഹമായ ധനസഹായം അതത് കർഷകന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. അക്കൗണ്ടില്ലാത്ത കർഷകർ ദേശസാൽകൃതബാങ്കുകളിൽ 'നോ-ഫ്രിൽ' അഥവാ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങണം. ഇതിന് മിക്കവാറും എല്ലാ ബാങ്കുകളും തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്.

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പഞ്ചായത്തുകളും കൃഷിഭവനുകളും കേരകർഷകരും ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്; അവയിൽ ചിലത് :

പഞ്ചായത്തുകൾ ചെയ്യേണ്ട കാര്യങ്ങൾ

- നൂറ് ശതമാനം കൃഷിക്കാരുടെയും കൃഷിയിടങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- സർവ്വേ കൃത്യമായും വ്യക്തതയോടെയും നടത്തുന്നതിന് മേൽനോട്ടം വഹിക്കണം.
- ക്ലസ്റ്ററുകളുടെ രൂപീകരണത്തിന് നേതൃത്വം കൊടുക്കുക.
- യഥാസമയം ഏരിയാ ഡവലപ്പ്മെന്റ് കമ്മിറ്റി മീറ്റിംഗുകൾ വിളിച്ചുചേർത്ത് പദ്ധതികൾക്കുള്ള അനുമതി നൽകണം.
- തെങ്ങ് വെട്ടിമാറ്റുന്നത് 31-03-2012 ന് മുമ്പായി പൂർത്തീകരിക്കണം.
- കർഷകർക്ക് ബാങ്ക് അക്കൗണ്ട്, കിസാൻ ക്രെഡിറ്റ് കാർഡ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

കൃഷിഭവനുകൾ ചെയ്യേണ്ട കാര്യങ്ങൾ

- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറെ സഹായിക്കാൻ ഒരു ഹോർട്ടികൾച്ചർ അസിസ്റ്റന്റിനെ ഓരോ കൃഷിഭവനിലും ബോർഡ് അനുവദിച്ചിട്ടുണ്ട്. ഇവരുടെ നിയമനം യഥാസമയം ഉറപ്പു വരുത്തുക.
- സർവ്വേ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുമ്പോൾ കൃത്യത

ഉറപ്പു വരുത്തുക.

- കർഷകർക്ക് അനുവദിക്കുന്ന സബ്സിഡി തുക ഓൺലൈനായി ലഭ്യമാക്കുക.
- ഏരിയ ഡവലപ്പ്മെന്റ് കമ്മിറ്റികൾ അനുമതി നൽകിയ പദ്ധതികൾ യഥാസമയം ബോർഡിലേക്ക് ഓൺലൈനായി അയയ്ക്കുക.

കേരകർഷകർ ചെയ്യേണ്ടത്

- പദ്ധതി നടത്തിപ്പിൽ പൂർണ്ണമായ പങ്കാളിത്തം ഉറപ്പു വരുത്തുക
- സർവ്വേയിൽ കൃത്യമായ വിവരങ്ങൾ നൽകുക.
- ബാങ്ക് അക്കൗണ്ട് ആരംഭിക്കണം.
- രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതും ഉൽപാദനക്ഷമതകുറഞ്ഞതുമായ എല്ലാ തെങ്ങുകളും വെട്ടിമാറ്റപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുക.
- രോഗകീട വ്യാപനം തടയാൻ വെട്ടിമാറ്റപ്പെട്ട തെങ്ങുകളുടെ മണ്ട തീയിട്ടു നശിപ്പിക്കുക.
- ആവശ്യമായ നല്ലയിനം തൈകൾ മാത്രം നടുക. നടാനുപയോഗിക്കുന്ന തൈകളുടെ ഗുണമേന്മ ഉറപ്പു വരുത്തുക.
- ലഭിക്കുന്ന വളങ്ങൾ യഥാസമയം തെങ്ങിനുപയോഗിക്കുക.
- തോട്ടം വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക.

പദ്ധതി പുരോഗതി ഇതുവരെ

പദ്ധതിയുടെ ഒന്നാംഘട്ടം 2009-10ൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, കഴക്കൂട്ടം, വർക്കല എന്നീ മൂന്നു ബ്ലോക്കുകളുടെ(കൃഷി ബ്ലോക്കുകൾ) പരിധിയിൽ വരുന്ന 23 പഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ ഓച്ചിറ; കരുനാഗപ്പള്ളി, ചവറ എന്നീ മൂന്നു ബ്ലോക്കുകളിലെ 13 പഞ്ചായത്തുകളിലും തൃശൂർ ജില്ലയിലെ കൊടകര, ചാലക്കുടി, ഇരിങ്ങാലക്കുട എന്നീ മൂന്നു ബ്ലോക്കുകളുടെ പരിധിയിൽ വരുന്ന 20 പഞ്ചായത്തുകളിലുമാണ് നടപ്പിലാക്കിയത്.

2010-11ലെ പദ്ധതിയുടെ രണ്ടാംഘട്ടം തിരുവനന്തപുരം ജില്ലയിലെ ചെട്ടിവിളാകം, പുളിമാത്ത്, വാമനപുരം, നെടുമങ്ങാട്, കാട്ടാക്കട, പള്ളിച്ചാൽ എന്നീ ആറു ബ്ലോക്കുകളിലെ 43 പഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ കൊല്ലം, ഇരവിപുരം, ചാത്തന്നൂർ, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര എന്നീ ആറ് ബ്ലോക്കുകളിലെ 36 പഞ്ചായത്തുകളിലും തൃശൂർ ജില്ലയിലെ മാള, കൊടുങ്ങല്ലൂർ, മതിലകം, തളിക്കുളം, വെള്ളാങ്കല്ലൂർ, ചേർപ്പ് എന്നീ ആറ് ബ്ലോക്കുകളിലെ 30 പഞ്ചായത്തുകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

വൈകി തുടങ്ങിയതിനാലും ഇതുപോലെ ഒരു ബൃഹത്തായ പദ്ധതിക്കുണ്ടാവുന്ന ആദ്യകാല പ്രശ്നങ്ങളും നിമിത്തം പദ്ധതിയുടെ പൂർണ്ണനേട്ടം ഇതുവരെ കൈവരിക്കാനായില്ല. അതിനാൽ തന്നെ ഒന്നും രണ്ടും ഘട്ടങ്ങളിൽ പദ്ധതിയുടെ പ്രയോജനം ഏതെങ്കിലും തരത്തിൽ ലഭിക്കാതെപോയ കർഷകർക്കുകൂടി രോഗം മൂർച്ഛിച്ചതും പ്രായാധിക്യമുള്ളതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള അവസരം നൽകാവുന്നതാണ്.

2011-12ൽ തുടങ്ങുന്ന മൂന്നാം ഘട്ടത്തിൽ ബാക്കിവരുന്ന തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, ആര്യൻകോട്, നെയ്യാറ്റിൻകര എന്നീ മൂന്നു ബ്ലോക്കുകളിലും (23 പഞ്ചായത്തുകൾ) കൊല്ലം ജില്ലയിലെ പത്തനാപുരം, ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ എന്നീ നാല് ബ്ലോക്കുകളിലും (29 പഞ്ചായത്തുകൾ) തൃശൂർ ജില്ലയിൽ വടക്കാഞ്ചേരി, പഴ്യന്നൂർ, ചാവക്കാട്, ചൊവ്വണ്ണൂർ, മുല്ലശ്ശേരി, അന്തിക്കാട്, പുഴയ്ക്കൽ, ഒല്ലൂക്കര എന്നീ എട്ട് ബ്ലോക്കുകളിലും (55 പഞ്ചായത്തുകൾ) ഉൾപ്പെടെ ആകെ 15 ബ്ലോക്കുകളിലായി 107 പഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ നടപടിയായി ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പഞ്ചായത്ത് തലത്തിലുമുള്ള ശിൽപ്പശാലകൾ കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ യഥാക്രമം ഡിസംബർ 13,19,22 എന്നീ തീയതികളിൽ നടന്നു. അടുത്ത ഘട്ടം പ്രാദേശിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനു വേണ്ടിയുള്ള സർവ്വേയാണ്. ഇതും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ജനുവരി 15 ന് മുൻപ് സർവ്വേ പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സർവ്വേപ്രകാരം 35500 ഹെക്ടറിലാണ് 2009-10ൽ പദ്ധതി നടപ്പിലാക്കിയത്; 2010-11ൽ 60,000 ഹെക്ടറിലും. ഇതുവരെ 7 ലക്ഷത്തിലധികം തെങ്ങുകൾ വെട്ടിമാറ്റിക്കഴിഞ്ഞു. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ തൈകൾ നടുകയും മൊത്തം പ്രദേശവും പുനരുദ്ധാരണത്തിന് വിധേയമാക്കുകയും ചെയ്തു. കേരളത്തിൽ 53 കോടിയിലധികം രൂപ ഇതിനകം വിനിയോഗിച്ചു.

കേരളത്തിലാകമാനം നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതിയായതിനാൽ, ഈ പൈലറ്റു പദ്ധതിയുടെ അവസാനവർഷം 2012-13ൽ തീരുന്നതോടൊപ്പം മറ്റു ജില്ലകളിലേക്കും ഈ പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. ഇതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിൽ ആദ്യ ഘട്ടം രോഗബാധ ഗുരുതരമായുള്ള ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നത്.

ഭേദഗതികളും മെച്ചപ്പെടുത്തലുകളും വേണ്ട മേഖലകളിൽ അവ വരുത്തിക്കൊണ്ട് വേണം പദ്ധതിയുടെ വിപുലീകരണം നടപ്പിലാക്കേണ്ടത്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി വിശദമായ ചർച്ചകൾ നടത്തേണ്ടതുണ്ട്.

എന്തായാലും കേരളത്തിലെ തെങ്ങുകർഷകരുടെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നതിൽ തെങ്ങുപുനരുദ്ധാരണ പദ്ധതിക്ക് പ്രഥമസ്ഥാനമാണുള്ളത്. കർഷക കൂട്ടായ്മയിൽ ഊന്നൽ നൽകി നാളികേര വികസന ബോർഡും സംസ്ഥാന കൃഷിവകുപ്പും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതിവഴി നമ്മുടെ തെങ്ങുകൃഷിയെ പഴയ പ്രതാപത്തിലേക്ക് തിരികെ കൊണ്ടുവരാനാവും എന്നു നമുക്ക് പ്രതീക്ഷിക്കാം.

ഉത്പാദനക്ഷമതയിൽ രണ്ടോ മൂന്നോ മടങ്ങു വളർച്ച നേടി തമിഴ്നാടിനും ലക്ഷദ്വീപിനോടുമെല്ലാം കിടപിടിക്കത്തക്കരീതിയിൽ കേരളം ഉയർന്നു വരണം. ഈ ലക്ഷ്യം ഓരോ കേരകർഷകനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കൃഷി വകുപ്പും പൂർണ്ണമായും ആത്മാർത്ഥതയോടെയും അർപ്പണബോധത്തോടെയും ഏറ്റെടുത്താൽ വിജയം ഉറപ്പ് !

പദ്ധതി നടത്തിപ്പുസംബന്ധിച്ച വിവരങ്ങൾക്ക് ബോർഡിലെ താഴെ പ്പറയുന്ന ഉദ്യോഗസ്ഥരുമായി ബന്ധപ്പെടാവുന്നതാണ്. കൂടാതെ വിശദാംശങ്ങൾ www.coconutboard.gov.in എന്ന ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ്.

തിരുവനന്തപുരം
രാജീവ് പി. ജോർജ്ജ്
ഡെപ്യൂട്ടി ഡയറക്ടർ
ഫോൺ: 9447065237
ഇമെയിൽ: rajeevpgeorge@indiatimes.com

കൊല്ലം
ഡോ. രമണി ഗോപാലകൃഷ്ണൻ
ഡെപ്യൂട്ടി ഡയറക്ടർ
ഫോൺ: 9447096553
ഇമെയിൽ : remanyg@mail.com

തൃശൂർ
ഡോ. ടി.ഐ. മാത്യുക്കുട്ടി
ഡെപ്യൂട്ടി ഡയറക്ടർ
ഫോൺ: 9497758363
ഇമെയിൽ : kuttym2002@yahoo.com ■

ലേഖകൻ നാളികേര വികസന ബോർഡ് ചെയർമാനാണ്.

സൂപ്പി നരിക്കാട്ടേരി

നാദാപുരത്ത് ഗ്രാമസഭാ മെമ്പർമാർക്കുള്ള പരിശീലനത്തിന് തുടക്കമായി

പ്രാദേശിക ഭരണ-വികസന കാര്യങ്ങളിൽ ഇടപെടാൻ വോട്ടർമാരെ പ്രാപ്തരാക്കുക, അതിനുള്ള മനോഭാവവും അവരിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമസഭാംഗങ്ങളായ വോട്ടർമാർക്കുള്ള പരിശീലന പരിപാടിക്ക് നാദാപുരം ഗ്രാമപഞ്ചായത്തിൽ തുടക്കമായി. പഞ്ചായത്തിലെ 19-ാം വാർഡിലാണ് പ്രഥമ ഗ്രാമസഭ നടന്നത്. നാദാപുരം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഗ്രാമസഭ, കഥാകൃത്തും സാഹിത്യകാരനുമായ അക്ബർ കക്കട്ടിൽ ഉദ്ഘാടനം ചെയ്തു. ഒരു ഗ്രാമത്തിലെ വോട്ടർ എന്ന നിലയിൽ വോട്ടുചെയ്ത് വിജയിപ്പിക്കുക എന്നതു മാത്രമല്ല ഒരംഗത്തിന്റെ അവകാശമെന്നും, ഭരണകാര്യങ്ങളിലും യഥാവിധി കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്നും, ജനത്തിന് വേണ്ടിയാണോ ഭരണം നടത്തുന്നത് എന്നും പരിശോധിക്കാനുള്ള അവകാശവും അധികാരവും ഗ്രാമസഭയ്ക്ക് ഉണ്ടെന്നും അക്ബർ കക്കട്ടിൽ പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് 'കില' ഡയറക്ടർ ഡോ. പി.പി. ബാലൻ ഗ്രാമസഭയുടെ കാര്യപരിപാടികളെക്കുറിച്ച് വിശദീകരണം നൽകി. വൈസ് പ്രസിഡന്റ് പി.വി. ജയലക്ഷ്മി ടീച്ചർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ എം.പി. സൂപ്പി, കെ. സുബൈദ ടീച്ചർ, പഞ്ചായത്ത് സെക്രട്ടറി പി. ചന്ദ്രൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

'പഞ്ചായത്ത് ഭരണസംവിധാനവും അധികാര അവകാശങ്ങളും' എന്ന വിഷയത്തെക്കുറിച്ച് എ.കെ. പീതാംബരൻ മാസ്റ്ററും 'ഭരണ സംവിധാനത്തിലെ ഗ്രാമസഭയ്ക്കുള്ള ഇടപെടൽ സാധ്യതകൾ' എന്ന വിഷയത്തെക്കുറിച്ച് ലത്തീഫ് കുമ്മോളിയും ക്ലാസെടുത്തു. തുടർന്ന് ഏഴ് ഗ്രൂപ്പുകളായി തിരിഞ്ഞ് വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് ഒരു മണിക്കൂർ ചർച്ച നടത്തി. ചർച്ചകൾക്ക് തെരഞ്ഞെടുക്കപ്പെട്ട ഫെസിലിറ്റേറ്റർമാർ നേതൃത്വം നൽകി. ഏഴ് ഗ്രൂപ്പിലെയും ലീഡർമാർ അവരവരുടെ ചർച്ചകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സംസാരിച്ചു. ഉച്ച ഭക്ഷണത്തിന് ശേഷം 'പന്ത്രണ്ടാം പദ്ധതി ഗ്രാമസഭയുടെ കാഴ്ചപ്പാടും മുൻഗണനകളും' എന്ന വിഷയം സി.പി. വിജയൻ അവതരിപ്പിച്ചു. വിഷയാവതരണത്തിന് ശേഷം അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് ചർച്ച നടത്തുകയും അവയുടെ ക്രോഡീകരണം നടത്തുകയും ചെയ്തു. വാർഡ് മെമ്പർ സി.കെ. നാസറിന്റെ സ്വാഗതപ്രസംഗത്തോടുകൂടി തുടങ്ങിയ ഗ്രാമസഭ മുഴുവൻ ആളുകളുടെയും ഒന്നിച്ചുള്ള പ്രതിജ്ഞയോടുകൂടി സമാപിച്ചു.

ഈ ഗ്രാമസഭയിൽ 512 അംഗങ്ങൾ പങ്കാളികളായി. പങ്കാളിത്തവും സംഘാടനവും മികവുറ്റതാക്കി തുടർന്ന് നടത്തുന്ന ഗ്രാമസഭകളെ ഗ്രാമീണ ഉത്സവങ്ങളാക്കി മാറ്റാനുള്ള തിടുക്കത്തിലാണ് സംഘാടകർ. ■

നാദാപുരം ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭാ പരിശീലന പരിപാടിയിൽ പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. കഥാകൃത്തും സാഹിത്യകാരനുമായ അക്ബർ കക്കട്ടിൽ, 'കില' ഡയറക്ടർ ഡോ: പി.പി. ബാലൻ തുടങ്ങിയവർ വേദിയിൽ.

മുകുന്ദൻ മഠത്തിൽ

മണ്ണിനെ മറന്ന മലയാളി ഉപഭോക്തൃ സംസ്കാരത്തിന്റെ ഇരകളായ കേരളീയർ എവിടെ തുടങ്ങണം?

ജയ് കിസാൻ കർഷക സംസ്കൃതി

നമ്മെ നാമാക്കി മാറ്റുന്നതിൽ കാർഷിക സംസ്കൃതിക്കുള്ള പങ്കിന് ചരിത്രം സാക്ഷിയാണ്. ഇത്തരമൊരു പൈതൃകാവബോധംപോലും പാടെ ഇല്ലാതാകും വിധമാണ് നമ്മുടെ കാർഷികലോകം മുമ്പോട്ടു പോകുന്നത്. ഒപ്പം ആഗോളതാപവ്യതിയാനവും അതിന്റെ ഫലമായുള്ള കാലാവസ്ഥാ വ്യതിയാനവും ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല ലോകത്തിന്റെ നിലനില്പിന് തന്നെ കാലാവധി നിശ്ചയിക്കേണ്ട ഗുരുതരാവസ്ഥയും സംജാതമായിരിക്കുന്നു. കേരളത്തിലാണെങ്കിൽ നേരത്തെ തന്നെ ഭക്ഷ്യവിളകളുടെ ഉല്പാദന മുരടിപ്പും വില തകർച്ചയും കൊണ്ട് കർഷകർ കടക്കെണിയിലും ആത്മഹത്യാമുനമ്പിലുമായി. അടിമുടി ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്ന് വിശേഷിപ്പിക്കാൻവണ്ണം ഉപ്പുതൊട്ട് കർപ്പൂരം വരെ മറുനാടുകളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ് നാം. കൃഷിഭൂമി കൃഷിക്കാരനാണെന്ന പഴയ മുദ്രാവാക്യമല്ല ഇന്ന് മുഴങ്ങി കേൾക്കുന്നത്. മറിച്ച് കൃഷിഭൂമി ഭൂമാഫിയകൾക്കും കോൺക്രീറ്റ് കാടുകൾക്കും എന്നാണ്. എല്ലാംകൊണ്ടും നമ്മുടെ കേരളം ആസന്ന ഭാവിയിൽതന്നെ പ്രകൃതിയിൽ നിന്നും എല്ലാവിധ ചൂഷകരിൽനിന്നും തിരിച്ചടിയേറ്റ്, വലിയ തോതിലുള്ള പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടിവരും.

ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു അഥവാ ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നാണ് ഗാന്ധിജിയെപ്പോലുള്ളവർ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നത്, കാർഷിക പിൻബലം കൊണ്ട് സമ്പൽ സമൃദ്ധമായ ഗതകാല കേരളത്തെ ഇന്നത്തെ തലമുറ മറന്നുകൊണ്ടിരിക്കുന്നു. മണ്ണിനെ മറന്ന മലയാളി, ഉപഭോക്തൃ സംസ്കാരത്തിന്റെ ഇരകളായ കേരളീയൻ - ഈ ദൂഷിത വലയത്തിലാണ് നാം ജീവിക്കുന്നത്.

ഈയൊരു തിരിച്ചറിവിൽ നിന്നാണ് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് "അഗ്രിക്കൾച്ചറൽ ഗാർഡൻ" എന്ന ഒരു ശ്രദ്ധേയ പദ്ധതിക്ക് രൂപം നൽകിയത്. അഞ്ചു വർഷം കൊണ്ട് ബ്ലോക്ക് പരിധിയിലെ ഏഴ് പഞ്ചായത്തുകളെ കാർഷിക വിളവുകളിലൂടെ തരിശു രഹിത മണ്ണാക്കി മാറ്റുക, ഭക്ഷ്യസുരക്ഷ നേടുക, മായം കലരാത്ത ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഇത്രയും വിപുലവും ശ്രമകരവും അതേസമയം പരമപ്രധാനവുമായ ലക്ഷ്യം സാക്ഷാൽക്കരിക്കണമെങ്കിൽ ഇന്നത്തെ നമ്മുടെ മനോഭാവത്തിലും ബോധനിലവാരത്തിലും കാര്യമായ മാറ്റം വന്നേ മതിയാവൂ. ഇവിടെയാണ് ''ജയ് കിസാൻ കർഷക സംസ്കൃതി'' എന്ന പദ്ധതിയുടെ പ്രസക്തി. മണ്ണ് പാകപ്പെടുത്തി വിത്തിറക്കും മുമ്പ് മനുഷ്യമനസ്സിനെ ആദ്യം പാകപ്പെടുത്തണം എന്ന മൗലിക കാഴ്ചപ്പാടാണ് ജയ് കിസാൻ കർഷക സംസ്കൃതിയുടെ സൈദ്ധാന്തിക വശം. ഇതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം കലയുടെയും സംസ്കാരത്തിന്റെയും സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി, ജനങ്ങളെ മാനസികമായി സജ്ജമാക്കുകയാണ് എന്നതാണ്.

ജയ് കിസാൻ കർഷക സംസ്കൃതിയുടെ സമാപന സമ്മേളനം കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

അഞ്ചുവർഷം കൊണ്ട് ബ്ലോക്ക് പരിധിയിലെ ഏഴ് പഞ്ചായത്തുകളെ കാർഷിക വിളവുകളിലൂടെ തരിശു രഹിത മണ്ണാക്കി മാറ്റുക, ഭക്ഷ്യസുരക്ഷ നേടുക, മായം കലരാത്ത ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഇത്രയും വിപുലവും ശ്രമകരവും അതേസമയം പരമപ്രധാനവുമായ ലക്ഷ്യം സാക്ഷാൽക്കരിക്കണമെങ്കിൽ ഇന്നത്തെ നമ്മുടെ മനോഭാവത്തിലും ബോധനിലവാരത്തിലും കാര്യമായ മാറ്റം വന്നേ മതിയാവൂ. ഇവിടെയാണ് "ജയ് കിസാൻ കർഷക സംസ്കൃതി" എന്ന പദ്ധതിയുടെ പ്രസക്തി.

2011-12 വർഷത്തെ പദ്ധതി പ്രകാരം നിർവ്വഹണം നടത്തുന്ന "ജയ് കിസാൻ കർഷക സംസ്കൃതി''ക്ക് ബ്ലോക്ക് തനത് ഫണ്ടിൽ നിന്ന് വെറും 50000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ നിർവഹണം കഴിയുമ്പോൾ അതിന്റെ അടങ്കൽ ഏതാണ്ട് 5 ലക്ഷം രൂപവരെ എത്തുമെന്ന് കണക്കാക്കുന്നു. മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി ആശങ്കയോടെ ഒരിക്കൽ പറഞ്ഞു. ഒരു രൂപ വികസനത്തിനായി മുടക്കുമ്പോൾ, അതിൽ 75 പൈസയും ഇടത്തട്ടുകാരും മറ്റും കൊണ്ടുപോയി പാഴാക്കുന്നു. അതേസമയം വിപുലമായ ജനപങ്കാളിത്തത്തോടെ, ഒരു ജനകീയോത്സവമാക്കി മാറ്റിയ "ജയ് കിസാൻ കർഷക സംസ്കൃതി" ഈ ഒറ്റ കാരണം കൊണ്ടു തന്നെ വേറിട്ടൊരു മാതൃക സൃഷ്ടിച്ചു എന്നു പറയാം . കഴിഞ്ഞ ഇന്ത്യ-പാക്ക് യുദ്ധകാലത്ത് അന്നത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി ഭാരതം നേരിടുന്ന അടിയന്തര വെല്ലുവിളിയെ അതിജീവിക്കാൻ "ജയ് ജവാൻ ജയ് കിസാൻ" എന്ന് ആഹ്വാനം ചെയ്തു. സമാനമായ ഇന്നത്തെ സാഹചര്യത്തിലും നാം ഉയർത്തിപ്പിടിക്കേണ്ടത് "ജയ് കിസാൻ" എന്നു തന്നെയാണ്. അതാണ് അതിന്റെ ഉദ്ദേശവും.

2011 മെയ് മാസത്തോടെ ''ജയ് കിസാൻ കർഷക സംസ്കൃതി" പദ്ധതി നിർവ്വഹണത്തിനുള്ള അണിയറ പ്രവർത്തനം തുടങ്ങി. കണ്ണൂർ ജില്ലയിലെ അറിയപ്പെടുന്ന കഴിവുറ്റ എഴുത്തുകാരുടെയും കലാകാരന്മാരുടെയും ശില്പശാല സംഘടിപ്പിച്ചു. നിർദ്ദിഷ്ട പദ്ധതിയുടെ ഉള്ളടക്കത്തിന് അനുയോജ്യമായ കലാരൂപങ്ങൾ, അതിനാവശ്യമായ സ്ക്രിപ്റ്റുകൾ രൂപപ്പെടുത്തി. അന്തിമ പരിശോധനയ്ക്കുശേഷം ടി. പവിത്രന്റെ പൂവമ്പഴം എന്ന കാർഷിക നാടകം, മുരളി കാടാച്ചിറ രചിച്ച 'ഹരിതഭരിതമാക്കി മണ്ണിനെ' എന്ന സംഗീതശില്പം, ടി.കെ.ഡി മുഴപ്പിലങ്ങാട് ചിട്ടപ്പെടുത്തിയ കോതാമൂരി, ചെങ്ങൻ പ്രകാശൻ രൂപകല്പന ചെയ്ത 'കുത്തു', മുകുന്ദൻ മഠത്തിൽ രചിച്ച 'പിറന്നതും നാമീ മണ്ണിൽ, വളർന്നതും നാമീ മണ്ണിൽ......' എന്നു തുടങ്ങുന്ന ജനകീയ ഗാനം, രഞ്ജിത്ത് കാരായി തയ്യാറാക്കിയ നാടൻ പാട്ട് എന്നിവ കൊയ്ത്തുത്സവം- ഗ്രാമോത്സവം എന്ന പേരിൽ കാർഷിക കലാ-സാംസ്കാരിക പരിപാടി അവതരിപ്പിച്ചു.

അഞ്ചരക്കണ്ടി പഞ്ചായത്തിലെ കാവിന്മൂല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ മൈതാനത്തിൽ മൂവായിരത്തോളം കാണികളെ സാക്ഷി നിർത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ബേബി സരോജ "ജയ് കിസാൻ കർഷക സംസ്കൃതി'' കൊയ്ത്തുത്സവം ഗ്രാമോത്സവം പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കല്ലാട്ട് ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ നിരവധി പ്രമുഖർ പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്ത് അഗ്രിക്കൾച്ചർ ഗാർഡൻ പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ കൃഷിയിറക്കിയ ഏക്കർ കണക്കിന് നെല്ല്, മഞ്ഞൾ വയലേലകൾ വിളഞ്ഞ് സ്വർണ്ണനിറമായ സന്ദർഭത്തിലാണ് കൊയ്ത്തുത്സവം ഗ്രാമോത്സവം പരിപാടി ജനമദ്ധ്യത്തിലെ

ത്തുന്നതും. എല്ലാ അർത്ഥത്തിലും പോയ നല്ലകാല കാർഷിക നാടിന്റെ സ്മരണകളുണർത്തുന്ന ഈ കൊയ്ത്തുത്സവം, അതുകൊണ്ടുതന്നെ ഒരു ഗ്രാമോത്സവത്തിന്റ പ്രതീതിയും സൃഷ്ടിച്ചു. ഉദ്ഘാടന വേദിതന്നെ കാർഷിക വിളകളും ഉപകരണങ്ങളും കൊണ്ട് അലങ്കരിച്ചത് എല്ലാവരിലും കൗതുകമുണർത്തി. മത്സര വിജയികൾക്കുള്ള സമ്മാനം പോലും വിത്തും കൈക്കോട്ടും കൊടുവാളുമായിരുന്നു എന്നതും ശ്രദ്ധേയമായ ഒരനുഭവമായി.

അഞ്ചരക്കണ്ടിക്കുശേഷം വേങ്ങാട്, പിണറായി, ധർമ്മടം, മുഴപ്പിലങ്ങാട്, ന്യൂമാഹി സ്വീകരണ കേന്ദ്രങ്ങളിലും നൂറുകണക്കിന് ജനങ്ങളുടെ പങ്കാളിത്തംകൊണ്ട് എങ്ങും ഗ്രാമോത്സവമായി മാറി. ഒടുവിൽ സെപ്തംബർ 30ന് എരഞ്ഞോളി വടക്കുമ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഈ പരിപാടിയുടെ ബ്ലോക്കുതല സമാപന സമ്മേളനത്തിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ പങ്കെടുത്തപ്പോൾ നാലായിരത്തോളം വരുന്ന ഒരു ജനപ്രവാഹമായി മാറിയ കണ്ണോത്ത്വയൽ നയനം കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ബ്ലോക്ക് പഞ്ചായത്ത് നെൽവയലിലേക്ക് ഘോഷയാത്രയായി നീങ്ങി. പ്രതീകാത്മകമായ കൊയ്ത്തുത്സവത്തിനുശേഷം സമാപന വേദിയിലെത്തിയ മുല്ലപ്പള്ളി രാമചന്ദ്രൻ "ജയ് കിസാൻ കർഷക സംസ്കൃതി" യെ ഹൃദയം തുറന്ന് അഭിനന്ദിച്ചു. ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ, സ്ക്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെ തിങ്ങിനിറഞ്ഞ സദസ്സിന് മുമ്പിൽ കൊയ്ത്തുത്സവം ഗ്രാമോത്സവം പരിപാടി അവതരിപ്പിച്ചു.

ഇതുപോലൊരു അർത്ഥവത്തായ പരിപാടി, എല്ലാവിഭാഗം ജനങ്ങളെയും ഒരുപോലെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന പരിപാടി, ഒരു മഹത്തായ ലക്ഷ്യം മുന്നിൽ കണ്ട് ചിട്ടപ്പെടുത്തിയ പരിപൂർണ്ണ കാർഷിക പരിപാടി, നമ്മുടെ ജീവിതത്തിൽ കണ്ടിട്ടില്ലെന്ന് എല്ലാവരും പറഞ്ഞു. വീണ്ടും വീണ്ടും കാണാനുള്ള ആവേശം അവരിൽ കാണാൻ കഴിഞ്ഞു. നിരവധി കേന്ദ്രങ്ങളിൽ അവതരിപ്പിക്കാനുള്ള ക്ഷണങ്ങൾ വന്നുകൊണ്ടിരുന്നു. തീർച്ചയായും തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത ലക്ഷ്യം "ജയ് കിസാൻ കർഷക സംസ്കൃതി" യിലൂടെ നേടിയെടുക്കാൻ സാധിച്ചെന്ന് ഇതെല്ലാം ബോധ്യപ്പെടുത്തി. ഇത് കാർഷിക രംഗത്തെ പുതിയ വെല്ലുവിളി നേരിടാനുള്ള ഊർജ്ജവും കരുത്തുമായി ഈ മണ്ണിൽ പ്രതിഫലിക്കാതിരിക്കില്ല. ■

ലേഖകൻ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അട്ടപ്പാടി ബ്ലോക്ക്

ചെല്ലന് പറയാനുള്ളത് മറ്റൊന്ന്...

പി.വി. രാധാകൃഷ്ണൻ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കാർഷിക മേഖലയിലേക്ക് തിരിച്ചുവന്ന അട്ടപ്പാടി ബ്ലോക്കിലെ പുതൂർ ഊരിൽ താമസിക്കുന്ന ആദിവാസിയായ ചെല്ലന് പറയാനുള്ളത് മറ്റൊന്ന്. വർഷങ്ങളായി തരിശ്ശായി കിടന്നിരുന്ന ചെല്ലന്റെ 90 സെന്റോളം സ്ഥലം കഴിഞ്ഞ വർഷമാണ് പുതൂർ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ കാട് വെട്ടി വൃത്തിയാക്കി. ഭൂമി തട്ട് തിരിച്ച്, നിരപ്പാക്കി, കയ്യാലകൾ കെട്ടി, കൃഷിയോഗ്യമാക്കി നൽകിയത്. ചെല്ലനും ഭാര്യയ്ക്കും സ്വന്തം സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലും ലഭിച്ചു. ഭൂമി നിരപ്പാക്കിയതോടു കൂടി മഴവെള്ളം പൂർണ്ണമായും ഭൂമിയിലാഴ്ന്നിറങ്ങുകയും മാസങ്ങളോളം ഈർപ്പം നിലനില്ക്കുകയും ചെയ്യുമെന്നായപ്പോൾ ചെല്ലന് കൃഷിയിറക്കുവാൻ പ്രചോദനമായി.

എന്നാൽ കൃഷിയിറക്കുവാനുള്ള വിത്തുകളും ഉഴവു കാളകളും മറ്റും ഇല്ലാത്തത് ചെല്ലന് മുന്നിൽ ഒരു പ്രശ്നമായെങ്കിലും കൃഷി ചെയ്യാൻ തന്നെ ചെല്ലൻ തീരുമാനിച്ചു. ഒടുവിൽ ചെല്ലൻ ഇതിനായി ഒരു വഴിയും കണ്ടെത്തി. ഭാര്യ രാമിയുടെയും മകൾ സരോജിനിയുടെയും മൂക്കുത്തി, കമ്മൽ, ഒരു ചെയിൻ എന്നിവ പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ അഗളി ശാഖയിൽ 6800/- രൂപയ്ക്ക് പണയം വച്ചു. പരുത്തി വിത്ത്, ഉഴവു കൂലി തുടങ്ങിയ പ്രാഥമിക ആവശ്യങ്ങൾക്ക് ഈ തുക സഹായമായി.

കഴിഞ്ഞ 5 മാസമായി ചെല്ലനും ഭാര്യയും തങ്ങളുടെ കൃഷിയിടത്ത് രാപ്പകൽ അദ്ധ്വാനിക്കുന്നു. വിളവെടുപ്പിന് ഇനി 3 മാസം കൂടി കാത്തിരിക്കണമെന്ന് ചെല്ലൻ പറയുന്നു. ബാങ്കിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാനും കുടുംബത്തിന്റെ ചെലവിനുള്ള തുകയും ആദായമായി ലഭിക്കുമെന്നുമുള്ള പ്രതീക്ഷയിലാണ് ചെല്ലൻ.

കഴിഞ്ഞ 5 മാസമായി ചെല്ലനും ഭാര്യയും തങ്ങളുടെ കൃഷിയിടത്ത് രാപ്പകൽ അദ്ധ്വാനിക്കുന്നു. വിളവെടുപ്പിന് ഇനി 3 മാസം കൂടി കാത്തിരിക്കണമെന്ന് ചെല്ലൻ പറയുന്നു. ബാങ്കിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാനും കുടുംബത്തിന്റെ ചെലവിനുള്ള തുകയും ആദായമായി ലഭിക്കുമെന്നുമുള്ള പ്രതീക്ഷയിലാണ് ചെല്ലൻ.

എന്നാൽ ഇപ്പോൾ ചെല്ലനെ അലട്ടുന്ന പ്രശ്നം വന്യമൃഗങ്ങളുടെ ശല്യമാണ്. ഇത് തടയുന്നതിന് മെക്കർ ലഭ്യമാക്കണമെന്നതാണ് ചെല്ലന്റെ പ്രധാന ആവശ്യം. തുടർന്ന് കൃഷി ചെയ്യുന്നതിന് ഉഴവുകാളകളെയും നല്ലയിനം വിത്തുകളും ജൈവവളവും സർക്കാരിൽ നിന്നും ലഭിക്കുകയാണെങ്കിൽ കൃഷി ആദായകരമാകുമെന്നും ചെല്ലൻ പറയുന്നു.

ചെല്ലന്റെ ഭൂമിയുടെ ചുറ്റിലുമായി പുതൂർ ഊരിലെ തന്നെ 27 പേരുടെ 75 ഏക്കർ ഭൂമി തരിശ്ശായി കിടക്കുന്നുണ്ട്. ഇത് തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിയോഗ്യമാക്കി കൃഷി ചെയ്യുവാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്താൽ അവരും കൃഷി ചെയ്തു തുടങ്ങുമെന്നാണ് ചെല്ലന്റെ അഭിപ്രായം. ■

ലേഖകൻ എം.ജി.എൻ.ആർ. ഇ.ജി.എസ്. അട്ടപ്പാടി ബ്ലോക്ക് പ്രോഗ്രാം ഓഫീസറാണ്

വീണാറാണി ആർ

കിനാനൂർ–കരിന്തളം
തേനൊഴുകും ഗ്രാമം

കിനാനൂർ-കരിന്തളം പഞ്ചായത്തിന് അഭിമാനിക്കാം. കാസറഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ തേൻ ഉല്പാദിപ്പിക്കുന്ന ഗ്രാമമെന്ന ബഹുമതി ഇനി കിനാനൂർ-കരിന്തളത്തിന് സ്വന്തം. അമ്പത് വനിതാ ഗ്രൂപ്പുകളിലെ ആയിരം വനിതകളെ സംഘടിപ്പിച്ച് തേനീച്ച വളർത്തലിൽ പരിശീലനം നൽകികൊണ്ടായിരുന്നു ഈ മലയോരഗ്രാമം അരങ്ങേറ്റം കുറിച്ചത്. കാസറഗോഡ് റൂറൽ ഡവലപ്മെന്റ് സൊസൈറ്റി മുഖാന്തരം പരിശീലനം നൽകി. ക്ലാസ് റൂമിൽ ഇരുന്ന് ഉറക്കം തൂങ്ങുന്ന പരിശീലനത്തിൽ നിന്നും ഭിന്നമായി സ്വന്തമായൊരു തൊഴിൽ തുടങ്ങുക എന്ന ഉദ്ദേശത്തോടെ തേനീച്ച തോട്ടത്തിൽ തന്നെയായിരുന്നു പരിശീലനം. കുടുംബശ്രീ ഗ്രൂപ്പുകളെയും കാർഷികരംഗത്തെ വനിതാ ഗ്രൂപ്പുകളെയും ഉൾപ്പെടുത്തി തുടങ്ങിയ കൂട്ടായ്മയുടെ നേതൃത്വം ഏറ്റെടുത്തത് അന്ന് സിഡിഎസ് ചെയർപേഴ്സണായിരുന്ന ജാസ്മിൻ ആയിരുന്നു. തേനീച്ച കുടുംബത്തിലെ റാണിയെപ്പോലെ കേരളത്തിലെ ഏറ്റവും കൂടുതൽ ആൾക്കാരെ സംരംഭകരാക്കിയതിനുള്ള ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡും ജാസ്മിനെ തേടിയെത്തി.

കാലം മാറി വന്നു. ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും പല തേനീച്ച കോളനികളെയും പ്രതികൂലമായി ബാധിച്ചു. ഉൽപാദനം കുറയുന്ന ഘട്ടത്തിൽ തേനീച്ച കർഷകർക്ക് കൈത്താങ്ങാകാൻ കെ. ലക്ഷ്മണൻ നയിക്കുന്ന കിനാനൂർ-കരിന്തളം പഞ്ചായത്ത് ഭരണസമിതിയും കൃഷിഭവനും ഒത്തൊരുമിച്ചെത്തി. ജനകീയാസൂത്രണ പദ്ധതി പ്രകാരം തുടർ പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഹോർട്ടികോർപ്പിന്റെ സഹകരണത്തോടെ പ്രാദേശികതലത്തിലുള്ള പരിശീലനങ്ങൾ വേറെയും. മാസംതോറും സംഘടിപ്പിച്ച പരിശീലനങ്ങൾ വളരെ വേഗം ഫലം കണ്ടു. തേനീച്ച വളർത്തലിലേക്ക് കർഷകരെ തിരിച്ചുകൊണ്ടുവരാൻ സാധിച്ചത് വൻ നേട്ടമായി.

ഇന്ത്യൻ തേനീച്ച അഥവാ എപിസ്മെല്ലിഫെറ ഇനത്തിൽ പെട്ട തേനീച്ചകോളനിയും പെട്ടിയുമാണ് സാമ്പത്തിക സഹായത്തോടെ കർഷകർക്ക് വിതരണം ചെയ്തത്. ഒഴിഞ്ഞ തേനീച്ച പെട്ടിയുള്ള കർഷകർക്ക് കോളനി വിതരണം ചെയ്തതും അനുഗ്രഹമായി. പഞ്ചായത്ത് പ്ലാൻ ഫണ്ടും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഫണ്ടും ഇതിനായി വിനിയോഗിച്ചു.

പ്ലാന്റേഷൻ വിളകൾക്കിടയിൽ തേനീച്ച പെട്ടികൾ നിറഞ്ഞു. പരാഗണത്തിലൂടെയുള്ള ഉൽപ്പാദന വർധനവാണ് തേനീച്ച കൃഷിയിൽ കർഷകർ തിരിച്ചറിയപ്പെടാത്ത നേട്ടമായത്. 5000 ഹെക്ടർ സ്ഥലത്ത് വൃക്ഷവിളകൾ കൃഷിചെയ്യുന്ന പഞ്ചായത്ത് തേനൊഴുകും ഗ്രാമമായതിനു പിന്നിലെ രഹസ്യവും മറ്റൊന്നല്ല. റബ്ബറിന്റെ തളിരിലകളും കശുമാവുകളും തെങ്ങിൻ പൂമ്പൊടികളും തേനീച്ച കർഷകർക്ക് അനുഗ്രഹവുമായി വീണ്ടുമെത്തി. വർഷം 15 ക്വിന്റലിലധികം തേൻ ഉൽപാദിപ്പിക്കുന്ന കൂവാറ്റിയിലെ യുവ കർഷകനായ സന്തോഷിനെ കർഷകദിനത്തിൽ ആദരിച്ചുകൊണ്ട് തേനീച്ച കർഷകരുടെ ആത്മവിശ്വാസം വർധിപ്പിക്കാൻ സാധിച്ചതും നേട്ടമായി.

ഡിസംബർ മുതൽ മെയ്വരെ കിനാനൂർ-കരിന്തളത്ത് തേൻ വിളവെടുപ്പ് കാലമാണ്. കിലോഗ്രാമിന് 170 രൂപ വരെയാണ് തേനിന്റെ ഇന്നത്തെ വിപണി വില. കൃഷിഭവനിൽ തേനീച്ച പെട്ടി സ്ഥാപിച്ചതു മുതൽ ഇന്ദ്രപ്രസ്ഥത്തിൽ നിന്നുവരെ കിനാനൂർ-കരിന്തളത്തെ ശുദ്ധ തേനിന് ആവശ്യക്കാരെത്തുന്നുവെന്നത് വിജയകഥയുടെ മറ്റൊരു ചിത്രം. അല്ലെങ്കിലും തളർന്നുറങ്ങുന്ന ബീഡി വ്യവസായത്തെ ആശ്രയിച്ച് ജീവിച്ചിരുന്ന ഒരു പറ്റം മനുഷ്യർക്ക് സ്വന്തമായി ഒരു വരുമാനമാർഗ്ഗം തുടങ്ങാൻ സാധിച്ചെങ്കിൽ അതുതന്നെയല്ലെ മധുരവിജയം.■

ലേഖിക കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസറാണ്.



കവിത

ഭാനുമതി മേനോൻ

നന്ദിപൂർവ്വം

നീളവേ നീലാകാശപ്പൊയ്കയിലുലാവുന്ന
നീരജാക്ഷിമാർ താരഹംസങ്ങൾ ചോദിക്കുന്നു
സൗമിനീ വരുന്നോ നീ ഞങ്ങളോടൊപ്പം ചേർന്നാൽ
സൗകുമാര്യങ്ങളേറ്റിസ്സുന്ദരിയാക്കിത്തരാം.
ആകാശച്ചെപ്പിനുള്ളിൽ സൂക്ഷിച്ച കരിമഷി
ആദരാൽ കടമിഴിക്കോൺകളിലെഴുതിക്കാം
നെറ്റിയിൽ തിലകമായ് ചാർത്തുവാൻ തിങ്കൾച്ചെപ്പിൽ
പറ്റിയ നിറമുള്ള സിന്ദൂരമെടുത്തോളാം
കാർകൂന്തൽ കെട്ടിന്നഴകേറ്റീടാനെന്നുമെന്നും
കോർത്ത മുല്ലപ്പൂപോലെച്ചേർന്നുനിന്നീടാം ഞങ്ങൾ
മാനത്തമ്പിളിത്തോണിയേറിയൂരാകെക്കാണ്മാൻ
ആനന്ദപൂർവ്വം നമുക്കാലോലമാടിപ്പോകാം
സുന്ദരീ! ദാഹം തീർക്കാൻ പാൽനിലാവൂറ്റിത്തരാം
ചന്തത്തിൽ ദേവാംഗനരംഭയെത്തോൽപ്പിച്ചീടാം
എന്തു ഞാൻ മറുപടിയേകേണ്ടു അവരെന്നെ-
സ്വന്തമേക്ഷണിച്ചതുള്ളെങ്ങിനെ പോയീടും ഞാൻ?
വീണ്ടും പൂത്താലമേന്തിക്ഷണിപ്പൂ താരകങ്ങൾ
ആധിവ്യാധികളേൽക്കാനാട്ടിലേക്കോടിപ്പോരൂ...
അകലേയനന്തമാം നീലാകാശത്തു ചെന്നാൽ
അതിസുന്ദരിയായിച്ചമയാമെന്നല്ലാതെ-
തിരികെപ്പോരാനവരേകുമോ അനുവാദം
അഥവാ തന്നാലിങ്ങു തുടരാനായീടുമോ...?
അതുമാത്രമോ സർവ്വജീവാത്മാ പ്രണയത്തിൻ
സുധയുണ്ടകറ്റിയ നാളുകൾ മറക്കാമോ
സർവ്വദുഃഖവും സുഖപ്രദമായ് മാറ്റും ഭൂവാം
സർവ്വാർത്ഥ സാധികയെ നിന്നിച്ഛങ്ങകലാമോ?
ആകാംക്ഷാപൂർവ്വം കൈകൾ നീട്ടുമാ നക്ഷത്രങ്ങൾ-
ക്കാലോചനാമൃതമാമുത്തരം കൊടുത്തു ഞാൻ
കേവലം ബാഹ്യമോടികൂട്ടീടാമെന്നല്ലാതെ
ആത്മാവിലാനന്ദത്തെ നിറയ്ക്കാൻ നിങ്ങൾക്കാമോ?
സ്വന്തമായ് യത്നിച്ചു ഞാനാസുഖം വരിച്ചോളാം
ചഞ്ചലാക്ഷിമാരേ ഞാനിവിടെത്തുടർന്നോളാം
പൊന്നുസോദരിമാരേ അനന്താകാശത്തേക്കാൾ
സുന്ദരരമ്യഹർമ്യ മീ ഭൂമിയറിഞ്ഞാലും!
എങ്കിലും നിങ്ങളെന്നെയാദരാൽ ക്ഷണിച്ചല്ലോ
നന്ദിപൂർവ്വം ഞാൻ ചൊല്ലുന്നിങ്ങോട്ടു പോരൂ നിങ്ങൾ.■

വാർത്തകളും വിശേഷങ്ങളും

ഇ.എം.എസ് ഭവനപദ്ധതി: വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നതിനും പലിശ ഒടുക്കുന്നതിനും പുതിയ സംവിധാനം

ഇ.എം.എസ് ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നതിനും പലിശ ഒടുക്കുന്നതിനും താഴെപ്പറയുന്ന പ്രകാരം പുതിയ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

1. മുതൽ തുക വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത് നൽകേണ്ടതില്ല. പകരം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെ ഓരോ വർഷവും ഒക്ടോബർ 31-നകം നേരിട്ട് ബന്ധപ്പെട്ട ബാങ്കിന് നൽകണം. നാളിതുവരെ മുതലിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക ഡിസംബർ മാസം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിച്ചിട്ടുള്ള വികസന ഫണ്ടിൽ നിന്നും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
2. ഓരോ പാദത്തിലും നൽകേണ്ട പലിശ എത്രയെന്ന് കണക്കാക്കി അത് ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും മാറി ബാങ്കുകൾക്ക് അനുവദിച്ച് നൽകാൻ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു.

തദ്ദേശഭരണ സ്ഥാപനം	**ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ**
ഗ്രാമപഞ്ചായത്തുകൾ	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ബ്ലോക്ക് പഞ്ചായത്തുകൾ	അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും	നഗരകാര്യ ഡയറക്ടർ
ജില്ലാപഞ്ചായത്തുകൾ	ഗ്രാമവികസന കമ്മീഷണർ

ഓരോ പാദവർഷ അവസാനത്തിന് മുൻപും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ നിന്നും അതാതു പാദവർഷത്തേക്ക് അടയ്ക്കാനുള്ള പലിശയുടെ ഡിമാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങേണ്ടതും അതിന്റെ കൃത്യത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ രേഖയുമായി ഒത്തുനോക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയശേഷം പ്രസ്തുത തുക ട്രഷറിയിൽ നിന്നും പിൻവലിച്ചു നൽകുന്നതിന് മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആവശ്യപ്പെടേണ്ടതും അപ്രകാരം ലഭിക്കുന്ന തുക ധനകാര്യ സ്ഥാപനത്തിന് നിശ്ചിത തീയതിക്കകം അടയ്ക്കേണ്ടതുമാണ്. പിഴപ്പലിശ നൽകേണ്ടിവരുന്ന സാഹചര്യം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. പിഴപ്പലിശ നൽകേണ്ടി വന്നാൽ അത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. (സ.ഉ(എം.എസ്) നം. 306/2011/തസ്വഭവ. തീയതി: 07-12-2011).

2010 – 11ലെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിന് കമ്മിറ്റി

2010-11 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ചെയർമാൻ), ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ (ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ്), ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ (കൺവീനർ) എന്നിവർ എക്സ് ഒഫിഷ്യോ അംഗങ്ങളായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. (സ.ഉ.(സാധാ) നം.3004/2011/തസ്വഭവ, തീയതി 17-12-2011)

ആനുവൽ മെയിന്റനൻസ് കരാറിലേർപ്പെടണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് 24-6-2011 ലെ സ.ഉ.(സാധാ) നം. 1509/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന സ്ഥാപനങ്ങളുമായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും കോൺട്രാക്ട് ഒപ്പിടേണ്ടതാണെന്നും ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ ഇത് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. (29-12-2011 ലെ 52507/ഐബി 1/2011/തസ്വഭവ നമ്പർ സർക്കുലർ)

ഖരമാലിന്യസംസ്കരണം – സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർധിപ്പിച്ചു

ഖരമാലിന്യ സംസ്കരണം (വെർമി കമ്പോസ്റ്റ്/കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റ് മുതലായവ) നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള ധനസഹായം പരമാവധി 5000/- രൂപയോ 75 ശതമാനമോ ഇതിലേതാണു കുറവ് അത് വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ശുചിത്വമിഷൻ നിശ്ചയിക്കുന്ന നിരക്കിനെ അടിസ്ഥാനമാക്കിയാണ് സഹായം നൽകുന്നത്. (സ.ഉ.(എം.എസ്) നമ്പർ 318/2011/തസ്വഭവ, തീയതി 20-12-2011).

ഇന്ദിരാ ആവാസ് യോജന – ധനസഹായം വർധിപ്പിച്ചു

ഇന്ദിരാ ആവാസ് യോജനയുടെ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണ ധനസഹായം യഥാക്രമം 2 ലക്ഷം രൂപയും 2.5 ലക്ഷം രൂപയുമായി വർധിപ്പിച്ച് ഉത്തരവായി. 15-9-2011 മുതൽ ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കും. ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വഹിക്കേണ്ടതാണ്. (സ.ഉ.(കൈ) നം. 2/2012/തസ്വഭവ, തീയതി 2-1-2012).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.

ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033